പഞ്ചായത്ത് രാജ്

പുസ്തകം 55 ◆ ലക്കം 7 പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം ഒക്ടോബർ 2015

തദ്ദേശഭരണ തെരഞ്ഞെടുപ്പ്
നവംബർ 2നും 5നും

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

പഞ്ചായത്ത് രാജ്
ഒക്ടോബർ 2015

ഉള്ളടക്കം

5 **എഡിറ്ററുടെ പേജ്**

6 **മനുഷ്യാവകാശവും കുട്ടികളും**
ഡോ. എം.കെ. മുനീർ

8 മഹാത്മാഗാന്ധി അഹിംസയുടെ ശക്തനായ വക്താവ്
ഡോ.എം.വി. തോമസ്

11 **സാമ്പത്തിക സ്വാശ്രയത്വം കുട്ടികളിലേയ്ക്കും**
ടി.ഷാഹുൽ ഹമീദ്

14 **രുചി – ചെറുകഥ**
കെ.നാരായണൻകുട്ടി

17 വിഷം വിളയും പാടങ്ങളും വിഷമയമായ ഭക്ഷണവും
കെ. ശ്രീകണ്ഠൻ നായർ

20 **മാലിന്യങ്ങൾ സംസ്കരിച്ച് ജൈവവളങ്ങൾ**
ആർ. രവീന്ദ്രൻ

23 **കെട്ടിടങ്ങൾക്ക് ആധാർ മാതൃകയിൽ ഇനി പ്രത്യേക തിരിച്ചറിയൽ നമ്പർ (UPIN)**
ജി.കെ.സുനിൽ

25 **തിരഞ്ഞെടുപ്പ് സ്പെഷ്യൽ**

35 **തൊഴിലുറപ്പ് പദ്ധതിയുടെ ഒരു പുനരന്വേഷണം**
ഡോ. ബുഷ്റ ബീഗം

38 **ഒക്ടോബർ രണ്ട് 'ശാസ്ത്രി ജയന്തി'!**
അജ്മൽ ജെ.



41 **ഋതുഭേദം – കവിത**
ചാത്തന്നൂർ സുരേഷ്കുമാർ

തദ്ദേശഭരണ തിരഞ്ഞെടുപ്പ്
നവംബർ രണ്ടിനും അഞ്ചിനും

തദ്ദേശഭരണ തിരഞ്ഞെടുപ്പ് നവംബർ രണ്ട്, അഞ്ച് തീയതികളിൽ നടക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അറിയിച്ചു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തീയതികൾ പ്രഖ്യാപിക്കുന്നതിന് ഒക്ടോബർ 3-ന് വിളിച്ചുചേർത്ത വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നവംബർ രണ്ടിനും, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാല ക്കാട്, മലപ്പുറം ജില്ലകളിൽ നവംബർ അഞ്ചിനുമാണ് വോട്ടെടുപ്പ്. രാവിലെ 7 മുതൽ വൈകുന്നേരം 6 മണിവരെയാണ് പോളിംഗ്, വോട്ടെണ്ണലും ഫലപ്രഖ്യാപനവും നവംബർ 7-ന് നടക്കും. തദ്ദേശസ്ഥാപനങ്ങളിൽ 35,000-ത്തോളം പോളിംഗ് സ്റ്റേഷനുകളിൽ ഒരേസമയം വോട്ടിംഗിനുള്ള സുരക്ഷാക്രമീകരണങ്ങളൊരുക്കുന്നതിലെ പ്രായോഗിക വൈഷമ്യങ്ങൾ കണക്കിലെടുത്താണ് വോട്ടെടുപ്പ് രണ്ട് ദിവസമായി നടത്തുന്നത്.

സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലെ 15,962 ഉം, ആകെയുള്ള 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 2,076 ഉം 14 ജില്ലാ പഞ്ചായത്തുകളിലെ 331 ഉം, ആകെയുള്ള 86 മുനിസിപ്പാലിറ്റികളിലെ 3,088 ഉം, 6 കോർപ്പറേഷനുകളിലെ 414 ഉം വാർഡുകളിലുമാണ് തിരഞ്ഞെടുപ്പ്. കണ്ണൂർ ജില്ലയിൽ മട്ടന്നൂർ നഗരസഭയിലെ തിരഞ്ഞെടുപ്പ് 2012-ൽ നടന്നതിനാൽ അവിടെ 2017-ലേ തിരഞ്ഞെടുപ്പ് നടക്കൂ.

ത്രിതല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വോട്ടിംഗ് യന്ത്രമുപയോഗിച്ചാണ് വോട്ടെടുപ്പ്. ത്രിതല പഞ്ചായത്തുകളിലേയ്ക്ക് മൾട്ടിപോസ്റ്റ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഉപയോഗിച്ചാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. ത്രിതല പഞ്ചായത്തുകളിലേയ്ക്ക് ആദ്യമായാണ് വോട്ടിംഗ് യന്ത്രം ഉപയോഗിക്കുന്നത് ഇപ്രാവശ്യം ഫോട്ടോ പതിച്ച വോട്ടർപട്ടികയാണ് ഉപയോഗിക്കുന്നത്. ഏകദേശം രണ്ട് കോടി വോട്ടർമാർ വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രവാസികൾക്ക് വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിരുന്നു. അതിൻപ്രകാരം പ്രവാസികൾ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഭിന്ന ലിംഗത്തിൽപ്പെട്ട 82 പേരും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

തിരഞ്ഞെടുപ്പ് സുഗമമായി നടത്താനുള്ള പ്രാരംഭപ്രവർത്തനങ്ങൾ പൂർത്തിയായി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും സംവരണ വാർഡുകൾ നറുക്കെടുപ്പിലൂടെ തീരുമാനിച്ചു. തിരഞ്ഞെടുപ്പിനുശേഷം നിലവിൽ വരുന്ന ഭരണസമിതിയിലെ അദ്ധ്യക്ഷസ്ഥാനത്തിന്റെ സംവരണം നിശ്ചയിച്ച് വിജ്ഞാപനം കമ്മീഷൻ പുറപ്പെടുവിച്ചു. നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹായത്തോടെ ഇ-ഡ്രോപ്പ് എന്ന സാങ്കേതികവിദ്യ ഉപയോഗിച്ചാണ് തിരഞ്ഞെടുപ്പ് ജോലിക്കായി രണ്ട് ലക്ഷത്തോളം ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത്.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഒക്ടോബർ 2015 | പുസ്തകം 55 | ലക്കം 7 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

എഡിറ്റോറിയൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിന്റെ വിജ്ഞാപനം വന്നു കഴിഞ്ഞു. നവംബർ മാസം 2,5 തീയതികളിലായി രണ്ട് ഘട്ടങ്ങളായാണ് ഇത്തവണ തിരഞ്ഞെടുപ്പ് നടക്കുക. ഗ്രാമപഞ്ചായത്തുകൾ എല്ലാം തന്നെ ഇതിനകം തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ മുഴുകി കഴിഞ്ഞിട്ടുണ്ട്. ഒക്ടോബർ മാസം 31 ന് കാലാവധി തികയ്ക്കുന്ന നിലവിലുള്ള ഭരണസമിതികൾ കഴിഞ്ഞ അഞ്ച് വർഷത്തെ തങ്ങളുടെ പ്രവർത്തനങ്ങളെ വിമർശന ബുദ്ധിയോടെ അപഗ്രഥിക്കുന്നത് ജനങ്ങൾ അവരെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ എത്ര കണ്ട് പൂർത്തീകരിക്കുവാൻ കഴിഞ്ഞു എന്ന് മനസ്സിലാക്കുന്നതിന് ഉപകരിക്കും.

കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് നമ്മുടെ ഗ്രാമപഞ്ചായത്തുകൾ സ്വായത്തമാക്കിയ നേട്ടങ്ങൾ നിരവധിയാണ്. 'സത് ഭരണം' (good governance) സാധ്യമാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ഇ-ഗവേർണൻസ് അഥവാ ഡിജിറ്റൽ ഗവേർണൻസ് നമ്മുടെ എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കും എത്തിച്ചേർന്നു എന്നത് തികച്ചും അഭിമാനിക്കാവുന്ന നേട്ടമാണ്. ഗ്രാമപഞ്ചായത്തുകളിൽ ഇ-ഗവേർണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളുടെ ഒട്ടു മിക്ക പ്രവർത്തനങ്ങളും ഐ.കെ.എം വഴി നിർമ്മിച്ച സോഫ്റ്റ് വെയറുകളിലൂടെ നടത്താനായി എന്നത് എടുത്ത് പറയേണ്ട വസ്തുതയാണ്. 'സുലേഖ', 'സംഖ്യ', 'സേവന' തുടങ്ങിയ സോഫ്റ്റ് വെയറുകളുടെ പ്രയോഗം ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലും, കാര്യക്ഷമമായും നടപ്പിലാക്കുവാൻ സാധിച്ചു. ഇത് വഴി നമ്മുടെ ഗ്രാമപഞ്ചായത്തുകൾ 'സ്മാർട്ട്' (SMART – Simple, Morale, Accountable, Responsive, Transperent) ഗവേർണൻസിലേക്ക് നീങ്ങിതുടങ്ങി.

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കേരളത്തിലെ ഒട്ടനവധി ഗ്രാമപഞ്ചായത്തുകൾ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കരസ്ഥമാക്കി എന്നതും എടുത്ത് പറയേണ്ട വസ്തുതയാണ്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെയാണ് പല പഞ്ചായത്തുകളും ഈ നേട്ടം കൈവരിച്ചത് എന്നത് കർമ്മകുശലതയും ,കർത്തവ്യബോധവും ഉണ്ടെങ്കിൽ നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്ക് അപ്രാപ്യമായത് ഒന്നും തന്നെ ഇല്ല എന്ന യാഥാർത്ഥ്യം വെളിവാക്കുന്നു. ഇപ്പോൾ ഏകദേശം മുന്നുറോളം ഗ്രാമപഞ്ചായത്തുകൾ ഐ.എസ്.ഒ സർട്ടിഫിക്കേഷന് തുക വകയിരുത്തി കഴിഞ്ഞു എന്നത് സമ്പൂർണ്ണ ഐ.എസ്.ഒ പഞ്ചായത്തുകൾ എന്ന നമ്മുടെ സ്വപ്നം യാഥാർത്ഥ്യമാകുവാൻ അധിക നാളുകളില്ല എന്ന് വിളിച്ചറിയിക്കുന്നു.

ഇത്തരത്തിൽ നമുക്ക് അഭിമാനിക്കാവുന്ന വിധത്തിലുള്ള നിരവധി നേട്ടങ്ങൾ ഉണ്ടായെങ്കിലും നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടത്ര രീതിയിൽ വിജയം കൈവരിക്കാൻ സാധിക്കാത്ത ചില മേഖലകളാണ് മാലിന്യനിർമ്മാർജ്ജനം, അറവുശാല നിർമ്മാണം, ശ്മശാനം എന്നിവ. വരുംകാല ഭരണസമിതികൾക്ക് ഈ മേഖലകളിൽക്കൂടി നേട്ടം കൈവരിക്കുവാനാകട്ടെ എന്ന് പ്രത്യാശിക്കുന്നു.

കഴിഞ്ഞ അഞ്ച് വർഷക്കാലം ജനങ്ങൾ ഏൽപ്പിച്ച ഉത്തരവാദിത്വം പൂർണ്ണ അർത്ഥത്തിൽ നിറവേറ്റി രാജ്യത്തിന് തന്നെ മാതൃകയായ ഗ്രാമപഞ്ചായത്തുകൾ നമുക്കുണ്ട്. അതുപോലെ തന്നെ പ്രതീക്ഷിക്കനുസരിച്ച് ഉയരാൻ കഴിയാതെ പോയ പഞ്ചായത്തുകളും നമ്മുടെ മുന്നിലുണ്ട്. നേട്ടങ്ങൾ കൈവരിച്ച ഗ്രാമപഞ്ചായ ത്തുകൾക്ക് അത് തുടരാൻ കഴിയട്ടെ എന്നും മറ്റ് പഞ്ചായത്തുകൾക്ക് അവരുടെ ദൗർബല്യവും മനസ്സിലാക്കി അത് പരിഹരിച്ച് വിജപാതയിലെത്താൻ കഴിയട്ടെ എന്നും ആശംസിക്കുന്നു.

സി.എ. ലത ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

ഉപദേശക സമിതി

ചെയർമാൻ
ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ
ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പി.പി. ജയിംസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

അജ്മൽ ജെ.
പബ്ലിസിറ്റി ഓഫീസർ
പഞ്ചായത്ത് വകുപ്പ്

കൺവീനർ
സി.എ. ലത ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
സി.എ. ലത ഐ.എ.എസ്.
email: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
അജ്മൽ ജെ.
email: prmdp2015@gmail.com
Ph: 0471-2321280
Mob: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

കുട്ടികളുടെ സംഖ്യ ലോകജനസംഖ്യയുടെ മൂന്നിലൊന്നോളം വരും. 18 വയസ്സിൽ താഴെ പ്രായമുള്ളവർ ഏറ്റവും അധികമുള്ളത് നമ്മുടെ രാജ്യത്താണ്. അതുകൊണ്ടുതന്നെ നാളെ അവർ യുവാക്കളാകുമ്പോൾ മനുഷ്യവിഭവശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തി ലോകത്തിലെ ഏറ്റവും വികസിത രാഷ്ട്രമായി ഇന്ത്യക്ക് മാറാൻ കഴിയുമെന്ന നമ്മുടെ പ്രത്യാശ യാഥാർത്ഥ്യത്തിൽ അധിഷ്ഠിതമാണ്. കുട്ടികൾക്ക് വേണ്ടിയുള്ള ദേശീയ നയം പ്രഖ്യാപിക്കപ്പെടുന്നത് 1974 ൽ ആണ്. 2003 ൽ 'ചാർട്ടർഫോർ ചിൽഡ്രൺ' പ്രഖ്യാപിക്കപ്പെട്ടു. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ, ദുരുപയോഗം എന്നിവക്കെതിരായി മനസ്സാക്ഷി ഉണരേണ്ടതിന്റെ പ്രാധാന്യം ഈ ചാർട്ടർ ഊന്നിപ്പറയുന്നു.

ഓരോ കുട്ടിയുടെയും ജീവിത സാഹചര്യവും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വ്യത്യസ്തമായിരിക്കും. ഓരോ കുട്ടിയുടെയും സ്വാഭാവ സവിശേഷതകൾ മനസ്സിലാക്കുക എന്നതിൽ രക്ഷകർത്താക്കളും, അദ്ധ്യാപക സമൂഹവും പ്രധാന പങ്ക് വഹിക്കണം. ഓരോ കുട്ടിയും രാജ്യത്തിന്റെ സ്വത്താണ് എന്ന ബോധത്തോടെയാണ് അവർക്കാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്.

മനുഷ്യാവകാശവും കുട്ടികളും

കുടുംബത്തിൽത്തന്നെ അവർക്കാവശ്യമായ സ്നേഹവാത്സല്യങ്ങളും മേന്മയുള്ള ഭക്ഷണവും സംരക്ഷണവും കിട്ടണം. കുട്ടികളുടെ നയത്തിന്റെ കാതൽ എന്താണെന്ന് ഒരു വിഹഗവീക്ഷണം നമുക്ക് നടത്താം.

- എല്ലാ കുട്ടികൾക്കും മനുഷ്യാവകാശങ്ങളുണ്ട്.
- കുട്ടികളുടെ അവകാശങ്ങൾ ഓരോന്നും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അത് കുട്ടിയുടെ സുസ്ഥിതിക്കും അന്തസ്സിനും അടിസ്ഥാനമാണ്.
- ഓരോ കുട്ടിക്കും ജീവിക്കുവാനും വളരുവാനും, വിദ്യാഭ്യാസത്തിനും, സംരക്ഷിക്കപ്പെടുവാനും പങ്കു വയ്ക്കാനുമുള്ള അവകാശമുണ്ട്.
- മതം, ജാതി, ലിംഗം, ജനനസ്ഥലം തുടങ്ങിയ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ വിവേചനം പാടില്ല.
- കോടതി, മറ്റു അധികാര സ്ഥാപനങ്ങൾ എന്നിവ കുട്ടിയെ സംബന്ധിക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കുമ്പോൾ കുട്ടിയുടെ ഉത്തമ താല്പര്യത്തിനാണ് മുന്തിയ പരിഗണന നൽകേണ്ടത്.
- കുട്ടിയുടെ വളർച്ചയ്ക്ക് ഉചിതമായ സ്ഥലം, കുടുംബം ആയതിനാൽ ആരോഗ്യകരമായ കുടുംബ ചുറ്റുപാടിൽ നിന്ന് കുട്ടിയെ വേർപിരിക്കാൻ പാടില്ല.
- ചൂഷണങ്ങളിൽപ്പെടാതെ അന്തസ്സോടെ ജീവിക്കാനുള്ള അവകാശം ഓരോ കുട്ടിക്കുമുണ്ട്.
- സ്കൂൾ, ആശുപത്രി, ക്രഷുകൾ, കുടുംബം, സമൂഹം എന്നിവിടങ്ങളിൽ കുട്ടികൾ നേരിടേണ്ടി വരുന്ന അവഗണന, അക്രമം, ദുരുപയോഗം, ചൂഷണം എന്നിവയിൽ നിന്നും കുട്ടികൾക്കു വേണ്ട സംരക്ഷണം ഉറപ്പാക്കണം.
- അഭിപ്രായ പ്രകടനത്തിനുള്ള കഴിവ് ആർജ്ജിച്ചിട്ടുള്ള കുട്ടികൾക്ക് അഭിപ്രായ പ്രായപ്രകടനത്തിന് തക്കതായ അവസരം നൽകണം.
- കുട്ടികളുടെ പ്രായവും പക്വതയും പരിഗണിച്ച്, പ്രത്യേകിച്ച് പെൺകുട്ടികളെയും പരാധീനതകൾ ഉള്ള സമൂഹത്തിൽ നിന്നും വരുന്ന കുട്ടികളെയും ബാധിക്കുന്ന പ്രശ്നങ്ങളിൽ തീരുമാനം എടുക്കുന്നതിന് മുമ്പ് അവരുടെ അഭിപ്രായവും കൂടി കേൾക്കേണ്ടതാണ്.

എല്ലാ കുട്ടികളുടെയും അതിജീവനം, ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം, സംരക്ഷണം, പങ്കെടുക്കൽ തുടങ്ങിയ അവകാശങ്ങളാണ് 2013-ലെ കുട്ടികളുടെ ദേശീയ നയത്തിന്റെ കാതൽ. പ്രായം കുറഞ്ഞ കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി താഴെപ്പറയുന്ന നടപടികൾ സർക്കാരും കുട്ടികൾക്ക് വേണ്ടിയുള്ള അധികാര സ്ഥാപനങ്ങളും എടുക്കേണ്ടതാണ്.

- അമ്മമാരുടെ ആരോഗ്യ സംരക്ഷണം, പ്രസവരക്ഷ, പോഷകാഹാരം എന്നിവ ലഭ്യമാക്കുന്നത് കൂടുതൽ കാര്യക്ഷമമാക്കണം.
- പെൺകുട്ടികളുടെ അതിജീവനം, ആരോഗ്യരക്ഷ, പോഷകാഹാരം എന്നീ കാര്യങ്ങൾ അവർക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തണം.
- പോഷകാഹാരം, കുടിവെള്ളം, ശുചിത്വം, ആരോഗ്യ വിദ്യാഭ്യാസം എന്നിവ ഉറപ്പാക്കി കുട്ടികളുടെ മരണ നിരക്ക് കുറച്ചുകൊണ്ട് വരേണ്ടതാണ്.
- പകർച്ചവ്യാധികളിൽ നിന്നും കുട്ടികളെ സംരക്ഷിക്കേണ്ട നടപടികൾ എടുക്കേണ്ടതാണ്.
- ജനനത്തോടനുബന്ധിച്ച് കുട്ടിക്ക് സംഭവിക്കാവുന്ന വൈകല്യങ്ങൾ കണ്ടുപിടിച്ച് തടയുന്നതിന് ആവശ്യമായ വൈദ്യസഹായം, പോഷാകാഹാരം, ചികിത്സ തുടങ്ങിയവ ഗർഭിണികൾക്കും, കുട്ടികൾക്കും നൽകണം.
- പോഷണക്കുറവ് പരിഹരിക്കുന്നതിനു വേണ്ടി ജീവിതചക്ര സമീപനം സ്വീകരിക്കേണ്ടതും, മുലയൂട്ടൽ പ്രോത്സാഹിപ്പിക്കേണ്ടതും, പ്രായത്തിന് അനുസരിച്ചുള്ള പോഷകാഹാരം ലഭിക്കുന്നതിനും വേണ്ട നടപടികൾ എടുക്കേണ്ടതാണ്.
- 6 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ കഴിവിനനുസരിച്ചുള്ള വളർച്ചയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള ശൈശവപൂർവ്വകാല വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കണം.
- ജോലി സ്ഥലം, പൊതുസ്ഥലം, അസംഘടിത മേഖല എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരുടെ കുട്ടികൾക്ക് വേണ്ടി മുലയൂട്ടൽ തടസ്സപ്പെടാതിരിക്കാനുള്ള നടപടികൾ എടുക്കണം.
- കുട്ടികളെ ഉപേക്ഷിക്കുക, തട്ടിക്കൊണ്ടു പോവുക, സാമ്പത്തിക ദുരുപയോഗം ചെയ്യുക, വിൽക്കുക, ലൈംഗിക ചൂഷണത്തിനു വിധേയമാക്കുക, മദ്യം മയക്കുമരുന്ന് തുടങ്ങിയവ നൽകുക, പോർണോഗ്രാഫിക്ക് ഉപയോഗിക്കുക, അവഗണിക്കുക തുടങ്ങിയ കാര്യങ്ങളിൽ നിന്നുള്ള സംരക്ഷണം സർക്കാർ ഉറപ്പു വരുത്തണം.
- താല്ക്കാലികമായോ സ്ഥിരമായോ മാതാപിതാക്കളുടെ സംരക്ഷണം ഇല്ലാതാക്കപ്പെട്ട കുട്ടികളെ പകരം കുടുംബ സംവിധാനങ്ങളായ ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ്, ദത്തെടുക്കൽ എന്നീ മാർഗ്ഗങ്ങൾ അവലംബിച്ച് പുനരധിവസിപ്പിക്കണം. കുട്ടികളെ ഏതെങ്കിലും സ്ഥാപനത്തിൽ പ്രവേശിക്കുന്നത് ഒരു അവസാന മാർഗ്ഗം എന്ന നിലയിൽ മാത്രമായിരിക്കണം. കുട്ടികളുടെ ഉത്തമ താല്പര്യത്തിനാണ് മുൻഗണന നൽകേണ്ടത്.

ചൈൽഡ് റൈറ്റ്സ് കമ്മിഷൻ രൂപീകരണം, ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം, ഐ.സി.ഡി.എസ്., തയാറാക്കി വരുന്ന കേരള ചൈൽഡ് പോളിസി ഇവയൊക്കെ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടാനും അവർ ഇന്നിന്റെയും നാളയുടെയും പൗരന്മാരാണ്; ഈ ലോകം പൂർണ്ണമായും അവരുടേതും കൂടിയാണ് എന്നീ അടിസ്ഥാന തത്വങ്ങൾ പാലിക്കപ്പെടാനും വേണ്ടിയുള്ളതാണ്.

മഹാത്മാഗാന്ധി

അഹിംസയുടെ ശക്തനായ വക്താവ്

ഡോ. എം.വി. തോമസ്

സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരേ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യൻ ജനത നടത്തിയ അക്രമരഹിതമായ സ്വാതന്ത്ര്യസമരം മാനവ ചരിത്രത്തിലെ അത്യപൂർവ്വമായ ഒരു സംഭവമായിരുന്നു. സമരോത്സുകരായ ജനങ്ങൾക്ക് സത്യവും അഹിംസയും ആയുധങ്ങളായി നൽകിയ ഗാന്ധിജി ഇന്ത്യയിലെ പരമോന്നത നേതാവായി ഉയർന്നു. ജാതി, മതം, ഭാഷ, പ്രദേശം തുടങ്ങിയ തരംതിരിവുകളില്ലാതെ ഇന്ത്യയിലെ ജനകോടികൾ അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്നു. ഒരു രാഷ്ട്രീയ നേതാവ് എന്നതിലുപരി ജീവിതത്തിന്റെ സമസ്തമേഖലകളെയും സംബന്ധിച്ച് സുവ്യക്തമായ വീക്ഷണമുള്ള ഒരു ഋഷിവര്യനായിരുന്നു മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന മഹാത്മാഗാന്ധി.

1869 ഒക്ടോബർ രണ്ടിന് ഗുജറാത്തിലെ പോർബന്തറിൽ ജനിച്ച ഗാന്ധി കത്തിയവാഡ് എന്ന നാട്ടുരാജ്യത്തിലെ ദിവാനായിരുന്ന കാബാഗാന്ധിയുടെയും പുത്‌ലിബായിയുടെയും മൂന്നാമത്തെ മകനായിരുന്നു. 1877 ൽ മെട്രിക്കുലേഷൻ പരീക്ഷ പാസ്സായ ശേഷം ഇംഗ്ലണ്ടിൽ പോയി ബാരിസ്റ്റർ ബിരുദം നേടി. എങ്കിലും നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം വക്കീൽപ്പണിയിൽ ഒട്ടും വിജയിച്ചില്ല. തുടർന്ന് ഒരു കേസ്സിൽ സഹായിക്കുന്നതിനായി അബ്ദുള്ള കമ്പനിയുടെ ക്ഷണപ്രകാരം 1893 ൽ ദക്ഷിണാഫ്രിക്കയിലേക്കു പോയി. പൊതുവേ ലജ്ജാലുവും അലസനുമായിരുന്ന മോഹൻദാസ് ഊർജ്ജസ്വലനായ ഒരു പോരാളിയായി മാറി. അദ്ദേഹത്തിലെ നന്മയുടെ ബീജങ്ങൾ വളർന്ന് പൂത്തുലഞ്ഞു. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരായ തൊഴിലാളികൾ കഷ്ടതയും അപമാനവും അദ്ദേഹത്തെ പ്രക്ഷുബ്ധമാക്കി. അവിടത്തെ ബ്രിട്ടീഷ് ഭരണാധികാരികൾ പുലർത്തി വന്ന വർണ്ണ വിവേചനത്തിന്റെ തിക്തഫലങ്ങൾ അദ്ദേഹവും അനുഭവിക്കേണ്ടിവന്നു. ഇന്ത്യയിലെ പല മതസ്ഥരും പല ദേശക്കാരും പല ഭാഷക്കാരുമായ തൊഴിലാളികൾ പല ചേരികളായി ഭിന്നിച്ചു നിൽക്കുകയായിരുന്നു. അവരെ ഒന്നിച്ചുകൊണ്ടുവരാനും വൈദേശിക ഭരണകൂടത്തിന്റെ വർണ്ണവിവേചനത്തിനെതിരെ പോരാടാനും അദ്ദേഹം തീരുമാനിച്ചു. പിന്നീട് 22 വർഷം ഗാന്ധിജി ദക്ഷിണാഫ്രിക്കയിലാണ് ജീവിച്ചത്. സമരത്തിന്റെ തീച്ചൂളയിൽ കഴിഞ്ഞ ഈ കാലയളവിലാണ് മോഹൻദാസ് കരം ചന്ദ് ഗാന്ധി നാം ഇന്നറിയുന്ന മഹാത്മാഗാന്ധിയായി വികാസം പ്രാപിച്ചത്. പരിണതപ്രജ്ഞനും അനുഭവസമ്പന്നനുമായ ഒരു കർമ്മയോഗിയായിട്ടാണ് ഗാന്ധിജി 1915 ജനുവരിയിൽ ഇന്ത്യയിൽ തിരിച്ചെത്തിയത്. ഇതിനോടകം അക്രമരഹിതമായ സഹനസമരമെന്ന നിലയിൽ സത്യാഗ്രഹം എന്ന നൂതന സമര സമ്പ്രദായം കണ്ടെത്താനും വികസിപ്പിച്ചെടുക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. ബ്രഹ്മചര്യം, സത്യാഗ്രഹികളുടെ കുടുംബങ്ങൾ ഒന്നിച്ചു ജീവിക്കുന്ന ആശ്രമ സംവിധാനം, രാഷ്ട്രീയമായ സംഘടനാ പ്രവർത്തനം, പത്രപ്രവർത്തനം, അയിത്തോച്ചാടനം, സ്വാശ്രയത്വം, സമത്വബോധം തുടങ്ങി ഒട്ടേറെ മേഖലകളിൽ മുന്നേറാനും അദ്ദേഹത്തിന് സാധിച്ചു.

ഒരു വീരപുരുഷനായി ഇന്ത്യയിൽ മടങ്ങിയെത്തിയ ഗാന്ധിജിയെ ജനങ്ങളും നേതാക്കളും അത്ഭുതാദരങ്ങളോടെയാണ് സ്വീകരിച്ചത്. എന്നാൽ ഒരു കൊല്ലക്കാലം ഇന്ത്യയിലെ സ്ഥിതിഗതികൾ നിരീക്ഷിച്ചു പഠിക്കുവാനാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയ ഗുരുവായ ഗോപാലകൃഷ്ണ ഗോഖലേ നിർദ്ദേശിച്ചത്. തുടർന്ന് സജീവ രാഷ്ട്രീയത്തിൽ പ്രവേശിച്ച ഗാന്ധിജി ഏതാണ്ട് ഒരു ദശാബ്ദംകൊണ്ട് ഇന്ത്യയിലെ പരമോന്നത നേതാവായി ഉയർന്നു. മഹാകവി ടാഗോർ അദ്ദേഹത്തിന് 'മഹാത്മാ' എന്ന ബഹുമതി നൽകി. 1921 ൽ വിദേശവസ്ത്ര ബഹിഷ്ക്കരണത്തോടനുബന്ധിച്ച് പാശ്ചാത്യ വേഷം ഉപേക്ഷിച്ചു. ഇന്ത്യയിലൊട്ടാകെ ഒട്ടേറെ ബഹുജന സമരങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. സർക്കാരുമായുള്ള നിസ്സഹകരണം, നികുതി നിഷേധം, ഹർത്താൽ, നിയമലംഘനം, വിദേശവസ്ത്ര ദഹനം, മദ്യഷാപ്പ് പിക്കറ്റിംഗ്, ഗ്രാമ ശുശ്രൂഷ, ഖാദിപ്രചാരണം, സർവ്വോപരി സത്യാഗ്രഹം എന്നീ അക്രമരഹിത സമരമുറകളാണ് ഗാന്ധിജി മുന്നോട്ടു വച്ചത്. ഇന്ത്യയിലെ കോടാനുകോടി ജനങ്ങൾ ഈ ആയുധങ്ങൾ നെഞ്ചോടു ചേർത്ത് സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിലേക്ക് എടുത്തുചാടി. അധികാരികളുടെ ക്രൂരമർദ്ദനങ്ങളോ മോഹനവാഗ്ദാനങ്ങളോ അവരെ പിന്തിരിപ്പിച്ചില്ല. ലോക ചരിത്രത്തിൽ അതിനുമുമ്പോ പിമ്പോ ഒരിക്കലും ഇത്രയേറെ ജനങ്ങളെ തന്റെ പിന്നിൽ അണിനിരത്താൻ കഴിഞ്ഞ ഒരു നേതാവ് ഗാന്ധിജിയല്ലാതെ മറ്റാരും ഉണ്ടായിട്ടില്ല. 1930 ലെ ദണ്ഡിയാത്രയും 1942 ലെ ക്വിറ്റിന്ത്യാ സമരവും ഇതിന് മകുടോദാഹരണങ്ങളായിരുന്നു. 1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ ഗാന്ധിജി ആഘോഷങ്ങളിലൊന്നും പങ്കെടുക്കാതെ ഇന്ത്യാവിഭജനത്തെ തുടർന്നുണ്ടായ സാമുദായിക സംഘർഷങ്ങൾ ശമിപ്പിക്കുന്നതിന് കൽക്കട്ടയിലേക്ക് പോയി. അവിടെ സമാധാനം പുനഃസ്ഥാപിച്ചശേഷം അദ്ദേഹം ഡൽഹിയിൽ തിരിച്ചെത്തി. 1948 ജനുവരി 30 ന് നാഥുറാം വിനായക ഗോഡ്സേ എന്ന മതഭ്രാന്തൻ മഹാത്മജിയെ വെടിവച്ചു കൊന്നു.

ശ്രീബുദ്ധനുശേഷം ഭാരതം ലോകത്തിന് പ്രദാനം ചെയ്ത ഏറ്റവും മഹത്വമുള്ള വ്യക്തിത്വമായിരുന്നു മഹാത്മാഗാന്ധി. സ്വതന്ത്രഭാരതം 'രാഷ്ട്രപിതാവ്' എന്ന നിലയിൽ അദ്ദേഹത്തെ ആദരിച്ചു. ലോകസമാധാനത്തിന്റെ ഏറ്റവും വലിയ വക്താവും പ്രയോക്താവും എന്ന നിലയ്ക്കാണ് അന്താരാഷ്ട്ര സമൂഹം അദ്ദേഹത്തെ പ്രകീർത്തിച്ചത്. സ്വാതന്ത്ര്യത്തിനുവേണ്ടി പോരാട്ടം നടത്തിയ രാഷ്ട്രങ്ങൾക്കും

അമേരിക്കയിലെ നീഗ്രോകളുടെ പൗരാവകാശങ്ങൾക്കുവേണ്ടി പ്രവർത്തിച്ച ലോകപ്രസിദ്ധനായ മാർട്ടിൻ ലൂഥർ കിംഗ് ഗാന്ധിജിയെക്കുറിച്ച് പറഞ്ഞത് ഇങ്ങനെയാണ്: "സ്വാതന്ത്ര്യസമരത്തിനുവേണ്ടി സമരം ചെയ്യുന്ന മർദ്ദിത ജനവിഭാഗങ്ങൾക്ക് തുറന്നുകിട്ടുന്ന സാന്മാർഗ്ഗികവും പ്രായോഗികവുമായ ഒരേ ഒരു മാർഗം ഗാന്ധിയുടെ അക്രമരഹിത സഹനം എന്ന ദർശനമാണ്".

ജനസമൂഹങ്ങൾക്കും ഗാന്ധിജിയും ശക്തിസ്രോതസ്സുമായി. ഈ ഭൂമിയിലെ അഞ്ചു ഭൂഖണ്ഡങ്ങളിലുമുള്ള വിമോചന പ്രസ്ഥാനങ്ങളെയും പൗരാവകാശ പ്രസ്ഥാനങ്ങളെയും മതസ്ഥാപനങ്ങളെയും ഗാന്ധിജി സ്വാധീനിച്ചു എന്ന് ആഫ്രിക്കൻ സ്വാതന്ത്ര്യസമര നേതാവായ നെൽസൺ മണ്ടേല അഭിപ്രായപ്പെട്ടിട്ടുണ്ട്. അമേരിക്കയിലെ നീഗ്രോകളുടെ പൗരാവകാശങ്ങൾക്കുവേണ്ടി പ്രവർത്തിച്ച ലോകപ്രസിദ്ധനായ മാർട്ടിൻ ലൂഥർ കിംഗ് ഗാന്ധിജിയെക്കുറിച്ച് പറഞ്ഞത് ഇങ്ങനെയാണ്: "സ്വാതന്ത്ര്യസമരത്തിനുവേണ്ടി സമരം ചെയ്യുന്ന മർദ്ദിത ജനവിഭാഗങ്ങൾക്ക് തുറന്നുകിട്ടുന്ന സാന്മാർഗ്ഗികവും പ്രായോഗികവുമായ ഒരേ ഒരു മാർഗം ഗാന്ധിയുടെ അക്രമരഹിത സഹനം എന്ന ദർശനമാണ്".

ശാക്തികച്ചേരികൾ പരസ്പരം പോരാടുകയും യുദ്ധങ്ങളും ഭീകരവാദ പ്രവർത്തനങ്ങളും അടിക്കടി വർധിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ ഗാന്ധിജിയുടെ അക്രമരഹിതമായ അഹിംസാവാദത്തിന്റെ പ്രസക്തിയും പ്രായോഗികതയും ആഗോളതലത്തിൽ കൂടുതൽ ശ്രദ്ധേയമായി. ഈ സാഹചര്യത്തിലാണ് ലോകസമാധാനത്തിനുള്ള നോബൽ സമ്മാന ജേതാവായ ഷിറിൻ എബാദി എന്ന ഇറാനിയൻ അഭിഭാഷക ഗാന്ധിജയന്തി ദിനം അന്താരാഷ്ട്ര അക്രമരാഹിത്യ ദിനമായി ആചരിക്കണമെന്ന നിർദ്ദേശം 2004 ൽ ലോകരാഷ്ട്രങ്ങളുടെ മുമ്പാകെ സമർപ്പിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റ് സോണിയാഗാന്ധി, ലോകപ്രസിദ്ധ പൗരാവകാശ പ്രവർത്തകനും ദക്ഷിണാഫ്രിക്കയിലെ ആംഗ്ലിക്കൻ ആർച്ച് ബിഷപ്പുമായ ടുട്ടു തുടങ്ങിയവർ ഈ നിർദ്ദേശത്തെ പിന്തുണച്ചു. ഇതെത്തുടർന്ന് ഐക്യരാഷ്ട്രസഭയുടെ പൊതുസഭ 2007 ജൂൺ 15ന് എല്ലാവർഷവും ഗാന്ധിജയന്തി ദിനമായ ഒക്ടോബർ രണ്ട് അന്താരാഷ്ട്ര അക്രമരാഹിത്യ ദിനമായി ആചരിക്കുന്നതിന് തീരുമാനിച്ചു. അതിനുശേഷം ഗാന്ധിജയന്തി ദിനത്തിൽ അഹിംസയുടെ വക്താവെന്ന നിലയിൽ ലോകമാസകലം മഹാത്മാഗാന്ധിയെ ആദരപൂർവ്വം അനുസ്മരിക്കുന്നു.

കേരളത്തിൽ സാമ്പത്തിക സ്വാശ്രയത്വം ഉണ്ടാക്കുന്നതിന് പ്രവർത്തിക്കുന്ന കുടുംബശ്രീ പുതിയ ദൗത്യം കൂടി ഏറ്റെടുത്തിരിക്കുന്നു. കുട്ടികളിൽ സാമ്പത്തിക സാക്ഷരത ഉണ്ടാക്കി ഭാവിയിലെ യഥാർത്ഥ പൗരന്മാരാക്കി മാറ്റുന്നതിന് കുടുംബശ്രീ അംഗങ്ങളുടെ 10 മുതൽ 17 വയസ്സു വരെയുള്ള ബാലസഭ അംഗങ്ങളായ മക്കൾക്ക് ബാങ്ക് അക്കൗണ്ട് ആരംഭിക്കാനുള്ള സഹായവും കൂടാതെ എ.റ്റി.എം. കാർഡും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനത്തിന് ആരംഭം കുറിച്ചിരിക്കുന്നു.

കുട്ടികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും സുരക്ഷിതത്വത്തിനും വേണ്ടി അന്താരാഷ്ട്ര രംഗത്ത് പ്രവർത്തിക്കുന്ന കുട്ടികളുടെ ചൈൽഡ് ലൈൻ എന്ന സംവിധാനം ആരംഭിച്ച് നേതൃത്വം കൊടുക്കുന്ന നെതർലാൻഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ചൈൽഡ് & യൂത്ത് ഫിനാൻസ് ഇന്റർനാഷണൽ എന്ന സംഘടനയുടെ സഹായത്തോടെ കുടുംബശ്രീ പാലക്കാട് ജില്ലയിലെ മങ്കര, കൊങ്ങാട്, മലമ്പുഴ എന്നീ സിഡിഎസ്സുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ബാങ്കിംഗ് സാക്ഷരത കുട്ടികളിലേയ്ക്ക് എന്ന പദ്ധതി ആരംഭിച്ചു. 100% ബാലസഭ കുട്ടികളേയും ബാങ്കിംഗ് സംവിധാനവുമായി ബന്ധപ്പെടുത്തി അക്കൗണ്ട്, എ.റ്റി.എം എന്നിവ നൽകുവാൻ സാധിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ എല്ലാ സിഡിഎസ്സുകളിലും

കുട്ടികളിൽ സാമ്പത്തിക സാക്ഷരത ഉണ്ടാക്കി ഭാവിയിലെ യഥാർത്ഥ പൗരന്മാരാക്കി മാറ്റുന്നതിന് കുടുംബശ്രീ അംഗങ്ങളുടെ 10 മുതൽ 17 വയസ്സു വരെയുള്ള ബാലസഭ അംഗങ്ങളായ മക്കൾക്ക് ബാങ്ക് അക്കൗണ്ട് ആരംഭിക്കാനുള്ള സഹായവും കൂടാതെ എ.റ്റി.എം. കാർഡും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനത്തിന് ആരംഭം കുറിച്ചിരിക്കുന്നു.

സാമ്പത്തിക സ്വാശ്രയത്വം കുട്ടികളിലേയ്ക്കും

ടി.ഷാഹുൽ ഹമീദ്

പദ്ധതി വ്യാപിപ്പിക്കുവാൻ ഗാന്ധജയന്തി ദിനത്തിൽ 2015 ഒക്ടോബർ 2ന് തീരുമാനമെടുക്കുകയും പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി ആരംഭിച്ച 3 സിഡിഎസ്സുകളിൽ 100% ലക്ഷ്യം നേടിയത് പ്രഖ്യാപിക്കുകയും ചെയ്യുകയുണ്ടായി.

കുട്ടികൾ രാജ്യത്തിന്റെ വരദാനങ്ങളാണ്, ഭാവിയുടെ വാഗ്ദാനങ്ങളാണ്. ചെറുപ്പത്തിൽ തന്നെ കുട്ടികളിൽ മിതവ്യയ ശീലം, സമ്പാദ്യശീലം, പണത്തിന്റെ മൂല്യം, വിവിധ സാമ്പത്തിക പ്രവർത്തനങ്ങൾ എന്നിവ പഠിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്. ആർ.ബി.ഐ.യുടെ പുതിയ ഗൈഡ് ലൈൻ പ്രകാരം 18 വയസ്സുവരെയുള്ള കുട്ടികൾക്ക് അക്കൗണ്ട് ആരംഭിക്കുവാൻ അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മൈക്രോഫിനാൻസ് മേഖലയിൽ ദീപ്തമായ പ്രവർത്തനങ്ങൾ നടത്തുന്ന കേരളത്തിലെ സ്ത്രീകൾക്ക് മിതവ്യയ ബോധം ഉണ്ടാക്കി 2500 കോടി രൂപ ത്രിഫ്റ്റ് സമാഹരിച്ച പ്രസ്ഥാനമായ കുടുംബശ്രീ പുതിയ ദൗത്യം ഏറ്റെടുത്തിരിക്കുന്നു. തുച്ഛമായ പലിശയ്ക്ക് കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ലോൺ എടുക്കാൻ സൗകര്യമുണ്ടാക്കി കഴിഞ്ഞ സാമ്പത്തിക വർഷക്കാലം മാത്രം 1300 കോടി രൂപ ബാങ്ക് ലിങ്കേജ് ഉണ്ടാക്കിയ കുടുംബശ്രീ ധനകാര്യ സ്ഥാപനങ്ങളുമായുള്ള ഊഷ്മളവും സൗഹൃദപരമവുമായ ബന്ധം അഭംഗുരം തുടരുന്നതിന്റെ ഭാഗമായി കുട്ടികളുടെ സാമ്പത്തിക സാക്ഷരത വ്യാപിപ്പിക്കുവാനും, സാമ്പത്തിക രംഗത്തെ ക്രയവിക്രയങ്ങളുടെ വ്യാപ്തിയും, ആഴവും കുട്ടികളിലേയ്ക്ക് എത്തിക്കുവാനും പ്രസ്ഥാനം സജ്ജമായിരിക്കുന്നു. പാലക്കാട് ജില്ല രാജ്യത്തിനു തന്നെ മാതൃകയായി കുട്ടികളുടെ സാമ്പത്തിക സാക്ഷരത നേടുന്ന രാജ്യത്തെ ഇദംപ്രഥമമായ ജില്ലയാകുവാനുള്ള തയ്യാറെടുപ്പിലാണ്.

കുട്ടികൾ രാജ്യത്തിന്റെ വരദാനങ്ങളാണ്, ഭാവിയുടെ വാഗ്ദാനങ്ങളാണ്. ചെറുപ്പത്തിൽ തന്നെ കുട്ടികളിൽ മിതവ്യയ ശീലം, സമ്പാദ്യശീലം, പണത്തിന്റെ മൂല്യം, വിവിധ സാമ്പത്തിക പ്രവർത്തനങ്ങൾ എന്നിവ പഠിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്.

പദ്ധതിയുടെ നേട്ടങ്ങൾ

1. ചെറുപ്രായത്തിൽത്തന്നെ സാമ്പത്തിക സ്വയംപര്യാപ്തത ഉണ്ടാക്കുവാൻ കഴിയും
2. പണം, സമ്പാദ്യം എന്നിവയെക്കുറിച്ചുള്ള ബോധ്യം
3. ബാങ്കിംഗ് മേഖലയെയും സേവനങ്ങളെയും പരിചയപ്പെടുത്തൽ
4. കുട്ടികൾക്ക് സീറോ ബാലൻസ് അക്കൗണ്ടും, എ.റ്റി.എം കാർഡും ലഭിക്കുന്നു
5. വിജയിക്കുന്ന സംരംഭകരാകാനും ജോലി സാധ്യതകളിൽ ബാങ്കിംഗ് മേഖലയുടെ സഹായം മനസ്സിലാക്കാൻ സഹായിക്കുന്നു
6. കൊള്ളപ്പലിശക്കാരിൽ നിന്നും കുട്ടികളെ രക്ഷിക്കുന്നു
7. കുട്ടികളിൽ സമ്പാദ്യശീലം ഉണ്ടാക്കുന്നു
8. അനാവശ്യ ചെലവുകൾ നിയന്ത്രണത്തിലാക്കുന്നു
9. കുടുംബത്തോടുള്ള ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നു
10. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പങ്കാളികളാകുന്നു

ഓരോ സിഡിഎസ്സിൽ നിന്നും 2 പേരെ ഇതിനായി തെരഞ്ഞെടുക്കുകയും അവർക്ക് പ്രത്യേക പരിശീലനം നൽകി ബാങ്കിംഗ് ഫെസിലിറ്റേറ്റർമാരായി നിയമിച്ച് എല്ലാ കുട്ടികൾക്കും ബാങ്കുകളുടെ സഹായത്തോടെ സാമ്പത്തിക സാക്ഷരത പരിപാടി നടത്തുവാനാണ് കുടുംബശ്രീ ഉദ്ദേശിക്കുന്നത്. ഇതിനായി ചൈൽഡ് & യൂത്ത് ഫിനാൻസ് ഇന്റർനാഷ

ണലിന്റെ സഹായത്തോടെ കൈപ്പുസ്തകം തയ്യാറാക്കി പരിശീലനം ലഭിച്ച ബാങ്കിംഗ് ഫെസിലിറ്റേറ്റർമാരെ ഉപയോഗിച്ച് കുട്ടികൾക്ക് അര ദിവസത്തെ അവബോധം നൽകി ബാങ്കിംഗ് ഫോറം പൂരിപ്പിച്ച് വാങ്ങി ബാങ്കുകളിൽ എത്തിച്ച് ബാങ്കിംഗ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ പദ്ധതി പൂർത്തീകരിക്കാനാണ് കുടുംബശ്രീ ഉദ്ദേശിക്കുന്നത്. സിഡിഎസ്സിൽ തെരഞ്ഞെടുത്ത അംഗങ്ങൾക്ക് പൊതുവായി ബാങ്കിംഗ് മേഖലയെക്കുറിച്ചും സാമ്പത്തിക പ്രവർത്തനങ്ങളെക്കുറിച്ചും പ്രത്യേക അവബോധം ഉണ്ടാക്കി ബാങ്കിംഗ് മേഖലകളുടെ പ്രാധാന്യവും സേവനങ്ങളും കൃത്യമായി പഠിപ്പിച്ചു കൊടുക്കുന്നതാണ്.

പ്രവർത്തനങ്ങൾ

- ഓരോ വാർഡിൽ നിന്നും 10 മുതൽ 17 വയസ്സു വരെയുള്ള കുട്ടികളുടെ വിവരം ശേഖരിക്കുന്നു.
- സിഡിഎസ്സ് 2 പേരെ ബാങ്കിംഗ് ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുക്കും.
- ബാങ്കിംഗ് ഫെസിലിറ്റേറ്റർമാർക്കുള്ള ദ്വിദിന പരിശീലനം ജില്ലാതലത്തിൽ നടക്കും
- കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്യുന്നതാണ്.
- സിഡിഎസ്സിൽ അരദിവസം കുട്ടികളുടെ പ്രത്യേക അവബോധ ക്യാമ്പ് ബാങ്കിംഗ് ഫെസിലിറ്റേറ്റർമാരുടെ നേതൃത്വത്തിൽ നടന്നു
- ബാങ്ക് അക്കൗണ്ട് ഫോറം പൂരിപ്പിക്കൽ
- സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കൽ
- എ.റ്റി.എം നൽകൽ
- ബാങ്കുകളിലേയ്ക്കുള്ള ഫീൽഡ് വിസിറ്റ്
- സിഡിഎസ്സുകളിൽ 100% കുട്ടികളിൽ ബാങ്കിംഗ് സാക്ഷരത നേടിയതായുള്ള പ്രഖ്യാപനം
- പാസ്ബുക്കുകൾ പ്രത്യേക ചടങ്ങിൽ വച്ച് വിതരണം
- സ്കോളർഷിപ്പ് ബാങ്കുകളിലൂടെ വിതരണം
- ഡെമോ എ.റ്റി.എം അവതരണം

ആധാർകാർഡ് ഉള്ള കുട്ടികളിൽ നിന്നും ആധാറിന്റെ കോപ്പിയാണ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുവാൻ തെളിവായി ശേഖരിക്കുന്നത്. ആധാർകാർഡ് ഇല്ലെങ്കിൽ ബാങ്കിംഗ് ഫെസിലിറ്റേറ്റർമാരുടെ നേതൃത്വത്തിൽ എടുത്തുകൊടുക്കുന്നതാണ്.

ആധാർകാർഡ് ഉള്ള കുട്ടികളിൽ നിന്നും ആധാറിന്റെ കോപ്പിയാണ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുവാൻ തെളിവായി ശേഖരിക്കുന്നത്. ആധാർ കാർഡ് ഇല്ലെങ്കിൽ ബാങ്കിംഗ് ഫെസിലിറ്റേറ്റർമാരുടെ നേതൃത്വത്തിൽ എടുത്തുകൊടുക്കുന്നതാണ്.

വളർന്നുവരുന്ന തലമുറയ്ക്ക് സാമ്പത്തിക ശാക്തീകരണത്തിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം ഉണ്ടാക്കി കേരളത്തിലെ 8 ലക്ഷത്തോളം വരുന്ന ബാലസഭാ കുട്ടികളെ സാമ്പത്തിക സാക്ഷരരാക്കുന്ന ശ്രദ്ധേയമായ പരിപാടി കുടുംബശ്രീയുടെ നേതൃത്വത്തിൽ നടക്കുമ്പോൾ, ചൈൽഡ് & യൂത്ത് ഫിനാൻസ് ഇന്റർനാഷണൽ, നബാർഡ് ലീഡ്ബാങ്ക്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായവും സഹകരണവും ലഭിക്കുകയും പാലക്കാട് ജില്ലയിലെ 3 സിഡിഎസുകളിലെ ആവേശവും അനുഭവവും ഉൾക്കൊണ്ട് കൊണ്ട് പാലക്കാട് ജില്ല മുഴുവനായും മറ്റ് ജില്ലകളിൽ നബാർഡിന്റെ സഹായത്തോടെ 5 സിഡിഎസുകളിൽ ആദ്യഘട്ടത്തിലും തുടർന്ന് എല്ലാ സിഡിഎസുകളിലും സാമ്പത്തിക സാക്ഷരത കുട്ടികളിൽ ഉണ്ടാക്കുവാനും, നേട്ടങ്ങളുടെ നെറുകയിൽ എത്തിനിൽക്കുന്ന കുടുംബശ്രീ തയ്യാറായി നിൽക്കുമ്പോൾ പൊതുസമൂഹത്തിന്റെ പിന്തുണയും സഹായവും നിർലോഭം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയും കുടുംബശ്രീ പ്രവർത്തനത്തിലെ മറ്റൊരു മികവാർന്ന പ്രവർത്തനമായി ഈ പ്രവർത്തനം മാറി തീരുമെന്നും നമുക്ക് പ്രത്യാശിക്കാം. ◆

കുടുംബശ്രീ സംസ്ഥാന മിഷൻ പ്രോഗ്രാം ഓഫീസർ ആണ് ലേഖകൻ

കെ.നാരായണൻകുട്ടി

രുചി

ഭാര്യയെ ഡോക്ടറെ കാണിക്കാനായി കോഴിക്കോട് പോയി തിരിച്ചുവരാൻ വളരെ വൈകി. അവധിയായതിനാൽ മക്കൾ രണ്ടു പേരും ഞങ്ങളുടെ കൂടെ വന്നിരുന്നു. തുടർച്ചയായി മഴ പെയ്യുന്നതിനാൽ കടകളെല്ലാം നേരത്തെതന്നെ അടച്ചിരുന്നു. തൊക്കിലങ്ങാടിയിൽ ഞങ്ങൾ സ്ഥിരമായി കയറുന്ന ഒരു ഫാസ്റ്റ് ഫുഡ് കട തുറന്നിട്ടുണ്ട്. ആശ്വാസം! വണ്ടി നിറുത്തി കടയിൽ കയറി. “സാറെ എല്ലാം തീർന്നു ഒരു ആറ് ചപ്പാത്തി കാണും, കറിയെല്ലാം കഴിഞ്ഞു, കുറച്ച് ഗ്രേവി ഉണ്ടാകും മതിയെങ്കിൽ എടുക്കാം” പരിചയക്കാരനായ സപ്ലൈയർ പറഞ്ഞു. മറ്റു മാർക്ഷമമൊന്നുമില്ലല്ലോ ! ഞങ്ങൾ ഓർഡർ നൽകി. രണ്ട് ചപ്പാത്തി വീതം മക്കളും ഓരോന്ന് വീതം ഞങ്ങളും കഴിച്ചു. വിശപ്പിനു താൽക്കാലിക ശമനമുണ്ടായി. വേഗം തന്നെ വീട്ടിലേക്ക് തിരിച്ചു. രണ്ട് ദിവസമായി കനത്ത മഴ തുടരുകയാണ്. ഇടക്കൊന്ന് തോരുമെങ്കിലും വൈകാതെ തുടരും വൈദ്യുതി ആണെങ്കിൽ കണികാണാൻ കിട്ടാത്ത സാധനമായി.ഫ്രിഡ്ജിൽ മിച്ചമുണ്ടായിരുന്ന എന്റെ എല്ലാ ഭക്ഷണ സാധനങ്ങളും ചീത്തയായി. സാധാരണണ്ട്, മൂന്ന് ദിവസം ഫ്രിഡ്ജിലുള്ള സാധനങ്ങൾ ചൂടാക്കി കഴിക്കുവാൻ സാധിച്ചിരുന്നതുകൊണ്ടാണ് ഭക്ഷണ സാധനങ്ങൾക്ക് പഞ്ഞമുണ്ടാകാറില്ല. തുടർച്ചയായ മഴ കാരണം കറണ്ട് ഇല്ലാത്തതിനാൽ എല്ലാം താറുമാറായി. ഈ മാസം ആദ്യം വാങ്ങിയ പലവ്യഞ്ജനമെല്ലാം, മാസാവസാനമായതിനാൽ മിക്കവാറും തീർന്നുവെന്ന കാര്യം ഭാര്യ ഓർമ്മിപ്പിക്കുവാൻ തുടങ്ങിയിട്ട് ദിവസങ്ങളായി. ഇതിനിടെ കലണ്ടറിൽ ഒരുമാസം കൂടി കഴിഞ്ഞത് ഞാൻ അറിയുന്നുണ്ടായിരുന്നുവെങ്കിലും ഔദ്യോഗിക തിരക്കുകാരണം മാർക്കറ്റിൽ പോകുവാൻ സാധിച്ചിരുന്നില്ല.ഇന്നുപോകാം നാളെ പോകാം എന്നുകരുതി ദിവസം പോയത് ഞാനും ശ്രദ്ധിച്ചില്ല.അതുപോലെ പാചകഗ്യാസും ഏതു നിമിഷവും തീരാമെന്നും സഹധർമ്മിണി അറിയിക്കുവാൻ തുടങ്ങിയിട്ട് ദിവസം നാലായി.ഗ്യാസ് കൊണ്ടുവരുന്ന പയ്യനെ വിളിച്ചപ്പോളെല്ലാം പരിധിക്ക് പുറത്ത് എന്ന സ്ഥിരം പല്ലവി. സാരമില്ല നാളെ ഞായറാഴ്ച്ച അവധി ദിവസമാണമല്ലോ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാമെന്ന ശുഭാപ്തി വിശ്വാസത്തോടെ വേഗം തന്നെ കിടക്കയിലേക്ക് മറിഞ്ഞു. നല്ല യാത്രാക്ഷിണം കാരണം വേഗം ഉറക്കമായി.

പതിവ് ഞായറാഴ്ച്ച പോലെ തന്നെ ഈ ദിവസവും രാവിലെ 8.30-തന്നെയായി ഉറക്കമുണരാൻ പ്രഭാത കൃത്യങ്ങളെല്ലാം വേഗം തന്നെ നിർവ്വഹിച്ചുവന്നപ്പോഴെക്കും ഭാര്യ ഒരു ഗ്ലാസ് കട്ടൻചായ തന്നു, “പാലില്ല, ഫ്രിഡ്ജിൽ വെച്ചിരുന്നത് കേടായി” ഡ്രസ്സ് മാറാൻ തുടങ്ങിയപ്പോൾ ഭാര്യയുടെ വക “വേഗം ചെന്ന് വല്ലതും വാങ്ങികൊണ്ടുവന്നില്ലെങ്കിൽ ഇന്ന് എല്ലാവരും പട്ടിണിയാവും ചായ വെച്ചുകഴിഞ്ഞപ്പോഴെക്കും ഗ്യാസും തീർന്നു. സന്തോഷം എത്ര ദിവസമായി ഞാൻ ചിലച്ചുകൊണ്ടിരിക്കുന്നു? ആരു കേൾക്കാൻ?” ഭാര്യ പരാതിയുടെ കെട്ട് അഴിക്കുവാൻ തുടങ്ങി. “സാരമില്ല നീ സമാധാനിക്ക് വേഗം പോയി ഞാൻ എല്ലാം റെഡിയാക്കി വരാം ഇന്ന് എല്ലാം പരിഹരിച്ചിട്ട് തന്നെ കാര്യം” ഞാൻ അവളെ സമാധാനിപ്പിക്കാൻ ശ്രമിച്ചു ഉടൻ തന്നെ കാർ സ്റ്റാർട്ട് ചെയ്ത് ടൗണിലേക്ക് യാത്രയായി. ഇനിയെന്തിന് ടെൻഷൻ. രാവിലേക്കുള്ള ഭക്ഷ

ണം ഹോട്ടലിൽ നിന്ന് പാർസ്സൽ വാങ്ങാം സാധനം വാങ്ങലും,ഗ്യാസ് എടുക്കലും എല്ലാം കുടി ഒരു മണിക്കൂർ പിന്നെ എന്ത് പ്രശ്നം , അങ്ങനെ ചിന്തിച്ചുകൊണ്ട് ടൗണിലേക്ക് പ്രവേശിച്ചു. ങേ???? സാധാരണ തുറക്കുന്ന കടകളൊന്നും തുറന്നുകാണുന്നില്ലല്ലോ? ദൈവമേ എന്തുപറ്റി? പ്രശ്നമായോ? കാർ നിർത്തി അടുത്ത് കണ്ട ഒരു പരിചയക്കാരനോട് ചോദിച്ചു. അപ്പോൾ സാററിഞ്ഞില്ലേ ! ഇന്നു കണ്ണൂർ ജില്ലാ ഹർത്താലാണ്. ഇന്നലെ രാത്രി വീണ്ടും രാഷ്ട്രീയ കൊലപാതകം കറണ്ടില്ലാത്തതിനാൽ ടിവി കാണാൻ സാധിച്ചില്ല. അതിനാൽ വാർത്തയൊന്നും അറിഞ്ഞുമില്ല. എന്റെ ഭഗവാനെ പണി പാളിയല്ലോ ടൗൺ മുഴുവൻ ഒരു കറക്കം നടത്തിയെങ്കിലും ഒറ്റ കടയും തുറന്നിട്ടില്ല. പൊതുവെ ഞായറാഴ്ച, പോരാത്തതിന് ഹർത്താലും ഗ്യാസില്ല,കറണ്ടില്ല ഹോട്ടലും,കടകളൊന്നും തുറന്നിട്ടില്ല!!!! വിഷമിച്ചുകൊണ്ട് വീട്ടിലേക്ക് തന്നെ മടങ്ങി "ഇനിയെന്തു ചെയ്യും? എല്ലാവരും വായു ഭക്ഷിച്ചോ" ഭാര്യയുടെ രോഷപ്രകടനം, മക്കൾ രണ്ടുപേരും ഉണർന്നിരിക്കുന്നു, "അമ്മേ ചായ" രണ്ടുപേർക്കും വിശപ്പിന്റെ സൈറൺ മുഴങ്ങിതുടങ്ങിയിരിക്കുന്നു. രാവിലെവെച്ച കട്ടൻ ചായ തണുത്തിരിക്കുന്നു. ചൂടാക്കുവാനാണെങ്കിൽ ഗ്യാസുമില്ല, അതിനാൽ തന്നെ രണ്ടുപേരും കട്ടൻ വേണ്ടെന്ന് വെച്ചു. രണ്ടാൾക്കും ഇപ്പോൾ മോഡേൺ,ഫാസ്റ്റ്ഫുഡ് മാത്രമെ ഇഷ്ടമുള്ളൂ.വീട്ടിൽ വെയ്ക്കുന്നതൊന്നും വലിയ ഇഷടമില്ല. പരമാവധി ഇവരുടെ ഇഷ്ടത്തിനൊത്ത ഭക്ഷണം തയ്യാറാക്കുവാൻ പ്രിയതമ ശ്രദ്ധിക്കാറുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള പട്ടണ ജീവിതം ഇവരുടെ സാധാരണ ഭക്ഷണക്രമവും രുചിയും മാറ്റിമറിച്ചിരിക്കുന്നു.ഇടക്ക് വീണികിട്ടിയിരിക്കുന്ന അഞ്ച് ദിവസ്സത്തെ അവധി കാരണം മക്കൾ രണ്ടുപേരും വീട്ടിൽ എത്തിയിരിക്കുകയാണ്.അസുഖം കാരണം മക്കളുടെ ഇഷ്ടത്തിനൊത്ത് ഒന്നും പാചകം ചെയ്ത് കൊടുക്കാൻ സാധിക്കാത്തതിന്റെ വിഷമത്തിലാണ് ഭാര്യ.അവൾക്കാണെങ്കിൽ സങ്കടവും ദേഷ്യവും. പതിവുപോലെ കുറ്റമെല്ലാം എന്റെ മേലെകെട്ടിവെച്ച് അവൾ സമാധാനിച്ചു.

"പരസ്പരം കുറ്റം പറഞ്ഞിട്ട് കാര്യമില്ലല്ലല്ലോ എങ്ങനെ പ്രാക്റ്റിക്കൽ ആകാം എന്നല്ലേ ഇവിടെ നോക്കേണ്ടത" ഒരുശരാശരി മലയാളി കുംടുബനാഥനെ പോലെ ഭാര്യയുടെ മുന്നിൽ ഞാനും അൽപ്പം തത്ത്വജ്ഞാനിയായി. "പ്രാക്റ്റിക്കലോ തിയറിയോ എന്തെങ്കിലും ആയിക്കോ പറയുന്ന സമയത്ത് കാര്യങ്ങൾ ശ്രദ്ധിക്കണം ഇപ്പോൾ പ്രാക്റ്റിക്കൽ ആയിട്ട് കാര്യമില്ല. യഥാസമയം വേണ്ടത് ചെയ്യുകയാണ് വേണ്ടത്.അങ്ങിനെ ചെയ്തിരുന്നെങ്കിൽ ഇപ്പോൾ കിടന്ന് കഷ്ടപ്പെടുമായിരുന്നോ?" അവൾ പിറുപിറുത്തുകൊണ്ടണ്ട് പുറകിലേക്ക് പോയി.

അവൾ പറയുന്നത് ശരിയാ, പക്ഷെ എന്റെ തിരക്കും കൂടി മനസ്സിലാക്കണ്ടെ രാത്രി എത്തുമ്പോൾ തന്നെ വൈകും പിന്നെ പുറത്തോട്ട് ഇറങ്ങാൻ മടിയാവും ഒറ്റയ്ക്ക് മാർക്കറ്റിൽ പോയാൽ ശരിയാവില്ല അവളുംകൂടി ഉണ്ടെങ്കിൽ എല്ലാം നോക്കി എടുക്കാൻപറ്റും. അതിനാൽ ഓഫീസിൽ നിന്ന് വരുമ്പോൾ നേരെ വീട്ടിലോട്ട് പോരും.

ഇനിയിപ്പോൾ എന്തുചെയ്യും ഉച്ചഭക്ഷണം ലഭിക്കുന്ന അമ്പലങ്ങളും അടുത്തൊന്നുമില്ല ഹർത്താൽ കാരണം ദൂരെ പോവാനും വയ്യ വെറുതെ ഒന്ന് വീടിന്റെ പുറത്തിറങ്ങി, തൊടിയിൽ അതാ നമ്മുടെ തേൻവരിക്കാപ്ലാവ് നിൽക്കുന്നു.മൂന്ന്നാല് ചക്കയുണ്ട്. എല്ലാം മൂത്ത് പഴുക്കാൻ ആയിരി



ക്കുന്നു. "ഹായ് ചക്ക!" പെട്ടന്ന് തന്നെ തലയിൽ ഐഡിയ ഉദിച്ചു. ഇനി താമസ്സിക്കേണ്ടണ്ട വീട്ടിലുണ്ടായിരുന്ന ഒരു ഏണി എടുത്ത് പ്ലാവിൽ കയറി നല്ല രണ്ട് ചക്ക പറിച്ചുതാഴെയിട്ടു.ഇത്തിരി കഷ്ട്ടപ്പെട്ടാമെങ്കിലും ചക്ക ചുമന്ന് മുറ്റത്തിട്ടു.സർവ്വ അരിശവും അതിനോട് തീർത്തപോലെ വെട്ടിമുറിച്ച് ചെറിയ കഷ്ണമാക്കി മാറ്റി, ഇരിഞ്ഞ് ഒരു പാത്രത്തിലിട്ട് ഭാര്യയുടെ മുന്നിൽ വെച്ചുകൊടുത്തു.മക്കൾ ഇടയ്ക്ക് അടുക്കളയിലേക്ക് നോക്കുന്നുണ്ടണ്ട്.വിശപ്പുണ്ടെന്നറിയാം പക്ഷെ അതങ്ങ് തുറന്ന് പ്രകടിപ്പിക്കുന്നില്ല എന്ന് മാത്രം രണ്ടുപേരും വീണ്ടും മൊബൈലിൽ തലയും കുനിച്ചിരിപ്പായി.

വീടിന്റെ പ്രവൃത്തികഴിഞ്ഞപ്പോൾ കുറച്ച് മരക്കഷ്ണങ്ങൾ ബാക്കി വന്നിരുന്നു. അത് വർക്ക് ഏരിയയിൽ വെച്ചതുകാരണം മഴ നനഞ്ഞുകേടായിൽ. വാക്കത്തികൊണ്ട് വെട്ടി ചെറിയ കഷ്ണങ്ങളാക്കി അടുപ്പിൽ വെയ്ക്കുവാൻ പാകത്തിലാക്കികൊടുത്തു. വീട് വെച്ചപ്പോൾ പുറത്ത് ഒരടുപ്പ് വെയ്ക്കുവാൻ തോന്നിയത് ഭാഗ്യം! അരി കുറച്ച് ബാക്കി ഉണ്ടായിരുന്നത് കഴുകി അവൾ പാത്രത്തിലാക്കി, അടുപ്പത്ത് വെച്ചു. ഊതിയും, വീശിയും ഒരുവിധം തീകത്തിച്ചു. രണ്ടുപേരും ചേർന്നു ചക്കച്ചുള ചെറുതായി മുറിച്ചുപാത്രത്തിലാക്കി. അരി വെന്തു കഴിഞ്ഞിരുന്നു വേഗം തന്നെ ചക്കയെ അടുപ്പിലാക്കി. സ്റ്റോർ മുറിയിൽ തപ്പിനോക്കിയപ്പോൾ തേങ്ങ രണ്ടെണ്ണം ബാക്കിയുണ്ട് പിന്നെ അമാന്തിച്ചില്ല തേങ്ങ പൊട്ടിച്ചു ചിരവിയെടുത്തു. ഉപ്പിലിട്ടമാങ്ങ ഒരെണ്ണമെടുത്ത് അതിൽ മുറിച്ചിട്ടു ഉള്ളിയും വെളുത്തുള്ളിയും കുറച്ചുകിട്ടി, മുറ്റത്ത് നിൽക്കുന്ന മുളകുചെടിയിൽ തപ്പിനോക്കിയപ്പോൾ കുറച്ച് കാന്താരിമുളകും കിട്ടി. അമ്മികല്ല് ഉണ്ടായിരുന്നെങ്കിലും അത് ഉപയോഗിക്കുന്നത് വളരെ അപൂർവ്വം ഞാൻ തന്നെ അമ്മികല്ല് കഴുകിവൃത്തിയാക്കി , ഈ തേങ്ങയും മറ്റു സാധനങ്ങളും ചേർത്ത് നല്ല ഒരു ചമ്മന്തി ഉണ്ടാക്കി ഉരുട്ടിയെടുത്തു, ഇത്തിരി നാവിൽ വെച്ചുനോക്കി "കൊള്ളാം ഉഗ്രൻ" ഓ! ചക്ക വെന്തു കഴിഞ്ഞിരിക്കുന്നു. ഇത്തിരി കാന്താരിമുളകും ഉള്ളിയും തേങ്ങയും കൂടി ഞെരുടി അതിലിട്ടു.കുറച്ചു ഉഴുന്നുപരിപ്പും വെളുത്തുള്ളിയും കൂടി കടുക് വറുത്ത് ചക്കയിലിട്ടപ്പോഴേക്കും നല്ല മണം വായിൽ വെള്ളമൂറി ഇപ്പോൾ സമയം 1.30 .എല്ലാവരും വിശപ്പിന്റെ പാരമ്യതയിൽ എത്തിയിട്ടുണ്ടായിരുന്നു. ചൂട് കഞ്ഞിയും ചക്കയും ചമ്മന്തിയും വെറെ വെറെ പാത്രത്തിലാക്കി, എല്ലാവരെയും ഭക്ഷണം കഴിക്കുവാൻ വിളിച്ചു.ഗത്യന്തരമില്ലാതെ മക്കളും വന്നിരുന്നു. കഞ്ഞിയും, ചക്കയും, ചമ്മന്തിയും കഴിച്ചുതുടങ്ങിയപ്പോൾ ഞാൻ അവരുടെ മുഖം ഒന്ന് ശ്രദ്ധിച്ചു; വലിയ കുഴപ്പമെന്നും കാണുന്നില്ല രണ്ടുപേർക്കും ഇഷ്ടപ്പെട്ടമട്ടാണ്. സാധാരണ ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ പാത്രത്തിൽ കുറച്ച് ബാക്കി ഉണ്ടാകും ഇന്ന് ആ പതിവ് തെറ്റിച്ചിരിക്കുന്നു, നോക്കിയപ്പോൾ പാത്രം കാലി. "കഞ്ഞിക്കും ചക്കയ്ക്കും ചമ്മന്തിക്കുമൊക്കെ ഇത്ര രുചിയുണ്ടെന്ന് ഇന്നാണറിഞ്ഞത്" രണ്ടുപേരുടെയും വക കമന്റ് ഭാര്യ എന്നെ സമ്മതിച്ചമട്ടിൽ ഒരു മന്ദസ്മിതം തൂകി.

"മക്കളെ വിശപ്പാണ് ഏറ്റവും നല്ല രുചി. അതുണ്ടെങ്കിൽ ഏത് ഭക്ഷണവും നന്നായി കഴിക്കുകയും ചെയ്യും. ഏറ്റവും കൂടുതൽ ഔഷധ ഗുണമുള്ളതും കാലാകാലങ്ങളിൽ പ്രകൃതി നമുക്കറിഞ്ഞ് നൽകുന്നതും സുലഭമായതുമായ നമ്മുടെ പ്രകൃതിവിഭവങ്ങളെ പരിഷ്ക്കാരത്തിന്റെ പേരിൽ മറന്ന് അനാവശ്യമായ രുചി തേടിപ്പോയതാണ് നമ്മുടെ തെറ്റ്. ഇപ്പോൾ മനസ്സിലായോ നമ്മുടെ നാടൻ ഭക്ഷണത്തിന്റെ രുചിയും ഗുണവും. വൈകുന്നേരത്തെ കട്ടൻചായയ്ക്കും രാത്രിയിലേയ്ക്കും ഭക്ഷണം മിച്ചമുണ്ടണ്ട്. ധൈര്യമായി പോയ്ക്കോ" പിള്ളാർക്ക് നല്ല ഒരുപദേശം നൽകിയപ്പോൾ സംഗതി ശുഭം.

◆

കണ്ണൂർ ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറാണ് ലേഖകൻ.

ഊർജത്തിന്റെ ഉറവിടം ഭക്ഷണമാണ്. ശരീരത്തിന്റെ ആരോഗ്യത്തിനും വളർച്ചയ്ക്കും നല്ല ഭക്ഷണം കഴിക്കണം. രോഗങ്ങൾ ഒഴിവാക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം ആരോഗ്യകരമായ ഭക്ഷണരീതിയാണ്.

നമ്മുടെ സംസ്കാരം ഭക്ഷണത്തെ ആദരിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നതോടൊപ്പം തന്നെ ശ്രേഷ്ഠമായി കാണുകയും ചെയ്യുന്നു. "അന്നം ബ്രഹ്മോപാസനേ" എന്നാണ് മഹത്തായ ഉപനിഷദ് വാക്യം.

ആധുനിക മനുഷ്യന്റെ തിരക്കുപിടിച്ച ജീവിതശൈലിയും അനാരോഗ്യകരമായ ശീലങ്ങളും ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിച്ചത് ഭക്ഷണരീതികളെയാണ്. ഫാസ്റ്റ് ഫുഡും, ജങ്ഫുഡുമൊക്കെ വ്യാപകമായതോടെ പ്രമേഹം, ഹൃദ്രോഹം, പൊണ്ണത്തടി തുടങ്ങിയ 'ലൈഫ് സ്റ്റൈൽ" രോഗങ്ങൾ വർദ്ധിച്ചു. ഭക്ഷണ വിഭവങ്ങൾ തെരഞ്ഞെടുക്കുന്നതിലും, പാകം ചെയ്യുന്നതിലും ഭക്ഷണം കഴിക്കുന്ന രീതിയിലും നാം പ്രത്യേകം ശ്രദ്ധിക്കണം.

ആരോഗ്യകേരളം സ്വപ്നം കാണുന്ന നമ്മൾ ഒരുപാട് ആശങ്കകളുടെ നടുവിലാണ്. രോഗങ്ങൾ അലട്ടുന്ന സമൂഹമാണിന്ന് കേരളം. കേരളത്തിൽ വലിയ തോതിൽ കാൻസർ കൂടിവരുന്നു. ഈ വർഷം 50,000 പേരിൽ കാൻസർ കണ്ടെത്തുന്നു. പഞ്ചാബിലെ ഭട്ടിൻഡയിൽ നിന്ന് രാജസ്ഥാനിലെ ബിക്കാനീറിലേക്കുള്ള പാസഞ്ചർ ട്രെയിൻ അറിയപ്പെടുന്നത് കാൻസർ ട്രെയിൻ എന്നാണ്. പഞ്ചാബിൽ നിന്ന് കാൻസർ രോഗികൾ കൂട്ടമായി ബിക്കാനീറിലേക്ക് യാത്ര ചെയ്യുന്നതിനാലാണ് ഈ പേര് വന്നത്.

കീടനാശിനികൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ തിരിച്ചറിയാൽ നമുക്ക് പഞ്ചാബിൽ പോകേണ്ട കാര്യമില്ല. കാസർകോട്ട് വിഷമഴയായി പെയ്ത എൻഡോസൾഫാൻ വിതച്ച ദുരന്തം ലോകം മുഴുവൻ കണ്ടതാണ്. മസ്തിഷ്ക രോഗങ്ങൾ, അപസ്മാരം, ഹൃദയവൈകല്യങ്ങൾ, വന്ധ്യത, മാസം തികയാത്ത പ്രസവങ്ങൾ, ചാപിള്ളയുടെ ജനനം, നവജാത ശിശുക്കളുടെ

വിഷം വിളയും പാടങ്ങളും വിഷമയമായ ഭക്ഷണവും

കെ. ശ്രീകണ്ഠൻ നായർ

മരണം, തുടങ്ങിയ പല പ്രശ്നങ്ങളും തലമുറകളിലേക്ക് പകരുകയും ജീവിക്കുന്ന ജീവച്ഛവങ്ങളായി മാറുകയും ചെയ്യുന്ന കാഴ്ച നമ്മെ ദുഃഖിപ്പിക്കുന്നു. ഇന്ന് മലയാളി തിന്നുന്ന പച്ചക്കറികളിൽ അധികവും തമിഴ്‌നാട്ടിലെയും കർണാടകയിലെയും വിശാലമായ പച്ചക്കറി തോട്ടങ്ങളിൽ വിളയുന്നവയാണ്. ഈ പാടങ്ങളിൽ കൃഷി രീതി ഒന്ന് നേരിട്ട് കാണുക; വിഷത്തിൽ കുളിച്ച് നിൽക്കുന്ന പച്ചക്കറികൾ. വിത്തിടും മുമ്പേ വിഷപ്രയോഗം തുടങ്ങുന്നു. കീടനാശിനിയാലും, കുമിൾനാശിനിയായും, കളനാശിനിയായും ചെടികൾക്കുള്ള ഹോർമോണുമെല്ലാം അവ പെയ്തിറങ്ങും. നൂറ്റിഇരുപത് ദിവസം വേണ്ട വെളുത്തുള്ളിക്ക് 12 തവണ കീടനാശിനി തളിക്കാം. മൂന്ന് മാസം വേണ്ട കാരറ്റിന് 15 തവണ കീടനാശിനി പ്രയോഗിക്കാം. മൂന്ന് മാസം വേണ്ട ഉരുളക്കിഴങ്ങിന് 20 തവണ മരുന്നടിക്കാം. കാബേജ്, കറിവേപ്പിലയും വിഷമഴയേറ്റാണ് വളരുന്നത്. വിപണിയിൽ നിന്ന് വാങ്ങി പച്ചക്കറികൾ അരിഞ്ഞൊരുക്കി സ്വാദിഷ്ട വിഭവങ്ങളുണ്ടാക്കി കഴിക്കുമ്പോൾ ഓർക്കുക- കൊടുംവിഷമാണ് കഴിക്കുന്നത്. രാജ്യത്ത് ഉത്പാദനവും വിതരണവും ഉപയോഗവും നിരോധിച്ച വിഷവസ്തുക്കളാണ് ഇവയിൽ പലതും.

ഭക്ഷണത്തോടൊപ്പം ഏറ്റവും കൂടുതൽ കീടനാശിനി അകത്താക്കാനുള്ള സംസ്ഥാനം കേരളം തന്നെയാണ്. കഴിക്കുന്ന ഭക്ഷണത്തിലും കുടിക്കുന്ന വെള്ളത്തിലും ശ്വസിക്കുന്ന വായുവിലും കീടനാശിനിയുടെ അവശിഷ്ടങ്ങൾ ധാരാളം അടങ്ങിയിരിക്കുന്നു. നമ്മൾ ഓരോരുത്തരും ജീവിക്കുന്നത് കീടനാശിനികളുമായിട്ടാണ്. ഫലത്തിൽ കീടനാശിനി ശേഖരിക്കുന്ന ഒരു ചവറ്റു കൊട്ടയാണ് മനുഷ്യശരീരം.കീടനാശിനിയുടെ തുടക്കം ഗർഭപാത്രത്തിൽ നിന്ന് തന്നെയാണ്. കുഞ്ഞു പിറന്ന് കഴിയുമ്പോൾ തന്നെ ആവശ്യമില്ലാത്ത രാസവസ്തുക്കളും കീടനാശിനിയും ഏറെയുണ്ടാകും.

കൃഷിയിടങ്ങളിലെ കളകളെയും കീടങ്ങളെയും നശിപ്പിക്കാൻ പ്രയോഗിക്കുന്ന വിഷങ്ങൾ മനുഷ്യന്റെ ആരോഗ്യത്തിന് ഭീഷണിയാണ്. ചെറിയ അളവിൽ ദീർഘകാലം കീടനാശിനി ശരീരത്തിൽ എത്തുന്നത് ഭാവിയിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിയൊരുക്കും. രാസകീട നാശിനികൾ കാൻസറിന് കാരണമാകും. ഡി.എൻ.എ. തകരാറിലാകും. ഗർഭസ്ഥ ശിശുവിൽ രാസഘടകങ്ങൾ എത്തുമ്പോൾ ഹോർമോണുകളുടെ പ്രവർത്തനം വഴിതെറ്റും.

തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിൽ സംസ്ഥാനത്തിലെ വിവിധ ജില്ലകളിൽനിന്ന് നേരിട്ട് പച്ചക്കറി ലബോറട്ടറിയിൽ പരിശോധിച്ചപ്പോൾ കീടനാശിനിയുടെ ഞെട്ടിക്കുന്ന വിവരമാണ് ലഭിച്ചത്. കീടനാശിനികൾ പോലുള്ള രാസവസ്തുക്കളുടെ നേർത്ത അളവിലുള്ള സാന്നിധ്യം പോലും കുട്ടികളുടെ ആരോഗ്യത്തെ ബാധിക്കും. കുഞ്ഞിന് ഗർഭപാത്രത്തിനകത്ത് പോലും രക്ഷയില്ലാത്ത സ്ഥിതി!

കൃഷിയിടങ്ങളിലെ കളകളെയും കീടങ്ങളെയും നശിപ്പിക്കാൻ പ്രയോഗിക്കുന്ന വിഷങ്ങൾ മനുഷ്യന്റെ ആരോഗ്യത്തിന് ഭീഷണിയാണ്. ചെറിയ അളവിൽ ദീർഘകാലം കീടനാശിനി ശരീരത്തിൽ എത്തുന്നത് ഭാവിയിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിയൊരുക്കും.

ജനിക്കുമ്പോൾ തന്നെ കീടനാശിനിയുടെ അംശം കാണും. മുലപ്പാലിൽ കീടനാശിനി ഉണ്ടാകും. കുട്ടികളെ രാസകീടനാശിനികൾ എങ്ങനെ ബാധിക്കുന്നുവെന്ന കാര്യത്തിൽ പഠനങ്ങൾ തെളിയിക്കുന്ന ഞെട്ടിക്കുന്ന വിവരങ്ങളാണ്. ബ്ലെഡ് കാൻസർ മുതൽ ബ്രെയിൻ ട്യൂമർ, നാഡി-മസ്തിഷ്ക തകരാറുകൾ, ആസ്ത്മ, ജന്മവൈകല്യം എന്നിവ ഉത്ക്കണ്ഠ ഉളവാക്കുന്ന വസ്തുതയാണ്. ലോകാരോഗ്യ സംഘടന തന്നെ ഈ ആശങ്ക പങ്കുവെയ്ക്കുന്നുണ്ട്.

നമ്മുടെ കുട്ടികളെ രക്ഷിക്കുക

കുഞ്ഞുങ്ങളെ രക്ഷിക്കാൻ മുതിർന്നവർക്ക് ബാധ്യതയുണ്ട്. അത് ഭാവി തലമുറകൾക്ക് വേണ്ടിയുള്ളതാണ്. ഈ രാസവസ്തുക്കൾ കാരണം തകരാറുകൾ വന്നാൽ പിന്നെ പൂർവ്വസ്ഥിതിയിലേക്ക് തിരിച്ചെത്തിക്കാൻ കഴിയില്ല. അതുകൊണ്ട് കീടനാശിനികളെ ഒഴിവാക്കണം. നമുക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ നാം സ്വയം തന്നെ കൃഷി ചെയ്യുന്നു. അത് വിഷം പുരണ്ടതായിരിക്കരുത്. മട്ടുപ്പാവും, വീട്ടുവളപ്പിലും അടുക്കളത്തോട്ടങ്ങൾ ഉണ്ടാവണം. അൽപ്പമൊന്ന് മിനക്കെടാൻ തയ്യാറായാൽ കുടുംബത്തിന് ആവശ്യമുള്ള പച്ചക്കറികൾ സ്വന്തമായി കൃഷിചെയ്ത് എടുക്കാം.

പച്ചക്കറി വിഷം കളഞ്ഞ് ഉപയോഗിക്കുക

വിപണിയിൽ കിട്ടുന്ന അന്യ സംസ്ഥാന പച്ചക്കറികളിൽ പലതിലും ഉയർന്ന അളവിൽ കീടനാശിനി വിഷാംശം കണ്ടെത്തിയ കേരള കാർഷിക സർവ്വകലാശാല അത് കളയാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു.

കേരളീയർ കൂടുതലായി ഉപയോഗിക്കുന്ന പയർ, പടവലം, ചീര, ചുമന്നുള്ളി, കാരറ്റ്, ബീറ്റ്റൂട്ട്, മുരിങ്ങക്കായ, മല്ലിയില, കറിവേപ്പില, കോളിഫ്ളവർ, കാബേജ്, പാവയ്ക്ക, വെണ്ടയ്ക്ക, തക്കാളി, പച്ചമുളക്, കത്തിരി, വെള്ളരി തുടങ്ങിയ പച്ചക്കറികൾ വിനാഗിരി ലായിനിയിലോ, വാളൻപുളി ലായനിയിലെ പത്ത് മിനിറ്റ് മുക്കിവച്ചശേഷം പല ആവർത്തി കഴുകി ഫ്രിഡ്ജിൽ സൂക്ഷിച്ച് ആവശ്യത്തിന് ഉപയോഗിക്കുക.

ചുവന്നുള്ളിയും വെളുത്തുള്ളിയും ഉണങ്ങിയ തൊലി മുഴുവൻ പൊളിച്ചുകളഞ്ഞ്, പലയാവർത്തി വെള്ളത്തിൽ കഴുകിയ ശേഷം ഉപയോഗിക്കുക.

മല്ലിയില വേര് മുറിച്ച് കളഞ്ഞ് കോട്ടൻ തുണിയിൽ പൊതിഞ്ഞ് പ്ലാസ്റ്റിക് കണ്ടെയിനറിൽ ഫ്രിഡ്ജിൽ സൂക്ഷിച്ച് ഉപയോഗത്തിന് തൊട്ടുമുമ്പ് വിനാഗിരി ലായനിയിലോ, ഉപ്പുലായനിയിലോ പത്ത് മിനിറ്റ് മുക്കിവച്ച് വെള്ളത്തിൽ പലവട്ടം കഴുകി ഉപയോഗിക്കാം.

"പച്ചക്കറികളിലെ വിഷാംശം ചെലവുകുറഞ്ഞ മാർഗ്ഗങ്ങളിലൂടെ നീക്കം ചെയ്യൂ. കുടുംബത്തിൽ ഏവരുടെയും ആരോഗ്യം സംരക്ഷിക്കൂ" എന്ന സന്ദേശമാണ് സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മിഷണറുടെ ആഫീസ് ജനങ്ങൾക്ക് നൽകുന്ന നിർദ്ദേശം. ◆

ആർ. രവീന്ദ്രൻ

മാലിന്യങ്ങൾ സംസ്കരിച്ച് ജൈവവളങ്ങൾ
പർപ്പിൾ പാഷൻ ഫ്രൂട്ട് നട്ട് വളർത്താം

വീട് മാലിന്യങ്ങളുടെ സംസ്കരണം. നമ്മൾ എല്ലാ കാലത്തും അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ്. പണ്ടൊക്കെ നഗരവാസികളെയാണ് ഇത് കൂടുതൽ കുഴക്കിയിരുന്നത്. വീട്ട് വളപ്പിൽ സ്ഥലം ഇല്ലാത്തതിനാൽ ഇത് നിക്ഷേപിക്കാൻ കോർപ്പറേഷന്റെയോ, മുൻസിപ്പാലിറ്റിയുടെയോ മാലിന്യം നീക്കം ചെയ്യുന്ന വാഹനങ്ങളെ ആശ്രയിക്കുക എന്ന വഴിയേ ഉണ്ടായിരുന്നുള്ളൂ. ഈ വിഷയം ഇന്ന് ഗ്രാമപ്രദേശത്ത് വസിക്കുന്ന വരേയും വല്ലാതെ അലട്ടുന്നു. ഇത് സംബന്ധിച്ച് പല ഗ്രാമപഞ്ചായത്തുകളും മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്ക്കരിച്ചെങ്കിലും വേണ്ടത്ര വിജയിച്ചതായി പറയാനാകുന്നില്ല. ഈ അവസരത്തിൽ കൃഷിക്ക് ആവശ്യമായ ചില ജൈവ വളങ്ങൾ വീട്ടു മാലിന്യങ്ങൾ സംസ്കരിച്ച് ഉണ്ടാക്കിയെടുക്കുന്നത് എങ്ങനെയെന്നും, അവയുടെ ഉപയോഗം പരിചയപ്പെടുത്തുകയാണ് ഇവിടെ. ഹൃദയാമൃതം (സസ്യവളർച്ചയ്ക്ക് ആവശ്യമുള്ള എല്ലാ ഗുണങ്ങളും ഉള്ളതുകൊണ്ട് ഇങ്ങനെ നാമകരണം ചെയ്തു) വെർമ്മി കമ്പോസ്റ്റ്, വെർമി വാഷ്, ഫിഷ് അമിനോ ആസിഡ്, മുട്ട മിശ്രിതം എന്നിവ ചില ഉദാഹരണങ്ങളാണ്.

വെർമി കമ്പോസ്റ്റ്, വെർമി വാഷ്

ജൈവവസ്തുക്കൾ 'യൂഡ്രില സ്സ് യുജിനേ' വർഗ്ഗത്തിൽപ്പെട്ട മണ്ണിരയ്ക്ക് ആഹാരമായി കൊടുത്ത് അത് ഭക്ഷിച്ചു കിട്ടുന്ന വിസ്സർജ്യമാണ് മണ്ണിര കമ്പോസ്റ്റ്. കമ്പോസ്റ്റ് യൂണിറ്റിൽ നിന്ന് ഊറിവരുന്ന വെള്ളം ശേഖരിച്ചെടുക്കുന്നതാണ് വെർമി വാഷ്. പോഷക മൂലകങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, ഹോർമോണുകൾ, വിറ്റാമിനുകൾ, ആന്റി ബയോട്ടിക്കുകൾ, അന്തരീക്ഷത്തിലെ നൈട്രജനെ സ്ഥിരീകരിക്കാനും ലേയത്വം കുറഞ്ഞ ഫോസ്ഫറസ്സിന്റെ ലഭ്യത കൂട്ടാനും മറ്റും സഹായിക്കുന്ന പലതരം സൂക്ഷ്മാണുക്കളും ഇതിൽ ഉണ്ട്. ഇത് സസ്യവളർച്ചയ്ക്ക് സഹായിക്കുന്നു. അഞ്ചിരട്ടി വെള്ളം ചേർത്ത് ചുവട്ടിൽ ഒഴിക്കുകയും എട്ടിരട്ടി വെള്ളം ചേർത്ത് തളിക്കുകയും ചെയ്യാവുന്നതാണ്.

ഫിഷ് അമിനോ ആസിഡ്

മത്തി മീനും ശർക്കരയുമാണ് ഫിഷ് അമിനോ ആസിഡ് ഉണ്ടാക്കുവാൻ ഉപയോഗിക്കുന്നത്. ഒരു കിലോ മത്തി മീൻ വെള്ളത്തിൽ കഴുകി വെള്ളം തോർന്നതിനു ശേഷം ചെറിയ കഷ്ണങ്ങളാക്കി 1.250 ഗ്രാം ശർക്കര പൊടിച്ചു കഷ്ണങ്ങളാക്കിയ മീനുമായി നല്ലതുപോലെ ഇളക്കി വായു കടക്കാത്ത ജാറിലിട്ട് (ജാറിന്റെ മുക്കാൽ ഭാഗം) അടച്ച് അമ്പതു ദിവസം തണലത്തു വയ്ക്കണം. അത് കഴിഞ്ഞ് നല്ലതുപോലെ കലക്കി ഉടച്ച് എടുക്കുന്നതിനെ മുപ്പതിരട്ടി വെള്ളം ചേർത്ത് കലക്കി ചെടികളുടെ ചുവട്ടിൽ ഒഴിക്കുകയും മുപ്പത്തഞ്ചിരട്ടി വെള്ളം ചേർത്ത് കലക്കി അരിച്ചെടുത്ത് ചെടികളിൽ തളിക്കുകയും ചെയ്യാവുന്നതാണ്.

ഹൃദയാമൃതം (ഗവ്യം)

ചിലവ് കുറഞ്ഞ നല്ല ഫലപൂയിഷ്ഠമായ വളമാണ് ഹൃദയാമൃതം. ഇരുപത് ലിറ്റർ അളവുള്ള അടപ്പുള്ള മൂന്നു ബക്കറ്റും 80 ലിറ്റർ കൊള്ളുന്ന ഒരു ബാരലും ഇതിലേക്ക് ആവശ്യമുണ്ട്. നാം ഓരോ ദിവസവും ആഹാരം കഴിച്ച് അധികം വരുന്നവ (ചോറ്, കറികൾ, പലഹാരങ്ങൾ, കഞ്ഞിവെള്ളം, തേയില കൊത്ത്) എല്ലാം ഞവിടി ഉടച്ച് ബക്കറ്റിലാക്കി ഒരു കൈ കുമ്മായമിട്ട് ഇളക്കി വയ്ക്കണം. ഓരോ ദിവസവും ഒഴിച്ച് ബക്കറ്റ് നിറയുമ്പോൾ നല്ലതുപോലെ കലക്കി 30 ദിവസം വയ്ക്കണം. എരിവ്, പുളി, ഉപ്പ്, മധുരം എല്ലാം ഉള്ളതുകാരണം കുമ്മായം ഇട്ട് 30 ദിവസം വയ്ക്കുമ്പോൾ ഇതിലുള്ള അമ്ലത്വം മാറിക്കിട്ടുന്നു.

രണ്ടാമത്തെ ബക്കറ്റിൽ പച്ചിലകളിൽ ശർക്കര ലായനി ചേർത്തു വയ്ക്കേണ്ടതാണ്. മണമുള്ളത്, നാറ്റമുള്ളത്, കയ്പ്പുള്ളത്, കറയുള്ളത് എന്നിങ്ങനെ നാലു വിഭാഗത്തിൽപ്പെട്ട പച്ചിലകൾ പ്രധാനമായും വേണം.

മണമുള്ളത്: തുളസി, തുമ്പച്ചെടി, കുറുംതോട്ടി തുടങ്ങിയവ

നാറ്റമുള്ളത്: പെരവലം, നാറ്റപ്പൂച്ചെടി (കമ്യൂണിസ്റ്റ് പച്ച) തുടങ്ങിയവ

കയ്പ്പുള്ളത്: വേപ്പ്, കാഞ്ഞിരം, ആടലോടകം തുടങ്ങിയവ

കറയുള്ളത്: പാല, പപ്പായ, ഇല, മരിച്ചിനി ഇല തുടങ്ങിയവ

കൂടാതെ ശീമക്കൊന്ന, നൊച്ചി, കിരിയാത്ത്, ചൊറിയണം, തൊട്ടാവാടി, വാറ്റ്പുല്ല്, കുടങ്ങൾ, കാച്ചിലിന്റെ ഇല, പാഷൻ ഫ്രൂട്ടിന്റെ ഇലകൾ തുടങ്ങി കിട്ടാവുന്നിടത്തോളം പച്ചിലകൾ ശേഖരിച്ച് കഷ്ണങ്ങളാക്കി ബക്കറ്റിലിട്ട് കഞ്ഞിവെള്ളവും അരി കഴുകുന്ന വെള്ളവും ഒഴിച്ച് അതിൽ 500 ഗ്രാം ശർക്കര ലായനിയാക്കി ചേർത്ത് നല്ലതുപോലെ കലക്കി അടച്ച് തണലത്ത് ഒരു മാസം വയ്ക്കണം. അഞ്ച് ദിവസത്തിലൊരിക്കെ ഇളക്കിക്കൊടുക്കണം. ഒന്നും രണ്ടും ബക്കറ്റിലുള്ളത് ഒരു മാസമാകുമ്പോൾ മൂന്നാമത്തെ ബക്കറ്റിൽ 10 കി.ഗ്രാം ചാണകവും 10 ലിറ്റർ ഗോമൂത്രവും ചേർത്ത് കലക്കണം. എന്നിട്ട് മൂന്നു ബക്കറ്റിലുള്ളതും ബാരലിൽ ഒഴിച്ച് അതിൽ 500 ഗ്രാം ശർക്കര ലായനിയും കൂടി ഒഴിച്ച് നല്ലതുപോലെ ഇളക്കി അടച്ച് തണലത്ത് 10 ദിവസം കൂടി വയ്ക്കണം. അതുകഴിഞ്ഞ് ഒരു കിലോ ധാന്യപ്പൊടി ചേർക്കണം. ഇതിനോടൊപ്പം തയ്യാറാക്കി വച്ചിട്ടുള്ള രണ്ട് കിലോ ഗ്രാം മത്തി മീനിൽ ഉണ്ടാക്കിയ ഫിഷ് അമിനോ ആസിഡും 10 ലിറ്റർ വെർമി വാഷും കൂടി ചേർത്ത് ഇളക്കണം. ഇത് അഞ്ചു ദിവസം കൂടി വയ്ക്കണം.

എല്ലാ ദിവസവും ഇളക്കിക്കൊടുക്കണം. 45 ദിവസം ആകുമ്പോഴേക്കും ഹൃദയാമൃതം തയ്യാറായി. ഇത് ഒരു ലിറ്ററിൽ 25 ലിറ്റർ വെള്ളം ചേർത്ത് കലക്കി അരിച്ചെടുത്ത് ചെടികളിൽ തളിക്കാം. (ഇതിൽ ക്ലോറിൻ കലർന്ന പൈപ്പ് വെള്ളം ഉപയോഗിക്കരുത്). ചെടിയുടെ ചുവട്ടിൽ ഒഴിക്കുന്നത് വൈകുന്നേരമാണ്. മൂന്നു ദിവസത്തിൽ ഒരിക്കൽ ഉപയോഗിക്കാം.

മുട്ട മിശ്രിതം

പൂവ് പൊഴിച്ചിൽ തടയാനും കൂടുതൽ കായ് പിടിക്കാനും ആണ് മുട്ട മിശ്രിതം ഉപയോഗിക്കുന്നത്. നാടൻ കോഴിമുട്ടയും, ചെറുനാരങ്ങാ നീരും, ശർക്കരയും ആണ് ഇതിനാവശ്യം ഉദാഹരണത്തിന് ആറ് നാടൻ കോഴി മുട്ട വായു കടക്കാത്ത ജാറിൽ അടുക്കി വച്ച് മുട്ട മുങ്ങിനിൽക്കത്തക്ക വിധത്തിൽ ചെറുനാരങ്ങാ നീരൊഴിച്ച് അടച്ച് തണലത്ത് 15 ദിവസം വയ്ക്കുക. 15 ദിവസം കഴിഞ്ഞ് 150 ഗ്രാം ശർക്കര പൊടിച്ച് ചേർത്ത് നല്ലതുപോലെ ഇളക്കി വീണ്ടും 15 ദിവസം കൂടി തണലത്തു വയ്ക്കുക. 30 ദിവസം കഴിഞ്ഞ് കലക്കി 100 മില്ലിഗ്രാമിന് മൂന്നര ലിറ്റർ വെള്ളം ചേർത്ത് കലക്കി അരിച്ചെടുത്ത് ചെടികളിൽ മൊട്ടിടുന്ന സമയത്ത് സ്പ്രേ ചെയ്യുക. ഇത് 10 ദിവസത്തിലൊരിക്കൽ ചെയ്യാവുന്നതാണ്.

ജൈവകീടനാശിനി

100 ഗ്രാം വെളുത്തുള്ളി തൊലികളഞ്ഞത്, 50 എണ്ണം കാന്താരി മുളക് രണ്ടും കൂടി അരച്ചെടുത്ത് 100 മില്ലി നീം ഓയിൽ ചേർത്ത് കുഴച്ച് അരലിറ്റർ ഗോമൂത്രവും, അരലിറ്റർ കഞ്ഞിവെള്ളവും ചേർത്ത് കലക്കി ഇത് നാലുലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് അരിച്ചെടുത്ത് കീടങ്ങൾക്ക് ഉപയോഗിക്കാം. മുഞ്ഞ, മീലിബെഗ്ഗ് മൈറ്റ്, പുഴു എന്നീ കീടങ്ങൾക്ക് ഒറ്റമൂലിയായി ഉപയോഗിക്കുന്നു.

പർപ്പിൾ പാഷൻ ഫ്രൂട്ട്

പർപ്പിൾ പാഷൻ ഫ്രൂട്ടിന്റെ ജന്മദേശം ബ്രസീലാണ്. ഇളം ചുവപ്പു മുതൽ കടും പർപ്പിൾ വരെ നിറമുള്ളതാണ്. മൗണ്ടൻ സ്വീറ്റ്സ് കപ്പ എന്നു വിളിക്കുന്നു. ഇതിന്റെ ശാസ്ത്ര നാമം "പാസിഫ്ളോറ എഡുലിസ്" എന്നാണ്. ഇവയ്ക്ക് മധുരം കൂടുതലാണ്. ചൂട് കാലാവസ്ഥ യോജിച്ചതാണ്. വിത്തുകൾ മുഖേനയും തണ്ടുവേര് പിടിപ്പിച്ചും തൈകൾ ആക്കാവുന്നതാണ്.

ഇതിന്റെ ജൂസിന് വേതന ശമിപ്പിക്കുവാനും, വിരകളെ അകറ്റുവാനും ഹൃദയനാഡീ രോഗങ്ങളേയും കാൻസറിനേയും ശമിപ്പിക്കുവാനുള്ള കഴിവുണ്ട്. ഉണങ്ങിയ പൂക്കളിട്ട് തിളപ്പിക്കുന്ന വെള്ളം വേദന സംഹാരിയായി ഉപയോഗിക്കുന്നു. ജ്യൂസ് തുടർച്ചയായി കഴിച്ചാൽ ഉറക്കമില്ലായ്മ, മാനസിക സംഘർഷം, ആസ്ത്മ, ചുമ, മൈഗ്രേൻ പോലുള്ള തലവേദനകൾ ദഹനസംബന്ധമായ ക്രമക്കേടുകൾ, ആർത്തവ സംബന്ധമായ പ്രശ്നങ്ങൾ തുടങ്ങിയവ ശമിപ്പിക്കുവാനും സഹായിക്കുന്നു. ജ്യൂസ് മറ്റു പല ജൂസുമായി ചേർത്ത് വിവിധ തരം രുചിയും മണവുമുള്ള പാനീയങ്ങൾ ഉണ്ടാക്കുന്നു. വിവിധ തരം സലാഡുകൾ, സർബത്തുകൾ, ഐസ്ക്രീമുകൾ, ജാമുകൾ, ശീതളപാനീയങ്ങൾ മുതലായവ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. ഇവയിൽ സിട്രിക്ക് ആസിഡും, 15 ശതമാനം പഞ്ചസാരയും, 12 ശതമാനം പ്രോട്ടീനും, 0.7 ശതമാനം കൊഴുപ്പും, ധാരാളം പൊട്ടാസ്യം, വൈറ്റമിൻസും, നിയാസിനും, ഫൈബറും വിവിധതരം ആൽക്കലോയിഡുകളും, ഗ്ലൈക്കോസൈഡുകളും ഫ്ളവിനോയിഡുകളും ഇതിലടങ്ങിയിരിക്കുന്നു. ഇതിലടങ്ങിയിരിക്കുന്ന പ്ലാസ്സിഫോളോറിൽ എന്ന രാസ പദാർത്ഥമാണ് വേദന നിവാരണത്തിനും, ശാരീരിക ഉന്മേഷത്തിനും സഹായിക്കുന്നത്. ഇതിന്റെ ഇല ചായ ഉണ്ടാക്കാനും, വയറിലെ അസുഖത്തിനും, തോട് ആസ്തമയ്ക്കും മുട്ടുവേദനയ്ക്കും ഉപയോഗിക്കുന്നു. മെക്സിക്കോയിൽ മുളക്പൊടിയും നാരങ്ങാ നീരും ചേർത്ത് ജ്യൂസ് ഉണ്ടാക്കുന്നു. ഇസ്രയേലിൽ ഇതിൽനിന്ന് വൈൻ ഉണ്ടാക്കുന്നു. ഇതിന്റെ പൂവ് പരഗ്വയിലെ ദേശീയ പുഷ്പമാണ്. ഇതിന്റെ എല്ലാം സാന്നിധ്യത്താൽ പാഷൻ ഫ്രൂട്ട്സ് വളരെയധികം ഔഷധ കനിയെന്നും, മധുര കനിയെന്നും ഇതിനെ വിളിക്കാം.

പർപ്പിൾ പാഷൻ ഫ്രൂട്ട് നട്ടുവളർത്തുന്ന രീതി

മണ്ണും മണലും ചാണകപ്പൊടിയും ചേർത്ത് ഇളക്കിയ മിശ്രിതം ചെടിച്ചട്ടിയിലാക്കി വിത്തു പാകണം. 25, 30 ദിവസം ആകുമ്പോൾ തൈ ഇളക്കി നടാൻ പാകമാകും.

ഒരടി നീളം, വീതി ഒരടി താഴ്ച്ചയിൽ കുഴി എടുക്കണം. കുറച്ചു മണ്ണ് എടുത്ത് അത്രയും മണലും അൽപ്പം കുമ്മായവും ചേർത്ത് നല്ലതുപോലെ ഇളക്കിയിടണം. ഇത് 20 ദിവസത്തിൽ കുറയാതെ കിടക്കണം. മണ്ണിലെ അമ്ലത്വം മാറാനാണ് കുമ്മായം ചേർക്കുന്നത്. കുഴിയുടെ അടിഭാഗത്ത് കുറച്ച് ഉണങ്ങിയ ചവറുകൾ ഇടണം. വേപ്പിൻ പിണ്ണാക്ക് പഴം കഞ്ഞിവെള്ളത്തിൽ കുതിർപ്പിച്ച് ചളിപ്പിച്ചതിനുശേഷം കുമ്മായം ഇട്ടു ഇളക്കിയ മണ്ണിൽ ഒഴിച്ച് ആവശ്യത്തിനു ചാണകവും അൽപ്പം ചാരവും ചേർത്ത് നല്ലതുപോലെ ഇളക്കി കുഴിയിലിട്ട് അതിൽ തൈ ഇളക്കി നടണം. നട്ട് മൂന്ന് ദിവസമെങ്കിലും വെയിൽ കൊള്ളാതെ തണൽ കൊടുക്കണം. രണ്ട് മാസമാകുമ്പോൾ ചുവട്ടിൽ മണ്ണിര കമ്പോസ്റ്റോ, കോഴി വളമോ ഇട്ട് വേരിന് ക്ഷതം വരാതെ മണ്ണിളക്കി കൊടുക്കണം. വള്ളി പടർന്നു തുടങ്ങിയാൽ അതിനുള്ള സൗകര്യം ഉണ്ടാക്കി കൊടുക്കണം.

ടെറസ്സിൽ ജി.ഐ. പൈപ്പുകൾ കൊണ്ട് പന്തൽ ഉണ്ടാക്കി അതിൽ പടർത്തിയാൽ കായ്ഫലം കൂടും. വീട്ടിനുള്ളിൽ ചൂട് ഏൽക്കുകയില്ല. പന്തലിൽ ഇരുന്ന് പഠിക്കാം. വിശ്രമിക്കാം. നല്ല ഓക്സിജൻ ശ്വസിച്ച് നമ്മുടെ മാനസിക നില ക്രമീകരിക്കാം. കൂടുതൽ ഔഷധഗുണമുള്ള പർപ്പിൾ പാഷൻ ഫ്രൂട്ട്സ് മക്കളെ വളർത്തുന്നതുപോലെ വളർത്തി അതിന്റെ ഫലം ഭക്ഷിച്ച് നമ്മൾക്ക് സംതൃപ്തരാകാം. ബ്രസീൽ പാഷൻ ഫ്രൂട്ടും, 'ശ്രീ ശുഭ്ര" ഇനത്തിൽപ്പെട്ട കാച്ചിലും ഇന്ത്യയിൽ എല്ലായിടത്തും വ്യാപിപ്പിക്കാനാണ് ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

LIMCA ബുക്ക് ഓഫ് റിക്കോർഡ്സ് ജേതാവാണ് ലേഖകൻ

◆

ജി.കെ.സുനിൽ

കെട്ടിടങ്ങൾക്ക് ആധാർ മാതൃകയിൽ ഇനി പ്രത്യേക തിരിച്ചറിയൽ നമ്പർ (UPIN)

കെട്ടിടങ്ങൾക്ക് സ്ഥിരമായ ഒരു തിരിച്ചറിയൽ നമ്പർ വേണമെന്നുള്ളത് എക്കാലത്തെയും ഒരു പ്രധാന ആവശ്യമായിരുന്നു. നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഓരോ കെട്ടിടത്തിനും നമ്പരുകൾ നൽകുന്നുണ്ടെങ്കിലും മിക്കപ്പോഴും അഞ്ചു വർഷം കൂടുമ്പോൾ വാർഡു വിഭജനം ഉണ്ടാകാറുള്ളതുമൂലം വാർഡ് നമ്പരും കെട്ടിട നമ്പരും മാറി വരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. അങ്ങനെ നോക്കിയാൽ 1993 മുതൽ മൂന്നോ അതിലധികമോ തവണ കെട്ടിട നമ്പരുകൾ മാറിയിട്ടുണ്ട്. നികുതി നിർണ്ണയ രജിസ്റ്ററുകളിൽ ഈ മാറ്റങ്ങൾ ഉടനടി പ്രാബല്യത്തിൽ വരുത്താൻ സാധിക്കാതെ വരുന്നതിനാൽ പലപ്പോഴും ഒരു കെട്ടിടത്തിന് റേഷൻ കാർഡ്, വസ്തു നികുതി നിർണ്ണയ രജിസ്റ്റർ, വോട്ടർ പട്ടിക, തുടങ്ങിയവയിൽ വ്യത്യസ്ത വാർഡ് നമ്പരും കെട്ടിട നമ്പരുമാകും ഉണ്ടാകുക. ഉടമസ്ഥാവകാശ സാക്ഷ്യപത്രത്തിൽ ഒന്നിൽ കൂടുതൽ നമ്പരുകൾ എഴുതി നൽകുന്ന പതിവും കണ്ടു വന്നിരുന്നു.

സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വളരെയേറെ ബുദ്ധിമുട്ടുകൾ ഇതുമൂലം ഉടലെടുത്തിരുന്നു. പലപ്പോഴും സ്വന്തം വീടിന്റെ നമ്പർ ഏതെന്ന് കൃത്യമായി പറയാൻ സാധിക്കാതെ ഓഫീസുകളിലും മറ്റും തപ്പിതടയേണ്ടിവരുന്ന സാധാരണക്കാർക്ക് ഇനി മുതൽ ആധാർ മാതൃകയിൽ ഒരിക്കലും മാറാത്ത സവിശേഷ വസ്തു തിരിച്ചറിയൽ നമ്പരാണ് (UPIN) കെട്ടിടങ്ങൾക്കായി നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഈ രീതിയിലുള്ള UPIN നമ്പരുകൾ ബാംഗ്ലൂർ, കൽക്കട്ട, രാജ്കോട്ട് തുടങ്ങിയ നഗര പ്രദേശങ്ങളിൽ പരീക്ഷണാർത്ഥം മുൻപ് നൽകിയിട്ടുണ്ട്. അവിടെയൊക്കെ നികുതി നിർണ്ണയിക്കാതെ നിലനിന്നിരുന്ന കെട്ടിടങ്ങളെ തിരിച്ചറിയാനും അവക്കെല്ലാം നികുതി നിർണ്ണയിച്ച് നൽകി വരുമാനം വർ

ഡിപ്പിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട് എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

വിവര-സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ഓഫീസ് ഭരണ നിർവഹണത്തിനും പൗരസേവന പ്രദാനത്തിനുമായി നിരവധി ഡിജിറ്റൽ ഡേറ്റാബേസും കമ്പ്യൂട്ടർ അപ്ലികേഷനുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചു കഴിഞ്ഞു. ഈ സാഹചര്യത്തിൽ വസ്തു വകകളുടെ നികുതി നിശ്ചയിക്കലും, അവയുടെ വിവരങ്ങൾ യഥാസമയം മാറ്റങ്ങൾ ഉൾക്കൊണ്ട് സുരക്ഷിതമായി സൂക്ഷിക്കപ്പെടുകയും ചെയ്യുന്നതിന് ആധാരമായി വേണ്ടത് ഓരോ കെട്ടിടത്തെയും പ്രത്യേകമായി തിരിച്ചറിയുന്ന ഒരു എകീകൃത നമ്പർ തന്നെയാണ്. മുപ്പതോ അമ്പതോ വർഷങ്ങൾക്കുശേഷവും ഒരു കെട്ടിടത്തെ കുറിച്ചുള്ള സമ്പൂർണ്ണ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി ഡേറ്റാബേസിൽ സൂക്ഷിക്കാൻ ഈ തിരിച്ചറിയൽ നമ്പർ കൂടിയേ തീരൂ. കെട്ടിടത്തിന് കാലാകാലങ്ങളിൽ ഡീലിമിറ്റേഷൻ പ്രക്രിയമൂലം നൽകപ്പെട്ട നമ്പരുകൾ ഏതൊക്കെയെന്ന് ഈ വിവരശേഖരത്തിൽ രേഖപ്പെടുത്തി വക്കാനുമാകും. (ഇത് പെതുജനങ്ങൾക്ക് പ്രാപ്യമായ രീതിയിൽ വെബ്സൈറ്റിൽ ലഭ്യമാക്കിയാൽ ഏതാവശ്യത്തിനും ഒരു റഫറൻസ് ആയി നിലനിർത്തുകയുമാകാം).

വരുംകാലങ്ങളിൽ UPIN അടിസ്ഥാനമാക്കി ഓരോ കെട്ടിടത്തെയും മാപ്പ് ചെയ്യുമ്പോൾ, ഓരോ കെട്ടിടത്തെയും ഗൂഗിൾ മാപ്പ് തുടങ്ങിയ ആപ്ലിക്കേഷനുകളുമായി സംയോജിപ്പിക്കാനും, ഈ UPIN നമ്പർ മാത്രം ഉപയോഗിച്ച് ഏതു കെട്ടിടത്തിലേക്കും എത്രയും വേഗം എത്തിച്ചേരാവുന്ന മാർഗ്ഗം മാപ്പിലൂടെതന്നെ സംവേദ്യമാകുന്ന രീതിയിൽ രുപപ്പെടുത്താൻ കഴിഞ്ഞാൽ ഫയർ സർവ്വീസ്, ആംബുലൻസ്, പോലീസ് തുടങ്ങിയ സേവനങ്ങൾ ആവശ്യപ്പെടുന്നവർക്ക് ഈ UPIN നമ്പർ മാത്രം SMS ചെയ്തു നൽകിയാൽ മതി. ബന്ധപ്പെട്ട അധികാരി

വരുംകാലങ്ങളിൽ UPIN അടിസ്ഥാനമാക്കി ഓരോ കെട്ടിടത്തെയും മാപ്പ് ചെയ്യുമ്പോൾ, ഓരോ കെട്ടിടത്തെയും ഗൂഗിൾ മാപ്പ് തുടങ്ങിയ ആപ്ലിക്കേഷനുകളുമായി സംയോജിപ്പിക്കാനും, ഈ UPIN നമ്പർ മാത്രം ഉപയോഗിച്ച് ഏതു കെട്ടിടത്തിലേക്കും എത്രയും വേഗം എത്തിച്ചേരാവുന്ന മാർഗ്ഗം മാപ്പിലൂടെതന്നെ സംവേദ്യമാകുന്ന രീതിയിൽ രുപപ്പെടുത്താൻ കഴിഞ്ഞാൽ ഫയർ സർവ്വീസ്, ആംബുലൻസ്, പോലീസ് തുടങ്ങിയ സേവനങ്ങൾ ആവശ്യപ്പെടുന്നവർക്ക് ഈ ഡജകച നമ്പർ മാത്രം ടങട ചെയ്തു നൽകിയാൽ മതി.

കൾക്ക് മാപ്പിൽ നിന്നും എത്തേണ്ട ഏറ്റവും എളുപ്പമുള്ള വഴി തിരിച്ചറിയാനും ഞൊടിയിടയിൽ കണ്ടുപിടിക്കാനും സത്വരനടപടികൾ സ്വീകരിക്കാനും കഴിയും.

UPIN പത്ത് അക്കങ്ങൾ ചേർന്നുള്ള ഒരു ശ്രേണിയാണ്. ആധാർ നമ്പർ പോലെ ഈ UPIN നമ്പരും ഓർത്തിരിക്കാൻ കുറച്ചു ബുദ്ധിമുട്ടായേക്കും എന്നാൽ കെട്ടിട നികുതി ഒടുക്കി ലഭിക്കുന്ന രസീതിലും, ഓരോ കെട്ടിടത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പതിക്കുന്ന നമ്പർ പ്ലേറ്റിലും ഈ നമ്പർ ബാർകോഡ് സഹിതം രേഖപ്പെടുത്തിയിട്ടുണ്ടാകും. വേണമെങ്കിൽ ചെറിയ കാർഡുകളിൽ ഇവ പ്രിന്റ് ചെയ്ത് ഒരു ഉടമസ്ഥാവകാശ രേഖ എന്ന രീതിയിൽ ഉപയോഗിക്കാനും കഴിയും.

വോട്ടർ പട്ടിക റേഷൻ കാർഡ് തുടങ്ങിയ അടിസ്ഥാന രേഖകളിലും UPIN നമ്പർ കൂടി രേഖപ്പെടുത്തിയാൽ പല സേവനങ്ങളും കൂടുതൽ കാര്യക്ഷമമായി നൽകുവാൻ കഴിയും. ഉദാഹരണമായി റേഷൻ കാർഡിൽ പേരു ചേർത്തിരിക്കുന്നവരുടെ വിവരങ്ങൾ അവർ താമസിക്കുന്ന UPIN നമ്പരിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ സജ്ജമാക്കികഴിഞ്ഞാൽ, ഒരു ഗ്രാമപഞ്ചായത്തിലേക്ക് ഒരാഴ്ച വേണ്ട റേഷൻ സാധനങ്ങളുടെ കണക്ക് പഞ്ചായത്തിന് തന്നെ അതിവേഗം കണ്ടുപിടിക്കാനും പൊതുവിതരണ സംവിധാനത്തിൽ ആവശ്യമായ മേൽനോട്ടം വഹിച്ച് ഭക്ഷ്യസുരക്ഷാ നിയമങ്ങൾ കർശനമാക്കി നടപ്പിലാക്കിപ്പിക്കാനും സാധിക്കും. ഒരു വ്യക്തി നിലവിൽ താമസിക്കുന്നിടത്തു നിന്നും മറ്റേതെങ്കിലും സ്ഥലത്തുള്ള വീട്ടിലേക്ക് താൽക്കാലികമായി താമസം മാറ്റിയാലും, ഗ്രാമപഞ്ചായത്തിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ മുൻപ് താമസിച്ചിരുന്ന കെട്ടിടത്തിൽ നിന്നും ഒഴിവാക്കി പുതുതായി താമസിക്കുന്ന കെട്ടിടത്തിന്റെ താമസക്കാരുടെ ലിസ്റ്റിലേക്ക് വളരെ വേഗം ഉൾക്കൊള്ളിക്കാൻ UPIN മാത്രം ആധാരമാക്കി ചെയ്യാൻ സാധിക്കും. അങ്ങനെ ഭക്ഷ്യസുരക്ഷാ കാര്യങ്ങളുടെ മേൽനോട്ടം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എറ്റെടുത്ത് കാര്യക്ഷമമാക്കാം.

കൂടാതെ ഓരോ കെട്ടിടത്തിന്റെയും കൃത്യമായ മേൽവിലാസം ഡേറ്റാബേസിൽ ലഭ്യമാകുന്നമെന്നതിനാൽ പാസ്സ്പോർട്ട് ഓഫീസ്, ഇലക്ട്രിസിറ്റി, വാട്ടർ അതോറിറ്റി തുടങ്ങിയ സേവന ദാതാക്കൾക്കും ഇ-ഡിസ്ട്രിക്റ്റ് ഉപയോഗിച്ചുള്ള ഇ-ഗവർണൻസ് സേവനങ്ങൾ ലഭ്യമാക്കുന്ന വകുപ്പുകൾക്കും ഏത് വ്യക്തിയുടെയും കൃത്യമായ മേൽവിലാസം ഒരു വെബ് സർവീസിലൂടെ പ്രാപ്യമാക്കാൻ UPIN നമ്പർ മാത്രം നൽകിയാൽ മതിയാകും. പിന്നീട് വ്യക്തിയുടെ ആധാർ നമ്പരുമായും, വോട്ടർ പട്ടികയുമായും സംയോജിപ്പിച്ച് അനായാസമായി കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്ന ഒരു ബൃഹത്തായ വിവര ശൃംഖലയായി ഈ പദ്ധതിയെ സർക്കാരിന് മാറ്റാവുന്നതാണ്. ◆

ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങൾ സംവരണം ചെയ്തുകൊണ്ടുള്ള പട്ടിക

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 153-ാം വകുപ്പ് 3 (എ), ബി (i) (ii) ഉപവകുപ്പുകൾ പ്രകാരം സംസ്ഥാനത്തിലെ ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റ് , സ്ഥാനങ്ങളുടെ നിശ്ചിത എണ്ണം വനിതകൾക്കും, പട്ടികജാതി പട്ടിക വർഗ്ഗങ്ങൾക്കും സംവരണം ചെയ്തുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറത്തിറങ്ങി. (സ.ഉ (അച്ചടി) നം. 300/2015/തസ്വഭവ. തിരുവനന്തപുരം തീയതി 26.09.2015). ഇത് പ്രകാരം 2015-ലെ പൊതുതെരെഞ്ഞെടുപ്പിന് ശേഷം നിലവിൽ വരുന്ന ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങൾ സ്ത്രീകൾക്കും, പട്ടികജാതി പട്ടികവർക്ഷ വിഭാഗങ്ങൾക്കും താഴെപ്പറയുംവിധമാണ് സംവരണം ചെയ്തിരിക്കുന്നത്.

ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ	പ്രസിഡന്റ് സ്ഥാനങ്ങളുടെ ആകെ എണ്ണം	പൊതു വിഭാഗം	വനിതാ വിഭാഗം (ജനറൽ)		പട്ടികജാതി സംവരണം			പട്ടിക വർഗ്ഗ സംവരണം		
			ആകെ	പൊതു വിഭാഗം (ജനറൽ)	ആകെ	പട്ടിക ജാതി	പട്ടിക ജാതി വനിത	ആകെ	പട്ടിക വ വർഗ്ഗം	പട്ടിക വർഗ്ഗം വനിത
1	2	3	4	5	6	7	8	9	10	11
ഗ്രാമ പഞ്ചായത്ത്	941	416	471	417	92	46	46	16	8	8
ബ്ലോക്ക് പഞ്ചായത്ത്	152	68	76	67	15	7	8	3	1	1
ജില്ലാ പഞ്ചായത്ത്	14	6	7	7	1	1	-	-	-	-

സംവരണ സ്ഥാനങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 153-ാം വകുപ്പ് (3) -ാം ഉപവകുപ്പ് പ്രകാരം 26.09.2015 -ലെ സ.ഉ(അച്ചടി) നമ്പർ 300/2015/ത.സ്വ.ഭ.വ-ാം നമ്പർ ഉത്തരവിലൂടെ 2015 -ലെ ത്രിതല പഞ്ചായത്തുകളിലേയ്ക്കുള്ള പൊതുതെരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേക്കായി, സംസ്ഥാത്തെ 941 ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങളിൽ 417 എണ്ണം സ്ത്രീകൾക്കും 46 എണ്ണം പട്ടികജാതി സ്ത്രീകൾക്കും, 46 എണ്ണം പട്ടികജാതിക്കാർക്കും 8 എണ്ണം പട്ടികവർക്ഷ സ്ത്രീകൾക്കും, 8 എണ്ണം പട്ടികവർക്ഷക്കാർക്കും സർക്കാർ സംവരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം സംവരണം ചെയ്ത ഗ്രാമപഞ്ചായത്തു പ്രസിഡന്റ് സ്ഥാനങ്ങൾ 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് 153-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം 2015-ലെ ത്രിതല പഞ്ചായത്തുകളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിന് സംസ്ഥാനത്തെ വിവിധ ജില്ലകളിലേയ്ക്ക് ചുവടെ നൽകിയിട്ടുള്ള പട്ടികയിൽ പറയും പ്രകാരം വീതിച്ചു നൽകിക്കൊണ്ട് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം ചെയ്തു.

ക്രമ നമ്പർ	ജില്ല	സ്ത്രീ	പട്ടിക ജാതി	പട്ടിക ജാതി സ്ത്രീ	പട്ടിക വർഗ്ഗം	പട്ടിക വർഗ്ഗ സ്ത്രീ	ആകെ
1	തിരുവനന്തപുരം	31	4	5	1	0	41
2	കൊല്ലം	29	5	5	0	0	39
3	പത്തനംതിട്ട	24	2	3	0	0	29
4	ആലപ്പുഴ	32	3	4	0	0	39

5	കോട്ടയം	33	3	2	1	0	39
6	ഇടുക്കി	23	3	2	1	1	30
7	എറണാകുളം	37	4	3	0	0	44
8	തൃശ്ശൂർ	38	5	5	0	0	48
9	പാലക്കാട്	36	6	7	1	1	51
10	മലപ്പുറം	42	5	5	1	0	53
11	കോഴിക്കോട്	32	3	3	0	1	39
12	വയനാട്	9	1	0	2	3	15
13	കണ്ണൂർ	34	1	1	0	1	37
14	കാസറഗോഡ്	17	1	1	1	1	21
ആകെ		**417**	**46**	**46**	**8**	**8**	**552**

കേരള പഞ്ചായത്ത് രാജ് ആക്ട് 153 (4) (ഡി) വകുപ്പ് പ്രകാരം 2015-ലെ പൊതുതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്കായി, താഴെകൊടുത്തിരിക്കുന്ന പട്ടികയിലെ 4-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റ് സ്ഥാനങ്ങൾ അവയ്ക്കു നേരെ പട്ടികയിലെ 5-ാം കോളത്തിൽ കാണിക്കുന്ന പ്രകാരം പട്ടികജാതി സ്ത്രീ, പട്ടികജാതി, പട്ടികവർഗ്ഗ സ്ത്രീ, പട്ടികവർഗ്ഗം, സ്ത്രീ എന്നീ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നു.

ക്രമ നമ്പർ	ജില്ല	ജി. നമ്പർ	ഗ്രാമപഞ്ചായത്തിന്റെ പേര്	സംവരണ വിഭാഗം
1	2	3	4	5
1	തിരുവനന്തപുരം	54	കരവാരം	പട്ടിക ജാതി സ്ത്രീ
2	തിരുവനന്തപുരം	63	ചിറയിൻകീഴ്	പട്ടിക ജാതി സ്ത്രീ
3	തിരുവനന്തപുരം	40	കരകുളം	പട്ടിക ജാതി സ്ത്രീ
4	തിരുവനന്തപുരം	46	മാണിക്കൽ	പട്ടിക ജാതി സ്ത്രീ
5	തിരുവനന്തപുരം	32	കാട്ടാക്കട	പട്ടിക ജാതി സ്ത്രീ
6	കൊല്ലം	53	തൃക്കോവിൽവട്ടം	പട്ടിക ജാതി സ്ത്രീ
7	കൊല്ലം	18	കുളക്കട	പട്ടിക ജാതി സ്ത്രീ
8	കൊല്ലം	49	പന്മന	പട്ടിക ജാതി സ്ത്രീ
9	കൊല്ലം	61	ഇളമാട്	പട്ടിക ജാതി സ്ത്രീ
10	കൊല്ലം	47	ചവറ	പട്ടിക ജാതി സ്ത്രീ
11	പത്തനംതിട്ട	35	കോന്നി	പട്ടിക ജാതി സ്ത്രീ
12	പത്തനംതിട്ട	29	റാന്നി പെരുനാട്	പട്ടിക ജാതി സ്ത്രീ
13	പത്തനംതിട്ട	03	കൊറ്റനാട്	പട്ടിക ജാതി സ്ത്രീ
14	ആലപ്പുഴ	59	ചുനക്കര	പട്ടിക ജാതി സ്ത്രീ
15	ആലപ്പുഴ	70	കൃഷ്ണപുരം	പട്ടിക ജാതി സ്ത്രീ
16	ആലപ്പുഴ	05	തൈക്കാട്ടുശ്ശേരി	പട്ടിക ജാതി സ്ത്രീ
17	ആലപ്പുഴ	14	ചേപ്പാട്	പട്ടിക ജാതി സ്ത്രീ
18	കോട്ടയം	09	മുളക്കുളം	പട്ടിക ജാതി സ്ത്രീ
19	കോട്ടയം	01	തലയാഴം	പട്ടിക ജാതി സ്ത്രീ

20	ഇടുക്കി	08	കാന്തല്ലൂർ	പട്ടിക ജാതി സ്ത്രീ
21	ഇടുക്കി	51	പീരുമേട്	പട്ടിക ജാതി സ്ത്രീ
22	എറണാകുളം	02	കോട്ടുവള്ളി	പട്ടിക ജാതി സ്ത്രീ
23	എറണാകുളം	24	വെങ്ങോല	പട്ടിക ജാതി സ്ത്രീ
24	എറണാകുളം	21	രായമംഗലം	പട്ടിക ജാതി സ്ത്രീ
25	തൃശ്ശൂർ	30	പുത്തൂർ	പട്ടിക ജാതി സ്ത്രീ
26	തൃശ്ശൂർ	78	ആളൂർ	പട്ടിക ജാതി സ്ത്രീ
27	തൃശ്ശൂർ	76	വെള്ളാങ്കല്ലൂർ	പട്ടിക ജാതി സ്ത്രീ
28	തൃശ്ശൂർ	56	മണലൂർ	പട്ടിക ജാതി സ്ത്രീ
29	തൃശ്ശൂർ	29	പാണഞ്ചേരി	പട്ടിക ജാതി സ്ത്രീ
30	പാലക്കാട്	04	നാഗലശ്ശേരി	പട്ടിക ജാതി സ്ത്രീ
31	പാലക്കാട്	20	വാണിയംകുളം	പട്ടിക ജാതി സ്ത്രീ
32	പാലക്കാട്	51	കുത്തന്നൂർ	പട്ടിക ജാതി സ്ത്രീ
33	പാലക്കാട്	87	കിഴക്കഞ്ചേരി	പട്ടിക ജാതി സ്ത്രീ
34	പാലക്കാട്	43	പിരായിരി	പട്ടിക ജാതി സ്ത്രീ
35	പാലക്കാട്	03	കപ്പൂർ	പട്ടിക ജാതി സ്ത്രീ
36	പാലക്കാട്	13	തിരുവേഗപ്പുറ	പട്ടിക ജാതി സ്ത്രീ
37	മലപ്പുറം	43	ആലിപ്പറമ്പ്	പട്ടിക ജാതി സ്ത്രീ
38	മലപ്പുറം	09	പള്ളിക്കൽ	പട്ടിക ജാതി സ്ത്രീ
39	മലപ്പുറം	95	കാലടി	പട്ടിക ജാതി സ്ത്രീ
40	മലപ്പുറം	76	കണ്ണമംഗലം	പട്ടിക ജാതി സ്ത്രീ
41	മലപ്പുറം	08	ചെറുകാവ്	പട്ടിക ജാതി സ്ത്രീ
42	കോഴിക്കോട്	61	കട്ടിപ്പാറ	പട്ടിക ജാതി സ്ത്രീ
43	കോഴിക്കോട്	36	നടുവണ്ണൂർ	പട്ടിക ജാതി സ്ത്രീ
44	കോഴിക്കോട്	51	നരിക്കുനി	പട്ടിക ജാതി സ്ത്രീ
45	കണ്ണൂർ	08	നാറാത്ത്	പട്ടിക ജാതി സ്ത്രീ
46	കാസർഗോഡ്	08	ബെള്ളൂർ	പട്ടിക ജാതി സ്ത്രീ
47	തിരുവനന്തപുരം	66	കടയ്ക്കാവൂർ	പട്ടിക ജാതി
48	തിരുവനന്തപുരം	58	നാവായിക്കുളം	പട്ടിക ജാതി
49	തിരുവനന്തപുരം	53	പുളിമാത്ത്	പട്ടിക ജാതി
50	തിരുവനന്തപുരം	01	പാറശ്ശാല	പട്ടിക ജാതി
51	കൊല്ലം	51	മയ്യനാട്	പട്ടിക ജാതി
52	കൊല്ലം	41	പെരിനാട്	പട്ടിക ജാതി
53	കൊല്ലം	14	ഉമ്മന്നൂർ	പട്ടിക ജാതി
54	കൊല്ലം	21	തലവൂർ	പട്ടിക ജാതി

55	കൊല്ലം	06	തൊടിയൂർ	പട്ടിക ജാതി
56	പത്തനംതിട്ട	51	കലഞ്ഞൂർ	പട്ടിക ജാതി
57	പത്തനംതിട്ട	50	കടമ്പനാട്	പട്ടിക ജാതി
58	ആലപ്പുഴ	62	ഭരണിക്കാവ്	പട്ടിക ജാതി
59	ആലപ്പുഴ	64	വള്ളിക്കുന്നം	പട്ടിക ജാതി
60	ആലപ്പുഴ	46	വെണ്മണി	പട്ടിക ജാതി
61	കോട്ടയം	66	മുണ്ടക്കയം	പട്ടിക ജാതി
62	കോട്ടയം	11	തലയോലപ്പറമ്പ്	പട്ടിക ജാതി
63	കോട്ടയം	70	പനച്ചിക്കാട്	പട്ടിക ജാതി
64	ഇടുക്കി	19	നെടുങ്കണ്ടം	പട്ടിക ജാതി
65	ഇടുക്കി	04	വെള്ളത്തൂവൽ	പട്ടിക ജാതി
66	ഇടുക്കി	50	കൊക്കയാർ	പട്ടിക ജാതി
67	എറണാകുളം	33	എളങ്കുന്നപ്പുഴ	പട്ടിക ജാതി
68	എറണാകുളം	22	കൂവപ്പടി	പട്ടിക ജാതി
69	എറണാകുളം	37	പള്ളിപ്പുറം	പട്ടിക ജാതി
70	എറണാകുളം	52	ഐക്കരനാട്	പട്ടിക ജാതി
71	തൃശ്ശൂർ	21	ചേലക്കര	പട്ടിക ജാതി
72	തൃശ്ശൂർ	64	മറ്റത്തൂർ	പട്ടിക ജാതി
73	തൃശ്ശൂർ	59	ചേർപ്പ്	പട്ടിക ജാതി
74	തൃശ്ശൂർ	12	കടങ്ങോട്	പട്ടിക ജാതി
75	തൃശ്ശൂർ	81	മാള	പട്ടിക ജാതി
76	പാലക്കാട്	62	എലപ്പുള്ളി	പട്ടിക ജാതി

77	പാലക്കാട്	82	പുതുശ്ശേരി	പട്ടിക ജാതി
78	പാലക്കാട്	65	കൊടുവായൂർ	പട്ടിക ജാതി
79	പാലക്കാട്	16	അമ്പലപ്പാറ	പട്ടിക ജാതി
80	പാലക്കാട്	32	അലനല്ലൂർ	പട്ടിക ജാതി
81	പാലക്കാട്	52	കുഴൽമന്ദം	പട്ടിക ജാതി
82	മലപ്പുറം	20	പാണ്ടിക്കാട്	പട്ടിക ജാതി
83	മലപ്പുറം	50	അങ്ങാടിപ്പുറം	പട്ടിക ജാതി
84	മലപ്പുറം	46	കീഴാറ്റൂർ	പട്ടിക ജാതി
85	മലപ്പുറം	25	തുവ്വൂർ	പട്ടിക ജാതി
86	മലപ്പുറം	84	വള്ളിക്കുന്ന്	പട്ടിക ജാതി
87	കോഴിക്കോട്	38	ഉള്ള്യേരി	പട്ടിക ജാതി
88	കോഴിക്കോട്	58	പുതുപ്പാടി	പട്ടിക ജാതി
89	കോഴിക്കോട്	70	പെരുവയൽ	പട്ടിക ജാതി
90	വയനാട്	09	നെൻമേനി	പട്ടിക ജാതി
91	കണ്ണൂർ	34	ചിറക്കൽ	പട്ടിക ജാതി
92	കാസർഗോഡ്	15	കുമ്പള	പട്ടിക ജാതി
93	ഇടുക്കി	01	അടിമാലി	പട്ടിക വർഗ്ഗം സ്ത്രീ
94	പാലക്കാട്	72	നെല്ലിയാംപതി	പട്ടിക വർഗ്ഗം സ്ത്രീ
95	കോഴിക്കോട്	9	വാണിമേൽ	പട്ടിക വർഗ്ഗം
96	വയനാട്	02	വെള്ളമുണ്ട	പട്ടിക വർഗ്ഗം സ്ത്രീ

97	വയനാട്	05	എടവക	പട്ടിക വർഗ്ഗം സ്ത്രീ
98	വയനാട്	25	മുള്ളൻകൊല്ലി	പട്ടിക വർഗ്ഗം സ്ത്രീ
99	കണ്ണൂർ	18	നടുവിൽ	പട്ടിക വർഗ്ഗം സ്ത്രീ
100	കാസർഗോഡ്	29	ബളാൽ	പട്ടിക വർഗ്ഗം സ്ത്രീ
101	തിരുവനന്തപുരം	49	നന്ദിയോട്	പട്ടിക വർഗ്ഗം
102	കോട്ടയം	34	മേലുകാവ്	പട്ടിക വർഗ്ഗം സ്ത്രീ
103	ഇടുക്കി	14	ഇടമലക്കുടി	പട്ടിക വർഗ്ഗം
104	പാലക്കാട്	60	പെരുമാട്ടി	പട്ടിക വർഗ്ഗം
105	മലപ്പുറം	05	ചുങ്കത്തറ	പട്ടിക വർഗ്ഗം
106	വയനാട്	23	പൂതാടി	പട്ടിക വർഗ്ഗം
107	വയനാട്	06	തവിഞ്ഞാൽ	പട്ടിക വർഗ്ഗം
108	കാസർഗോഡ്	26	കോടോം-ബേളൂർ	പട്ടിക വർഗ്ഗം
109	തിരുവനന്തപുരം	22	പള്ളിച്ചൽ	സ്ത്രീ
110	തിരുവനന്തപുരം	26	കല്ലിയൂർ	സ്ത്രീ
111	തിരുവനന്തപുരം	7	വെള്ളറട	സ്ത്രീ
112	തിരുവനന്തപുരം	65	മുദാക്കൽ	സ്ത്രീ
113	തിരുവനന്തപുരം	20	മാറനല്ലൂർ	സ്ത്രീ
114	തിരുവനന്തപുരം	21	ബാലരാമപുരം	സ്ത്രീ
115	തിരുവനന്തപുരം	19	വെങ്ങാനൂർ	സ്ത്രീ
116	തിരുവനന്തപുരം	41	അരുവിക്കര	സ്ത്രീ
117	തിരുവനന്തപുരം	18	കോട്ടുകാൽ	സ്ത്രീ
118	തിരുവനന്തപുരം	03	കുളത്തൂർ	സ്ത്രീ
119	തിരുവനന്തപുരം	02	കാരോട്	സ്ത്രീ
120	തിരുവനന്തപുരം	52	പാങ്ങോട്	സ്ത്രീ
121	തിരുവനന്തപുരം	31	അഴൂർ	സ്ത്രീ
122	തിരുവനന്തപുരം	50	പെരിങ്ങമല	സ്ത്രീ
123	തിരുവനന്തപുരം	69	ഇടവ	സ്ത്രീ
124	തിരുവനന്തപുരം	15	അതിയന്നൂർ	സ്ത്രീ
125	തിരുവനന്തപുരം	70	ഇലകമൺ	സ്ത്രീ
126	തിരുവനന്തപുരം	35	ആര്യനാട്	സ്ത്രീ
127	തിരുവനന്തപുരം	36	വിതുര	സ്ത്രീ

128	തിരുവനന്തപുരം	39	തൊളിക്കോട്	സ്ത്രീ
129	തിരുവനന്തപുരം	56	പഴയകുന്നുമ്മൽ	സ്ത്രീ
130	തിരുവനന്തപുരം	09	കൊല്ലയിൽ	സ്ത്രീ
131	തിരുവനന്തപുരം	72	മണമ്പൂർ	സ്ത്രീ
132	തിരുവനന്തപുരം	10	പെരുങ്കടവിള	സ്ത്രീ
133	തിരുവനന്തപുരം	48	പുല്ലമ്പാറ	സ്ത്രീ
134	തിരുവനന്തപുരം	59	മടവൂർ	സ്ത്രീ
135	തിരുവനന്തപുരം	57	കിളിമാനൂർ	സ്ത്രീ
136	തിരുവനന്തപുരം	06	പൂവാർ	സ്ത്രീ
137	തിരുവനന്തപുരം	61	അഞ്ചുതെങ്ങ്	സ്ത്രീ
138	തിരുവനന്തപുരം	13	കള്ളിക്കാട്	സ്ത്രീ
139	തിരുവനന്തപുരം	29	ആണ്ടൂർകോണം	സ്ത്രീ
140	കൊല്ലം	65	കല്ലുവാതുക്കൽ	സ്ത്രീ
141	കൊല്ലം	02	കുലശേഖരപുരം	സ്ത്രീ
142	കൊല്ലം	56	ചിതറ	സ്ത്രീ
143	കൊല്ലം	03	തഴവ	സ്ത്രീ
144	കൊല്ലം	13	മൈനാഗപ്പള്ളി	സ്ത്രീ
145	കൊല്ലം	54	കൊറ്റങ്കര	സ്ത്രീ
146	കൊല്ലം	52	ഇളമ്പള്ളൂർ	സ്ത്രീ
147	കൊല്ലം	15	വെട്ടിക്കവല	സ്ത്രീ
148	കൊല്ലം	26	കുളത്തുപ്പുഴ	സ്ത്രീ
149	കൊല്ലം	27	ഏരൂർ	സ്ത്രീ
150	കൊല്ലം	17	മൈലം	സ്ത്രീ
151	കൊല്ലം	22	പിറവന്തൂർ	സ്ത്രീ
152	കൊല്ലം	29	അഞ്ചൽ	സ്ത്രീ
153	കൊല്ലം	34	വെളിയം	സ്ത്രീ
154	കൊല്ലം	19	പവിത്രേശ്വരം	സ്ത്രീ
155	കൊല്ലം	38	നെടുവത്തൂർ	സ്ത്രീ
156	കൊല്ലം	60	വെളിനല്ലൂർ	സ്ത്രീ
157	കൊല്ലം	66	ചാത്തന്നൂർ	സ്ത്രീ
158	കൊല്ലം	10	പോരുവഴി	സ്ത്രീ
159	കൊല്ലം	12	ശൂരനാട് നോർത്ത്	സ്ത്രീ
160	കൊല്ലം	40	പനയം	സ്ത്രീ
161	കൊല്ലം	37	എഴുകോൺ	സ്ത്രീ
162	കൊല്ലം	32	തെന്മല	സ്ത്രീ
163	കൊല്ലം	43	പേരയം	സ്ത്രീ
164	കൊല്ലം	63	കുമ്മിൾ	സ്ത്രീ
165	കൊല്ലം	05	ആലപ്പാട്	സ്ത്രീ
166	കൊല്ലം	24	പട്ടാഴി	സ്ത്രീ
167	കൊല്ലം	08	വെസ്റ്റ് കല്ലട	സ്ത്രീ
168	കൊല്ലം	50	നീണ്ടകര	സ്ത്രീ
169	പത്തനംതിട്ട	53	പള്ളിക്കൽ	സ്ത്രീ
170	പത്തനംതിട്ട	45	ആറന്മുള	സ്ത്രീ
171	പത്തനംതിട്ട	52	കൊടുമൺ	സ്ത്രീ

172	പത്തനംതിട്ട	14	ഇരവിപേരൂർ	സ്ത്രീ
173	പത്തനംതിട്ട	12	പെരിങ്ങര	സ്ത്രീ
174	പത്തനംതിട്ട	34	വെച്ചൂച്ചിറ	സ്ത്രീ
175	പത്തനംതിട്ട	39	വള്ളിക്കോട്	സ്ത്രീ
176	പത്തനംതിട്ട	47	ഏനാദിമംഗലം	സ്ത്രീ
177	പത്തനംതിട്ട	09	കുറ്റൂർ	സ്ത്രീ
178	പത്തനംതിട്ട	20	ചെന്നീർക്കര	സ്ത്രീ
179	പത്തനംതിട്ട	42	പന്തളം തെക്കേക്കര	സ്ത്രീ
180	പത്തനംതിട്ട	19	ഓമല്ലൂർ	സ്ത്രീ
181	പത്തനംതിട്ട	02	കവിയൂർ	സ്ത്രീ
182	പത്തനംതിട്ട	05	കോട്ടാങ്ങൽ	സ്ത്രീ
183	പത്തനംതിട്ട	31	ചിറ്റാർ	സ്ത്രീ
184	പത്തനംതിട്ട	32	സീതത്തോട്	സ്ത്രീ
185	പത്തനംതിട്ട	16	തോട്ടപ്പുഴശ്ശേരി	സ്ത്രീ
186	പത്തനംതിട്ട	18	പുറമറ്റം	സ്ത്രീ
187	പത്തനംതിട്ട	10	നിരണം	സ്ത്രീ
188	പത്തനംതിട്ട	27	റാന്നി	സ്ത്രീ
189	പത്തനംതിട്ട	40	തണ്ണിത്തോട്	സ്ത്രീ
190	പത്തനംതിട്ട	22	ചെറുകോൽ	സ്ത്രീ
191	പത്തനംതിട്ട	23	കോഴഞ്ചേരി	സ്ത്രീ
192	പത്തനംതിട്ട	48	ഏറത്ത്	സ്ത്രീ
193	ആലപ്പുഴ	20	മാരാരിക്കുളം തെക്ക്	സ്ത്രീ
194	ആലപ്പുഴ	06	അരൂർ	സ്ത്രീ
195	ആലപ്പുഴ	67	ചേർത്തല സൗത്ത്	സ്ത്രീ
196	ആലപ്പുഴ	57	തഴക്കര	സ്ത്രീ
197	ആലപ്പുഴ	54	മാവേലിക്കര തെക്കേക്കര	സ്ത്രീ
198	ആലപ്പുഴ	61	പാലമേൽ	സ്ത്രീ
199	ആലപ്പുഴ	18	ആര്യാട്	സ്ത്രീ
200	ആലപ്പുഴ	23	അമ്പലപ്പുഴ വടക്ക്	സ്ത്രീ
201	ആലപ്പുഴ	26	പുറക്കാട്	സ്ത്രീ
202	ആലപ്പുഴ	69	ആറാട്ടുപുഴ	സ്ത്രീ
203	ആലപ്പുഴ	45	മുളക്കുഴ	സ്ത്രീ
204	ആലപ്പുഴ	25	പുന്നപ്ര വടക്ക്	സ്ത്രീ
205	ആലപ്പുഴ	24	പുന്നപ്ര തെക്ക്	സ്ത്രീ
206	ആലപ്പുഴ	63	മാവേലിക്കര താമരക്കുളം	സ്ത്രീ
207	ആലപ്പുഴ	48	തൃക്കുന്നപ്പുഴ	സ്ത്രീ
208	ആലപ്പുഴ	09	കോടംതുരുത്ത്	സ്ത്രീ
209	ആലപ്പുഴ	55	ചെട്ടുകുളങ്ങര	സ്ത്രീ

210	ആലപ്പുഴ	50	കരുവാറ്റ	സ്ത്രീ
211	ആലപ്പുഴ	71	ദേവികുളങ്ങര	സ്ത്രീ
212	ആലപ്പുഴ	07	എഴുപുന്ന	സ്ത്രീ
213	ആലപ്പുഴ	27	എടത്വ	സ്ത്രീ
214	ആലപ്പുഴ	30	തകഴി	സ്ത്രീ
215	ആലപ്പുഴ	28	കൈനകരി	സ്ത്രീ
216	ആലപ്പുഴ	01	അരൂക്കുറ്റി	സ്ത്രീ
217	ആലപ്പുഴ	41	പുലിയൂർ	സ്ത്രീ
218	ആലപ്പുഴ	16	കടക്കരപ്പള്ളി	സ്ത്രീ
219	ആലപ്പുഴ	44	തിരുവൻവണ്ടൂർ	സ്ത്രീ
220	ആലപ്പുഴ	40	ആല	സ്ത്രീ
221	ആലപ്പുഴ	33	കാവാലം	സ്ത്രീ
222	ആലപ്പുഴ	37	രാമങ്കരി	സ്ത്രീ
223	ആലപ്പുഴ	35	നീലംപേരൂർ	സ്ത്രീ
224	ആലപ്പുഴ	52	ചെറുതന	സ്ത്രീ
225	കോട്ടയം	64	കാഞ്ഞിരപ്പള്ളി	സ്ത്രീ
226	കോട്ടയം	17	അതിരമ്പുഴ	സ്ത്രീ
227	കോട്ടയം	56	ചിറക്കടവ്	സ്ത്രീ
228	കോട്ടയം	51	മാടപ്പള്ളി	സ്ത്രീ
229	കോട്ടയം	73	അയർകുന്നം	സ്ത്രീ
230	കോട്ടയം	68	പാറത്തോട്	സ്ത്രീ
231	കോട്ടയം	72	വിജയപുരം	സ്ത്രീ
232	കോട്ടയം	15	തിരുവാർപ്പ്	സ്ത്രീ
233	കോട്ടയം	48	മണർകാട്	സ്ത്രീ
234	കോട്ടയം	60	വാഴൂർ	സ്ത്രീ
235	കോട്ടയം	44	എലിക്കുളം	സ്ത്രീ
236	കോട്ടയം	52	പായിപ്പാട്	സ്ത്രീ
237	കോട്ടയം	12	വെള്ളൂർ	സ്ത്രീ
238	കോട്ടയം	29	കരൂർ	സ്ത്രീ
239	കോട്ടയം	62	മണിമല	സ്ത്രീ
240	കോട്ടയം	49	കിടങ്ങൂർ	സ്ത്രീ
241	കോട്ടയം	02	ചെമ്പ്	സ്ത്രീ
242	കോട്ടയം	42	തിടനാട്	സ്ത്രീ
243	കോട്ടയം	13	നീണ്ടൂർ	സ്ത്രീ
244	കോട്ടയം	21	മരങ്ങാട്ടുപിള്ളി	സ്ത്രീ
245	കോട്ടയം	37	പൂഞ്ഞാർ തെ ക്കേക്കര	സ്ത്രീ
246	കോട്ടയം	59	വെള്ളാവൂർ	സ്ത്രീ

247	കോട്ടയം	05	വെച്ചൂർ	സ്ത്രീ
248	കോട്ടയം	32	മീനച്ചിൽ	സ്ത്രീ
249	കോട്ടയം	33	മുത്തോലി	സ്ത്രീ
250	കോട്ടയം	25	ഉഴവൂർ	സ്ത്രീ
251	കോട്ടയം	65	കൂട്ടിക്കൽ	സ്ത്രീ
252	കോട്ടയം	08	കല്ലറ	സ്ത്രീ
253	കോട്ടയം	50	മീനടം	സ്ത്രീ
254	കോട്ടയം	41	തലപ്പലം	സ്ത്രീ
255	കോട്ടയം	20	കടപ്ലാമറ്റം	സ്ത്രീ
256	കോട്ടയം	23	വെളിയന്നൂർ	സ്ത്രീ
257	കോട്ടയം	35	മൂന്നിലവ്	സ്ത്രീ
258	ഇടുക്കി	53	വണ്ടിപ്പെരിയാർ	സ്ത്രീ
259	ഇടുക്കി	49	കുമളി	സ്ത്രീ
260	ഇടുക്കി	37	വണ്ടൻമേട്	സ്ത്രീ
261	ഇടുക്കി	29	ഇടുക്കി - കഞ്ഞിക്കുഴി	സ്ത്രീ
262	ഇടുക്കി	23	ഉടുമ്പന്നൂർ	സ്ത്രീ
263	ഇടുക്കി	41	ചക്കുപള്ളം	സ്ത്രീ
264	ഇടുക്കി	22	വണ്ണപ്പുറം	സ്ത്രീ
265	ഇടുക്കി	26	വെള്ളിയാമറ്റം	സ്ത്രീ
266	ഇടുക്കി	15	പാമ്പാടുംപാറ	സ്ത്രീ
267	ഇടുക്കി	33	വാഴത്തോപ്പ്	സ്ത്രീ
268	ഇടുക്കി	39	ഇരട്ടയാർ	സ്ത്രീ
269	ഇടുക്കി	05	പള്ളിവാസൽ	സ്ത്രീ
270	ഇടുക്കി	10	ശാന്തൻപാറ	സ്ത്രീ
271	ഇടുക്കി	18	രാജാക്കാട്	സ്ത്രീ
272	ഇടുക്കി	46	മണക്കാട്	സ്ത്രീ
273	ഇടുക്കി	20	ഉടുമ്പൻചോല	സ്ത്രീ
274	ഇടുക്കി	03	ബൈസൺവാലി	സ്ത്രീ
275	ഇടുക്കി	24	കോടികുളം	സ്ത്രീ
276	ഇടുക്കി	45	കരിങ്കുന്നം	സ്ത്രീ
277	ഇടുക്കി	28	കുടയത്തൂർ	സ്ത്രീ
278	ഇടുക്കി	34	മരിയാപുരം	സ്ത്രീ
279	ഇടുക്കി	47	പുറപ്പുഴ	സ്ത്രീ
280	ഇടുക്കി	11	ചിന്നക്കനാൽ	സ്ത്രീ
281	എറണാകുളം	28	എടത്തല	സ്ത്രീ
282	എറണാകുളം	79	പായിപ്ര	സ്ത്രീ
283	എറണാകുളം	08	ആലങ്ങാട്	സ്ത്രീ
284	എറണാകുളം	09	കടുങ്ങല്ലൂർ	സ്ത്രീ
285	എറണാകുളം	55	നെല്ലിക്കുഴി	സ്ത്രീ
286	എറണാകുളം	25	വാഴക്കുളം	സ്ത്രീ
287	എറണാകുളം	39	ചെല്ലാനം	സ്ത്രീ
288	എറണാകുളം	51	മഴുവന്നൂർ	സ്ത്രീ
289	എറണാകുളം	72	നെടുമ്പാശ്ശേരി	സ്ത്രീ
290	എറണാകുളം	73	പാറക്കടവ്	സ്ത്രീ
291	എറണാകുളം	31	ചേരാനല്ലൂർ	സ്ത്രീ
292	എറണാകുളം	57	കവളങ്ങാട്	സ്ത്രീ
293	എറണാകുളം	41	കുമ്പളം	സ്ത്രീ
294	എറണാകുളം	16	കാലടി	സ്ത്രീ
295	എറണാകുളം	46	ആമ്പല്ലൂർ	സ്ത്രീ
296	എറണാകുളം	75	ശ്രീമൂലനഗരം	സ്ത്രീ
297	എറണാകുളം	17	മലയാറ്റൂർ - നീലീശ്വരം	സ്ത്രീ
298	എറണാകുളം	34	ഞാറയ്ക്കൽ	സ്ത്രീ
299	എറണാകുളം	23	ഒക്കൽ	സ്ത്രീ
300	എറണാകുളം	62	കുട്ടമ്പുഴ	സ്ത്രീ
301	എറണാകുളം	44	ചോറ്റാനിക്കര	സ്ത്രീ
302	എറണാകുളം	32	മുളവുകാട്	സ്ത്രീ
303	എറണാകുളം	48	പൂത്തൃക്ക	സ്ത്രീ
304	എറണാകുളം	10	മുക്കന്നൂർ	സ്ത്രീ
305	എറണാകുളം	58	വാരപ്പെട്ടി	സ്ത്രീ
306	എറണാകുളം	45	എടക്കാട്ടുവയൽ	സ്ത്രീ
307	എറണാകുളം	03	ഏഴിക്കര	സ്ത്രീ
308	എറണാകുളം	84	വാളകം	സ്ത്രീ
309	എറണാകുളം	69	പാമ്പാക്കുട	സ്ത്രീ
310	എറണാകുളം	19	മുടക്കുഴ	സ്ത്രീ
311	എറണാകുളം	47	മണീട്	സ്ത്രീ
312	എറണാകുളം	83	മാറാടി	സ്ത്രീ
313	എറണാകുളം	70	രാമമംഗലം	സ്ത്രീ
314	എറണാകുളം	14	അയ്യമ്പുഴ	സ്ത്രീ
315	എറണാകുളം	80	കല്ലൂർക്കാട്	സ്ത്രീ
316	എറണാകുളം	38	കുഴുപ്പിള്ളി	സ്ത്രീ

317	എറണാകുളം	60	പോത്താനിക്കാട്	സ്ത്രീ
318	തൃശ്ശൂർ	52	ഏറിയാട്	സ്ത്രീ
319	തൃശ്ശൂർ	25	പഴയന്നൂർ	സ്ത്രീ
320	തൃശ്ശൂർ	50	എസ്.എൻ.പുരം	സ്ത്രീ
321	തൃശ്ശൂർ	03	പുന്നയൂർ	സ്ത്രീ
322	തൃശ്ശൂർ	08	കടവല്ലൂർ	സ്ത്രീ
323	തൃശ്ശൂർ	84	കോടശ്ശേരി	സ്ത്രീ
324	തൃശ്ശൂർ	85	കൊരട്ടി	സ്ത്രീ
325	തൃശ്ശൂർ	57	അരിമ്പൂർ	സ്ത്രീ
326	തൃശ്ശൂർ	46	എടത്തിരുത്തി	സ്ത്രീ
327	തൃശ്ശൂർ	79	അന്നമനട	സ്ത്രീ
328	തൃശ്ശൂർ	55	ചാഴൂർ	സ്ത്രീ
329	തൃശ്ശൂർ	77	വേളൂക്കര	സ്ത്രീ
330	തൃശ്ശൂർ	15	എരുമപ്പെട്ടി	സ്ത്രീ
331	തൃശ്ശൂർ	72	പറപ്പൂക്കര	സ്ത്രീ
332	തൃശ്ശൂർ	18	തെക്കുംകര	സ്ത്രീ
333	തൃശ്ശൂർ	62	അളഗപ്പനഗർ	സ്ത്രീ
334	തൃശ്ശൂർ	37	എളവള്ളി	സ്ത്രീ
335	തൃശ്ശൂർ	13	വേലൂർ	സ്ത്രീ
336	തൃശ്ശൂർ	71	മുരിയാട്	സ്ത്രീ
337	തൃശ്ശൂർ	05	വടക്കേക്കാട്	സ്ത്രീ
338	തൃശ്ശൂർ	67	തൃക്കൂർ	സ്ത്രീ
339	തൃശ്ശൂർ	43	തളിക്കുളം	സ്ത്രീ
340	തൃശ്ശൂർ	40	വെങ്കിടങ്ങ്	സ്ത്രീ
341	തൃശ്ശൂർ	22	വള്ളത്തോൾ നഗർ	സ്ത്രീ
342	തൃശ്ശൂർ	66	പുതുക്കാട്	സ്ത്രീ
343	തൃശ്ശൂർ	23	കൊണ്ടാഴി	സ്ത്രീ
344	തൃശ്ശൂർ	32	അവണൂർ	സ്ത്രീ
345	തൃശ്ശൂർ	14	ദേശമംഗലം	സ്ത്രീ
346	തൃശ്ശൂർ	65	നെൻമണിക്കര	സ്ത്രീ
347	തൃശ്ശൂർ	58	അവിണിശ്ശേരി	സ്ത്രീ
348	തൃശ്ശൂർ	44	നാട്ടിക	സ്ത്രീ
349	തൃശ്ശൂർ	61	വല്ലച്ചിറ	സ്ത്രീ
350	തൃശ്ശൂർ	34	മുള ംകുന്നത്തുകാവ്	സ്ത്രീ
351	തൃശ്ശൂർ	80	കുഴൂർ	സ്ത്രീ
352	തൃശ്ശൂർ	35	തോളൂർ	സ്ത്രീ
353	തൃശ്ശൂർ	11	പോർക്കുളം	സ്ത്രീ
354	തൃശ്ശൂർ	74	പൂമംഗലം	സ്ത്രീ
355	തൃശ്ശൂർ	88	അതിരപ്പിള്ളി	സ്ത്രീ
356	പാലക്കാട്	66	മുതലമട	സ്ത്രീ
357	പാലക്കാട്	90	വടക്കഞ്ചേരി	സ്ത്രീ
358	പാലക്കാട്	49	പറളി	സ്ത്രീ
359	പാലക്കാട്	80	മരുത റോഡ്	സ്ത്രീ
360	പാലക്കാട്	40	അഗളി	സ്ത്രീ
361	പാലക്കാട്	05	പട്ടിത്തറ	സ്ത്രീ
362	പാലക്കാട്	19	ലെക്കിടി - പേരൂർ	സ്ത്രീ
363	പാലക്കാട്	26	കരിമ്പുഴ	സ്ത്രീ
364	പാലക്കാട്	25	കടമ്പഴിപ്പുറം	സ്ത്രീ
365	പാലക്കാട്	77	വണ്ടാഴി	സ്ത്രീ
366	പാലക്കാട്	08	കൊപ്പം	സ്ത്രീ
367	പാലക്കാട്	85	എരിമയൂർ	സ്ത്രീ
368	പാലക്കാട്	86	കാവശ്ശേരി	സ്ത്രീ
369	പാലക്കാട്	58	കൊഴിഞ്ഞാമ്പാറ	സ്ത്രീ
370	പാലക്കാട്	22	വല്ലപ്പുഴ	സ്ത്രീ
371	പാലക്കാട്	33	കരിമ്പ	സ്ത്രീ
372	പാലക്കാട്	55	തേങ്കുറുശ്ശി	സ്ത്രീ
373	പാലക്കാട്	15	പരുതൂർ	സ്ത്രീ
374	പാലക്കാട്	30	തച്ചനാട്ടുകര	സ്ത്രീ
375	പാലക്കാട്	39	തെങ്കര	സ്ത്രീ
376	പാലക്കാട്	61	വടകരപ്പതി	സ്ത്രീ
377	പാലക്കാട്	70	പട്ടഞ്ചേരി	സ്ത്രീ
378	പാലക്കാട്	18	ചളവറ	സ്ത്രീ
379	പാലക്കാട്	83	കൊടുമ്പ്	സ്ത്രീ
380	പാലക്കാട്	50	കോട്ടായി	സ്ത്രീ
381	പാലക്കാട്	69	പെരുവെമ്പ്	സ്ത്രീ
382	പാലക്കാട്	48	മങ്കര	സ്ത്രീ
383	പാലക്കാട്	38	തച്ചമ്പാറ	സ്ത്രീ
384	പാലക്കാട്	73	എലവഞ്ചേരി	സ്ത്രീ
385	പാലക്കാട്	68	വടവന്നൂർ	സ്ത്രീ
386	പാലക്കാട്	42	ഷോളയൂർ	സ്ത്രീ

387	പാലക്കാട്	63	പൊൽപ്പുള്ളി	സ്ത്രീ
388	പാലക്കാട്	79	മലമ്പുഴ	സ്ത്രീ
389	പാലക്കാട്	45	കോങ്ങാട്	സ്ത്രീ
390	പാലക്കാട്	64	കൊല്ലങ്കോട്	സ്ത്രീ
391	പാലക്കാട്	01	ആനക്കര	സ്ത്രീ
392	മലപ്പുറം	81	മൂന്നിയൂർ	സ്ത്രീ
393	മലപ്പുറം	37	ആനക്കയം	സ്ത്രീ
394	മലപ്പുറം	61	കുറ്റിപ്പുറം	സ്ത്രീ
395	മലപ്പുറം	36	എടവണ്ണ	സ്ത്രീ
396	മലപ്പുറം	72	അബ്ദു റഹി മാൻ നഗർ	സ്ത്രീ
397	മലപ്പുറം	35	പുല്പ്പറ്റ	സ്ത്രീ
398	മലപ്പുറം	41	ഒതുക്കുങ്ങൽ	സ്ത്രീ
399	മലപ്പുറം	12	പുളിക്കൽ	സ്ത്രീ
400	മലപ്പുറം	89	വെട്ടം	സ്ത്രീ
401	മലപ്പുറം	40	പൂക്കോട്ടൂർ	സ്ത്രീ
402	മലപ്പുറം	18	മമ്പാട്	സ്ത്രീ
403	മലപ്പുറം	31	കാവനൂർ	സ്ത്രീ
404	മലപ്പുറം	93	വട്ടംകുളം	സ്ത്രീ
405	മലപ്പുറം	52	കൂട്ടിലങ്ങാടി	സ്ത്രീ
406	മലപ്പുറം	26	അമരമ്പലം	സ്ത്രീ
407	മലപ്പുറം	11	വാഴക്കാട്	സ്ത്രീ
408	മലപ്പുറം	67	ഒഴൂർ	സ്ത്രീ
409	മലപ്പുറം	96	ആലങ്കോട്	സ്ത്രീ
410	മലപ്പുറം	85	പെരുവള്ളൂർ	സ്ത്രീ
411	മലപ്പുറം	87	മംഗലം	സ്ത്രീ
412	മലപ്പുറം	100	വെളിയങ്കോട്	സ്ത്രീ
413	മലപ്പുറം	56	മങ്കട	സ്ത്രീ
414	മലപ്പുറം	23	ചോക്കാട്	സ്ത്രീ
415	മലപ്പുറം	86	പുറത്തൂർ	സ്ത്രീ
416	മലപ്പുറം	82	തേഞ്ഞിപ്പലം	സ്ത്രീ
417	മലപ്പുറം	59	ഇരിമ്പിളിയം	സ്ത്രീ
418	മലപ്പുറം	29	അരീക്കോട്	സ്ത്രീ
419	മലപ്പുറം	68	നിറമരുതൂർ	സ്ത്രീ
420	മലപ്പുറം	19	പോരൂർ	സ്ത്രീ
421	മലപ്പുറം	10	വാഴയൂർ	സ്ത്രീ

422	മലപ്പുറം	77	ഊരകം	സ്ത്രീ
423	മലപ്പുറം	03	എടക്കര	സ്ത്രീ
424	മലപ്പുറം	48	വെട്ടത്തൂർ	സ്ത്രീ
425	മലപ്പുറം	71	പെരുമണ്ണക്ലാരി	സ്ത്രീ
426	മലപ്പുറം	17	തിരുവാലി	സ്ത്രീ
427	മലപ്പുറം	78	എടരിക്കോട്	സ്ത്രീ
428	മലപ്പുറം	45	മേലാറ്റൂർ	സ്ത്രീ
429	മലപ്പുറം	44	ഏലംകുളം	സ്ത്രീ
430	മലപ്പുറം	04	മൂത്തേടം	സ്ത്രീ
431	മലപ്പുറം	28	എടപ്പറ്റ	സ്ത്രീ
432	മലപ്പുറം	55	മക്കരപ്പറമ്പ്	സ്ത്രീ
433	മലപ്പുറം	16	വണ്ടൂർ	സ്ത്രീ
434	കോഴിക്കോട്	75	ഒളവണ്ണ	സ്ത്രീ
435	കോഴിക്കോട്	67	കുന്ദമംഗലം	സ്ത്രീ
436	കോഴിക്കോട്	68	ചാത്തമംഗലം	സ്ത്രീ
437	കോഴിക്കോട്	11	നാദാപുരം	സ്ത്രീ
438	കോഴിക്കോട്	48	ചേളന്നൂർ	സ്ത്രീ
439	കോഴിക്കോട്	21	മണിയൂർ	സ്ത്രീ
440	കോഴിക്കോട്	02	ചേറോട്	സ്ത്രീ
441	കോഴിക്കോട്	59	താമരശ്ശേരി	സ്ത്രീ
442	കോഴിക്കോട്	60	ഓമശ്ശേരി	സ്ത്രീ
443	കോഴിക്കോട്	71	പെരുമണ്ണ	സ്ത്രീ
444	കോഴിക്കോട്	40	പനങ്ങാട്	സ്ത്രീ
445	കോഴിക്കോട്	62	കോടഞ്ചേരി	സ്ത്രീ
446	കോഴിക്കോട്	33	പേരാമ്പ്ര	സ്ത്രീ
447	കോഴിക്കോട്	30	ചങ്ങരോത്ത്	സ്ത്രീ
448	കോഴിക്കോട്	44	മൂടാടി	സ്ത്രീ
449	കോഴിക്കോട്	37	കോട്ടൂർ	സ്ത്രീ
450	കോഴിക്കോട്	04	ഒഞ്ചിയം	സ്ത്രീ
451	കോഴിക്കോട്	65	മാവൂർ	സ്ത്രീ
452	കോഴിക്കോട്	27	മേപ്പയ്യൂർ	സ്ത്രീ
453	കോഴിക്കോട്	19	ആയഞ്ചേരി	സ്ത്രീ
454	കോഴിക്കോട്	18	നരിപ്പറ്റ	സ്ത്രീ
455	കോഴിക്കോട്	14	കായക്കൊടി	സ്ത്രീ
456	കോഴിക്കോട്	49	കാക്കൂർ	സ്ത്രീ

457	കോഴിക്കോട്	15	കാവിലുംപാറ	സ്ത്രീ
458	കോഴിക്കോട്	34	ചക്കിട്ടപ്പാറ	സ്ത്രീ
459	കോഴിക്കോട്	17	മരുതോങ്കര	സ്ത്രീ
460	കോഴിക്കോട്	43	അരിക്കുളം	സ്ത്രീ
461	കോഴിക്കോട്	08	വളയം	സ്ത്രീ
462	കോഴിക്കോട്	54	കൂടരഞ്ഞി	സ്ത്രീ
463	കോഴിക്കോട്	41	കൂരാച്ചുണ്ട്	സ്ത്രീ
464	കോഴിക്കോട്	23	തുറയൂർ	സ്ത്രീ
465	കോഴിക്കോട്	31	കായണ്ണ	സ്ത്രീ
466	വയനാട്	21	പനമരം	സ്ത്രീ
467	വയനാട്	10	അമ്പലവയൽ	സ്ത്രീ
468	വയനാട്	24	പുൽപ്പള്ളി	സ്ത്രീ
469	വയനാട്	11	മീനങ്ങാടി	സ്ത്രീ
470	വയനാട്	03	തിരുനെല്ലി	സ്ത്രീ
471	വയനാട്	17	മൂപ്പൈനാട്	സ്ത്രീ
472	വയനാട്	13	വൈത്തിരി	സ്ത്രീ
473	വയനാട്	18	കോട്ടത്തറ	സ്ത്രീ
474	വയനാട്	15	തരിയോട്	സ്ത്രീ
475	കണ്ണൂർ	38	അഴീക്കോട്	സ്ത്രീ
476	കണ്ണൂർ	49	വേങ്ങാട്	സ്ത്രീ
477	കണ്ണൂർ	45	ചെമ്പിലോട്	സ്ത്രീ
478	കണ്ണൂർ	59	മാങ്ങാട്ടിടം	സ്ത്രീ
479	കണ്ണൂർ	52	പിണറായി	സ്ത്രീ
480	കണ്ണൂർ	32	ഉളിക്കൽ	സ്ത്രീ
481	കണ്ണൂർ	17	ആലക്കോട്	സ്ത്രീ
482	കണ്ണൂർ	67	കതിരൂർ	സ്ത്രീ
483	കണ്ണൂർ	07	കല്ല്യാശ്ശേരി	സ്ത്രീ
484	കണ്ണൂർ	50	ധർമ്മടം	സ്ത്രീ
485	കണ്ണൂർ	20	ചെങ്ങളായി	സ്ത്രീ
486	കണ്ണൂർ	01	ചെറുതാഴം	സ്ത്രീ
487	കണ്ണൂർ	09	ചെറുപുഴ	സ്ത്രീ
488	കണ്ണൂർ	40	കൊളച്ചേരി	സ്ത്രീ
489	കണ്ണൂർ	68	ആറളം	സ്ത്രീ
490	കണ്ണൂർ	11	എരമം - കുറ്റൂർ	സ്ത്രീ
491	കണ്ണൂർ	10	പെരിങ്ങോം - വയക്കര	സ്ത്രീ
492	കണ്ണൂർ	56	ചിറ്റാരിപ്പറമ്പ്	സ്ത്രീ
493	കണ്ണൂർ	54	അഞ്ചരക്കണ്ടി	സ്ത്രീ
494	കണ്ണൂർ	65	പന്ന്യന്നൂർ	സ്ത്രീ
495	കണ്ണൂർ	81	പേരാവൂർ	സ്ത്രീ
496	കണ്ണൂർ	28	പയ്യാവൂർ	സ്ത്രീ
497	കണ്ണൂർ	69	അയ്യൻകുന്ന്	സ്ത്രീ
498	കണ്ണൂർ	31	പടിയൂർ	സ്ത്രീ
499	കണ്ണൂർ	66	മൊകേരി	സ്ത്രീ
500	കണ്ണൂർ	03	ഏഴോം	സ്ത്രീ
501	കണ്ണൂർ	60	കോട്ടയം	സ്ത്രീ
502	കണ്ണൂർ	12	കാങ്കോൽ - ആലപ്പടമ്പ്	സ്ത്രീ
503	കണ്ണൂർ	16	ഉദയഗിരി	സ്ത്രീ
504	കണ്ണൂർ	77	കൊട്ടിയൂർ	സ്ത്രീ
505	കണ്ണൂർ	76	കേളകം	സ്ത്രീ
506	കണ്ണൂർ	75	കണിച്ചാർ	സ്ത്രീ
507	കണ്ണൂർ	37	വളപട്ടണം	സ്ത്രീ
508	കണ്ണൂർ	02	മാടായി	സ്ത്രീ
509	കാസർഗോഡ്	22	പള്ളിക്കര	സ്ത്രീ
510	കാസർഗോഡ്	18	മധുർ	സ്ത്രീ
511	കാസർഗോഡ്	38	തൃക്കരിപ്പൂർ	സ്ത്രീ
512	കാസർഗോഡ്	12	പൈവളിഗെ	സ്ത്രീ
513	കാസർഗോഡ്	24	പുല്ലൂർ-പെരിയ	സ്ത്രീ
514	കാസർഗോഡ്	31	വെസ്റ്റ് എളേരി	സ്ത്രീ
515	കാസർഗോഡ്	30	കീനാനൂർ - കരിന്തളം	സ്ത്രീ
516	കാസർഗോഡ്	14	എൻമകജെ	സ്ത്രീ
517	കാസർഗോഡ്	32	ഈസ്റ്റ് എളേരി	സ്ത്രീ
518	കാസർഗോഡ്	07	കുറ്റിക്കോൽ	സ്ത്രീ
519	കാസർഗോഡ്	33	കയ്യൂർ - ചീമേനി	സ്ത്രീ
520	കാസർഗോഡ്	36	പടന്ന	സ്ത്രീ
521	കാസർഗോഡ്	13	പുത്തിഗെ	സ്ത്രീ
522	കാസർഗോഡ്	03	കാറഡുക്ക	സ്ത്രീ
523	കാസർഗോഡ്	27	കള്ളാർ	സ്ത്രീ
524	കാസർഗോഡ്	01	കുംപഡജെ	സ്ത്രീ
525	കാസർഗോഡ്	20	ചെറുവത്തൂർ	സ്ത്രീ

ഡോ. ബുഷ്റ ബീഗം

തൊഴിലുറപ്പ് പദ്ധതിയുടെ ഒരു പുനരന്വേഷണം

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഭാരത സർക്കാരിന്റെ ഏറ്റവും അഭിമാനാർഹമായ പദ്ധതികളിലൊന്നാണ്. 2005ലാണ് ഈ പദ്ധതി പ്രാബല്യത്തിൽ വന്നത്. ആദ്യഘട്ടത്തിൽ (2006) 200 ഇന്ത്യൻ ജില്ലകളെ ഉൾപ്പെടുത്തി ആരംഭിച്ച പദ്ധതി പിന്നീട് 130 ജില്ലകൾ കൂടിച്ചേർത്ത് വിപുലപ്പെടുത്തി. അങ്ങനെ 2008 ഏപ്രിൽ ഒന്നിന് രാജ്യവ്യാപകമായി ഈ പദ്ധതി നടപ്പിലായി.

മഹാതമാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചരിത്രം നിരീക്ഷിച്ചാൽ 1977-ലെ ഭക്ഷണത്തിനുപകരം തൊഴിൽ (Food for work) പദ്ധതിയിൽ തുടങ്ങി നിരവധി പദ്ധതികളിലൂടെ മാറ്റങ്ങൾക്ക് വിധേയമായി ഒടുവിൽ 100 തൊഴിൽദിനങ്ങൾ ഉറപ്പാക്കുന്ന ഗ്രാമവികസന പദ്ധതിയായി രൂപം പ്രാപിച്ചതായി കാണാം.

പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം ഗ്രാമങ്ങളിലെ 18 വയസ്സിനു മുകളിൽ പ്രായമുള്ളവരിൽ അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ തയ്യാറായവരെ ഉൾപ്പെടുത്തി ഗ്രാമവികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നതാണ്. അതുവഴി ഗ്രാമങ്ങളിലെ ചെറുപ്പക്കാരുടെ വികസന സംഭാവന ഉറപ്പാക്കുകയും ഒപ്പം തൊഴിൽ വഴി സ്വയം പര്യാപ്തരാക്കുകയും മാത്രമല്ല ഭാരതത്തിലെ ഗ്രാമങ്ങളുടെ മുഖഛായ മാറ്റാനും പദ്ധതി വിഭാവന ചെയ്യുന്നു.

ഭരണഘടനാപരമായി സമീപിച്ചാൽ ഒരു ക്ഷേമരാഷ്ട്രത്തിൽ മനുഷ്യവിഭവശേഷി രാഷ്ട്ര നിർമ്മാണത്തിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് അവർക്ക് തൊഴിൽ ഉറപ്പാക്കേണ്ടത് സർക്കാരിന്റെ കടമയാണ്. അതു കൊണ്ടു തന്നെ 100 തൊഴിൽ ദിനങ്ങൾ എങ്കിലും ഒരു വ്യക്തിക്ക് ഉറപ്പുനൽകുന്ന ഈ പദ്ധതി തികച്ചും നവ-ഭാരതത്തിന്റെ കൈയ്യൊപ്പ് പതിഞ്ഞ പദ്ധതിയാണ്.

ഗ്രാമങ്ങളിലെ നിരവധി വികസന പ്രവർത്തനങ്ങൾ ഇന്ന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിലാണ് ആസൂത്രണം ചെയ്തിരിക്കുനനത്. കൃഷി, ഗ്രാമപാതകളുടെ വികസനം-നിർമ്മാണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, പ്രദേശങ്ങളെ കൃഷി തുടങ്ങിയ ഉദ്പ്പാദന പ്രക്രിയയ്ക്ക് അനുഗുണമാക്കൽ തുടങ്ങി ഗ്രാമവികസനത്തിന്റെ സമസ്തപദങ്ങളിലും പദ്ധതി സ്വാധീനം ചെലുത്തുന്നു. ഒപ്പം വേതനത്തിലൂടെ ജനങ്ങൾ സ്വയം പര്യാപ്തതയിലേക്ക് നീങ്ങുന്നു. ഇതിൽ ഏറ്റവും ശ്രദ്ധയർഹിക്കുന്നത് പദ്ധതിയുടെ ഗുണഭോക്താക്കളായ വനിതകളാണ്. സ്വന്തം ഗ്രാമത്തിൽ വികസന പ്രക്രിയകളിൽ പങ്കാളികളായി സാഭിമാനം അവർ സ്വയം പര്യാപതരാകുന്നു. ഏറ്റവും പുതിയ കണക്കു പ്രകാരം 229 രൂപയാണ് ഒരു തൊഴിൽ ദിനത്തിൽ കേരളം നൽകുന്ന വേതനം. ശരാശരി 165 മുതൽ 200 രൂപവരെ ദിവസ വേതനത്തിൽ ഭാരത ഗ്രാമീണർ വിശേഷിപ്പ് ഭാരത സ്ത്രീകൾ ശാക്തീകരിക്കപ്പെട്ട് മുന്നേറുന്നു.

എം.എൻ.ആർ.ഇ, ജി എസും സാമൂഹിക അധിഷ്ഠിത സംഘടനകളും (സി.ബി.ഒ–കമ്മ്യൂണിറ്റി ബേസ്ഡഡ് ഓർഗനൈസേഷൻ)

സാമൂഹിക അധിഷ്ഠിത സം

ഘടനകൾ എന്നാൽ ഒരു സമൂഹത്തിലെ ജനങ്ങളുടെ സാമ്പത്തികമായതും സാമൂഹികമായതുമായ വളർച്ചയെ ലക്ഷ്യമാക്കിക്കൊണ്ടുള്ള അതേ സമൂഹത്തിലെ തന്നെജനങ്ങളുടെ സംഘടനയാണ് ഇത്തരം സംഘടനകൾ സൃഷ്ടിക്കുന്ന മാറ്റങ്ങൾ വളരക്കാലം നിലനിൽക്കുന്നവയാണ് (സസ്സൈറ്റ നബിൾ). ഇങ്ങനെയൊരു ദീർഘ ദൃഷ്ടിയോട് കൂടെയാണ് അജീവിക (എൻ.ആർ.എൽ.എം ന്റെ പദ്ധതി) യുടെ കീഴിൽ കുടുംബശ്രീ മുഖേന പാവപ്പെട്ട സ്ത്രീകളുടെ കൂട്ടായ്മയായ അയൽക്കൂട്ടങ്ങളെ ഒരുമിപ്പിച്ച് കൊണ്ട് വാർഡ് തലത്തിൽ ഏര്യാ ഡെവലപ്മെന്റ് സൊസൈറ്റി എന്നപേരിലും പഞ്ചായത്ത് തലത്തിൽ കമ്മ്യൂണിറ്റി ഡെവലപ് മെന്റ് സൊസൈറ്റി എന്ന പേരിലും സി.ബി.ഒ കളുടെ പ്രവർത്തനം ആരംഭിച്ചത്. പ്രവർത്തനം തുടങ്ങി വളരെ ചുരുങ്ങിയ കാലയളവിൽ തന്നെ ഈ സി.ബി.ഒകൾക്ക് എം.എൻ.ആർ.ഇ.ജി.എസിനോട് ജനങ്ങൾക്കുള്ള ആഭിമുഖ്യം പ്രകടമായ തോതിൽ വളർന്നിട്ടുണ്ട്.

സി.ബി.ഒകളുടെ പ്രവർത്തനങ്ങളിൽ എം.എൻ.ആർ.ഇ.ജി എസിനുവേണ്ടി ജോലികൾ കണ്ടെത്തുക, ഇത്തരം ജോലികളിലേർപ്പെടുന്നവർക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുക മസ്റ്റർ റോളിനനുസരിച്ച് ജോലികൾ ഏറ്റെടുക്കുക തുടങ്ങിയവ പ്രാധാന്യമർഹിക്കുന്നവയാണ്. എം.എൻ.ആർ.ഇ.ജി. എസിന്റെ കാര്യങ്ങൾ ചർച്ചാവിഷയമാകുന്ന പ്രത്യേക ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിനും ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളെപ്പറ്റിയുടെ അവബോധം നൽകുന്നതിനും സി.ബി.ഒകൾ പ്രധാനപങ്കാണ് വഹിക്കുന്നത്.

സോഷ്യൽ ആഡിറ്റിംഗ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്നത് ഓരോ ആറ് മാസം കൂടുമ്പോൾ സോഷ്യൽ ഓഡിറ്റിങ്ങ് നടത്തണമെന്നാണ് കേരള സർവ്വകലാശാല സാമൂഹികശാസ്ത്ര (Sociology) വിദ്യാർത്ഥികൾ ഗവൺമെന്റുമായി സഹകരിച്ച തിരുവനന്തപുരം ജില്ലയിൽ പെരുങ്കടവിള ബ്ലോക്കിലെ വെള്ളറട പഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റിങ് നടത്തിയത്. പത്ത് ദിവസം നീണ്ടു നിന്ന പൈലറ്റ് സോഷ്യൽ ഓഡിറ്റിങ്ങിൽ ജനങ്ങളിലേക്കിറങ്ങി വിവരശേഖരണം നടത്തുകയും ഗ്രാമസഭയിൽ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

ഒരു പൊതുസ്ഥാപനത്തിന്റെ പ്രവർത്തനത്തിലൂടെ അല്ലെങ്കിൽ ഒരു ഗവൺമെന്റ് പദ്ധതിയുടെ നടത്തിപ്പിലൂടെ അതിന്റെ ഉദ്ദേശലക്ഷ്യം കൈവരിക്കാൻ എത്രത്തോളം സാധിച്ചു, അതിലൂടെ ഉണ്ടായ സാമൂഹ്യ നേട്ടം, പ്രസ്തുത സ്ഥാപനത്തിന്റെ അല്ലെങ്കിൽ പദ്ധതിയിലൂടെ സാമൂഹ്യ പ്രശസ്തി എന്താണ് എന്നിവയെപ്പറ്റിയുള്ള ആഴത്തിലുള്ള ജനകീയ അന്വേഷണവും കണക്കെടുപ്പും, പരിശോധനയും വിലയിരുത്തലുമാണ് സോഷ്യൽ ആഡിറ്റ്. ഒറ്റ വാക്കിൽ പറഞ്ഞാൽ ജനങ്ങൾ നേരിട്ടു നടത്തുന്ന ഓഡിറ്റിംങ് പ്രക്രിയ ആണ് സോഷ്യൽ ആഡിറ്റ്. തൊഴിലുറപ്പു പദ്ധതിയിലെ അംഗങ്ങളെയും പഞ്ചായത്തിലെ മറ്റു അംഗങ്ങളെയും ബോധവത്കരിക്കുക എന്ന ചുമതലയും ആഡിറ്റേഴ്സിന് ഉണ്ട്. തൊഴിലുറപ്പു പദ്ധതിയെ ആശ്രയിച്ച് കഴിയുന്ന സ്ത്രീജന വിഭാഗങ്ങൾ, വൃദ്ധജനങ്ങൾ, വികലാംഗർ മുതലായ സാധുജനവിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഈ ആഡിറ്റിങ്ങിലൂടെ ലക്ഷ്യമിട്ടത്. ബാങ്കുകളിലൂടെ ജോലി ചെയ്യുന്നവരുടെ വേതനം അവരു

ടെ തന്നെ അക്കൗണ്ടിൽ എത്തുന്നതിലൂടെയാണ് അഴിമതി വിമുക്തമാകുന്നത്. ഇത്തരത്തിൽ ഒരു സോഷ്യൽ ആഡിറ്റ് നടത്തിയതിലൂടെ കേരളത്തിൽ സോഷ്യൽ ആഡിറ്റിങ്ങിന്റെ പ്രസക്തി വ്യക്തമാക്കുന്നു.

ഈ സോഷ്യൽ ഓഡിറ്റിങ്ങും (സാമൂഹിക കണക്കെടുപ്പും) തിട്ടപ്പെടുത്തലും ആയി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ പരിശോധനയ്ക്കും വിലയിരുത്തലിനും വിധേയമാക്കിയിട്ടുണ്ട്. അതിലാദ്യമായി വിധേയമാക്കിയത് പദ്ധതിയെ സംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങളാണ്. തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചും തൊഴിലുറപ്പ് നിയമങ്ങൾ അനുശാസിക്കുന്ന അവകാശങ്ങളെക്കുറിച്ചും തൊഴിലാളികൾക്ക് എത്രത്തോളം അവബോധം ഉണ്ട് എന്ന പരിശോധനയിൽ, തൊഴിലാളികൾക്ക് പദ്ധതികളെക്കുറിച്ചുള്ള അവബോധം വേണ്ടത്ര ഉള്ളതായി വിലയിരുത്താൻ കഴിഞ്ഞിട്ടില്ല എന്നത് ഇതിന്റെ അവബോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യം വെളിവാക്കുന്നു. മേറ്റുമാർക്ക് (കൂട്ടാളി) പരിശീലനം ആവശ്യാനുസരണം ലഭിച്ചിട്ടില്ല എന്ന് കാണാൻ കഴിഞ്ഞു. അതിനാൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് കൃത്യമായ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പലർക്കും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായെങ്കിലും തൊഴിൽ കാർഡ് (Identity Card) വിതരണം പൂർത്തിയാകുന്നതേ ഉള്ളൂ. തൊഴിൽ ഉപകരണങ്ങൾ തൊഴിലാളികളാണ് കൊണ്ടു വരുന്നത്. എന്നാൽ ആവശ്യമുള്ളപ്പോൾ ഗ്രാമപഞ്ചായത്ത് ഇത് വിവരണം ചെയ്യുന്നതാണ്. തൊഴിലുറപ്പ് നിയമപ്രകാരം മസ്റ്റർ റോൾ പൂർത്തിയായിക്കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ വേതനം നൽകേണ്ടതും ഇല്ലെങ്കിൽ 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതാണെന്ന് നിയമം അനുശാസിക്കുന്നെങ്കിലും പലപ്പോഴും കാലതാമസം നേരിടുന്നുണ്ട്. ഫയലുകളിൽ ഇത്തരം കാര്യങ്ങൾ ക്രമീകരിച്ച് നൽകിയിട്ടുണ്ടെങ്കിലും സമയബന്ധിതമായ അളവ് രേഖപ്പെടുത്തൽ, മസ്റ്റർ റോൾ ഡാറ്റാ എൻട്രി വേജ് ലിസ്റ്റ് തയ്യാറാക്കാൽ എന്നിവയിൽ വരുന്ന കാലതാമസമാണ് ഇതിന് കാരണമായി വിലയിരുത്തുന്നത്. തൊഴിലുറപ്പ് നിയമം അനുസരിച്ച് കുടിവെള്ളം, പ്രഥമശുശ്രൂഷ തുടങ്ങിയ സൗകര്യങ്ങൾ തൊഴിലിടങ്ങളിൽ ചെയ്ത് കൊടുക്കേണ്ടത് മേറ്റിന്റെ ചുമതലയാണ്. പക്ഷേ പലതും നേരത്തെ ഉണ്ടായിരുന്നെങ്കിലും ആവശ്യത്തിന് പണം ലഭിക്കുന്നില്ല എന്ന കാരണത്താൽ ഇപ്പോൾ ലഭ്യമല്ല.

എം.എൻ.ആർ.ഇ.ജി. :– ഇന്ന്

നിരവധി ക്ഷേമപദ്ധതികൾ മുന്നോട്ട് വയ്ക്കുന്നുവെങ്കിലും രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ അവസാന പകുതിയിൽ ഈ പദ്ധതിയ്ക്കായുള്ള നീക്കിവയ്പിൽ വലിയ കുറവ് സംഭവിച്ചു. പലവിധ കാരണങ്ങൾ ഹേതുവായി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇന്ന് ഇത്തരം രാഷ്ട്രീയനയപരമായ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്.

കേന്ദ്രവിഹിതം അനുവദിക്കുന്നതിലെ കാലതാമസം വേതനവിതരണത്തിലും പ്രതിഫലിക്കുന്നു. കൂടാതെ 100 തൊഴിൽദിനങ്ങൾ ഉറപ്പാക്കുന്നതിൽ സംഭവിക്കുന്ന വീഴ്ചകൾ പദ്ധതിയെ പ്രതികൂലമായി ബാധിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ ഉണ്ടാകുന്ന ഏതുതരം വീഴ്ചയും പൊതുവായ ഗ്രാമീണ സാമൂഹികക്രമത്തെയും മറ്റ് ക്ഷേമപദ്ധതികളെയും സ്വാധീനിക്കുന്ന സ്ഥിതിവിശേഷമാണ് ഇന്ന് ഭാരതത്തിൽ. ഇത് ഒരേ സമയം നമ്മുടെ ശക്തിയും ദൗർബല്യവുമാണ്. കാര്യക്ഷമമായ പദ്ധതി നിർവ്വഹണം ഭാരതത്തിന്റെ 21-ാം നൂറ്റാണ്ടിലെ പരമപ്രധാനമായ ആവശ്യമാണ്; അതുറപ്പാക്കേണ്ടത് ഭരണഘടനാപരമായ കർത്തവ്യവും.

100 തൊഴിൽ ദിനങ്ങൾ ഉറപ്പാക്കാനും പദ്ധതിയെ കൂടുതൽ കാര്യക്ഷമമാക്കാനും നവീന ആശയങ്ങൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. പദ്ധതി ലക്ഷ്യം വയ്ക്കുന്ന മേഖലകളെ വിപുലീകരിക്കേണ്ടത് അതിൽ പ്രധാനമായ ഒന്നാണ്. കൂടുതൽ മേഖലകളിലേക്ക് തൊഴിലാളികളെ സഹകരിപ്പിക്കണം. അതിന് 'അവിദഗ്ധ തൊഴിലാളികളിൽ' നിന്നും 'വിദഗ്ധ തൊഴിലാളികളി'ലേയ്ക്ക് നാം പദ്ധതിയിലൂടെ മുന്നേറണം. നവീനാശയങ്ങളും ചിന്താഗതികളുമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമീണ ഭാരതത്തിന്റെ മുഖമായി മാറട്ടെ. ◆

*കേരള സർവ്വകലാശാലയിലെ
സോഷ്യോളജി വിഭാഗം
അസി. പ്രൊഫസറാണ് ലേഖിക*

അജ്മൽ ജെ.

ഒക്ടോബർ രണ്ട് 'ശാസ്ത്രി ജയന്തി'!



ഏതൊരു ഇന്ത്യൻ പൗരനോടും ഒക്ടോബർ രണ്ടിന്റെ പ്രാധാന്യത്തെപ്പറ്റി ചോദിച്ചാൽ യാതൊരു സങ്കോചവും കൂടാതെ മഹാത്മാഗാന്ധിയുടെ ജന്മദിനമാണ് എന്ന് മറുപടി നൽകും. നമ്മുടെ രാഷ്ട്രപിതാവിന്റെ ജന്മദിനം രാജ്യം മുഴുവൻ വിപുലമായ ആഘോഷ പരിപാടികളോടെയാണ് അനുസ്മരിക്കുന്നത്. എന്നാൽ ഭാരത സ്വാതന്ത്ര്യ ചരിത്രത്തിലേയും, സ്വാതന്ത്ര്യാനന്തര ഭാരത ചരിത്രത്തിലേയും ശ്രേഷ്ഠ വ്യക്തിത്വത്തിൽ പ്രധാനിയായ, മുൻ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ലാൽ ബഹദൂർ ശാസ്ത്രിയുടെ കൂടി ജന്മദിനമാകാനുള്ള ഭാഗ്യം ഒക്ടോബർ രണ്ടിന് ലഭിച്ചിട്ടുണ്ട്. നമ്മൾ അറിഞ്ഞോ, അറിയാതെയോ ഈ മഹാന്റെ ജന്മദിനത്തിന് വേണ്ടത്ര പ്രാധാന്യം നൽകി വരുന്നതായി കാണുന്നില്ല.

1904 ഒക്ടോബർ 2-ാം തീയതി ഇന്നത്തെ ഉത്തർപ്രദേശ് സംസ്ഥാനത്തിലെ വാരണാസിയിലാണ് അദ്ദേഹം ജനിച്ചത്. ശാസ്ത്രിയുടെ ഹൈസ്ക്കൂൾ പഠനകാലത്താണ് തന്റെ ഗുരുവായിരുന്ന നിഷ്കവേശ്വർ മിശ്രയിൽ നിന്നും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെക്കുറിച്ചും, ദേശീയതയെപ്പറ്റിയും എല്ലാം അദ്ദേഹം മനസ്സിലാക്കുന്നത്. തന്റെ ഗുരുവിൽനിന്നും പ്രേരണ ഉൾക്കൊണ്ട് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെപ്പറ്റിയും, അതിലെ പ്രമുഖ നേതാവായിരുന്ന ഗാന്ധിജി, തിലക്, ആനീബസന്റ്എന്നിവരെപ്പറ്റിയുമൊക്കെ ശാസ്ത്രി കൂടുതൽ വായിക്കുകയും, മനസ്സിലാക്കുകയും ചെയ്തു. 1921 ൽ ശാസ്ത്രി 10-ാം ക്ലാസിൽ പഠിക്കുമ്പോൾ ഗാന്ധി

ജിയും, മദൻ മോഹൻ മാളവ്യയും ബനാറസിൽ നടത്തിയ യോഗത്തിൽ പങ്കെടുക്കുകയും, ഗാന്ധിജിയുടെ ആഹ്വാനം ഉൾക്കൊണ്ട് സ്കൂൾ പഠനം ഉപേക്ഷിച്ച് നിസ്സഹകരണ പ്രസ്ഥാനത്തിൽ പങ്കാളിയാവുകയും ചെയ്തു. ഇതേ തുടർന്ന് കോൺഗ്രസ് പാർട്ടിയിൽ ചേരുകയും, പൊതുയോഗങ്ങളിലും, മീറ്റിംങ്ങുകളിലും പങ്കെടുത്ത് അറസ്റ്റ് വരിക്കുകയും ചെയ്തു. എന്നാൽ മൈനർ എന്ന പരിഗണന നൽകി അദ്ദേഹത്തെ വിട്ടയയ്ക്കുകയാണ് ഉണ്ടായത്.

ലാൽബഹദൂർ ശാസ്ത്രിയുടെ പിന്നീടുള്ള പ്രവർത്തനങ്ങൾ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ എന്നും ഓർമ്മിക്കപ്പെടുന്ന ഭാഗമാണ്. ഗാന്ധിജിയുടെ വിശ്വസ്ത അനുയായി ആയി മാറിയ അദ്ദേഹം 1930 ൽ ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുത്ത് രണ്ടരവർഷക്കാലം ജയിൽ വാസം അനുഭവിച്ചു. 1942-ലെ ക്വിറ്റ് ഇന്ത്യാസമരത്തിലും ശാസ്ത്രിയുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമായിരുന്നു. ഗാന്ധിജിയെ പോലെ തന്നെ ഇന്ത്യൻ സ്വാതന്ത്ര്യ സമരകാലത്ത് ജവഹർലാൽ നെഹ്റുവിനോടും ശാസ്ത്രി അടുത്ത വ്യക്തിബന്ധം പുലർത്തിയിരുന്നു.

സ്വതന്ത്ര ഇന്ത്യയിൽ 1952 ഏപ്രിൽ മൂന്ന് മുതൽ ഉത്തർപ്രദേശിൽ നിന്നുള്ള രാജ്യസഭാംഗം ആയിരുന്ന അദ്ദേഹം 1952 മെയ് 13 മുതൽ സ്വതന്ത്ര ഇന്ത്യയിൽ റെയിൽവേ, ഗതാഗതവകുപ്പ് മന്ത്രിയായി ചുമതലയേറ്റു. 1956 സെപ്തംബറിൽ മഹ്ബൂബ് നഗറിൽ ഒരു റെയിൽവേ അപകടത്തിൽ 112 പേർ മരിച്ചതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് പ്രധാനമന്ത്രിയായ നെഹ്റുവിന് തന്റെ രാജിക്കത്ത് സമർപ്പിച്ച് ശാസ്ത്രി മാതൃക കാട്ടിയെങ്കിലും നെഹ്റു രാജി സ്വീകരിച്ചില്ല. എന്നാൽ മൂന്നു മാസത്തിനുശേഷം തമിഴ്നാട്ടിലെ അരിയലൂരിൽ ഉണ്ടായ തീവണ്ടി അപകടത്തിൽ 144 പേർ മരിക്കുകയും ഇതിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്ത് ലാൽബഹദൂർ ശാസ്ത്രി തത്സ്ഥാനം രാജിവയ്ക്കുകയുണ്ടായി. അദ്ദേഹത്തിന്റെ രാജിക്കത്ത് സ്വീകരിച്ചുകൊണ്ട് അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പറഞ്ഞ വാക്കുകൾ വളരെ പ്രസക്തമാണ്.

"താൻ ശാസ്ത്രിയുടെ രാജി സ്വീകരിക്കുന്നത് അദ്ദേഹത്തിന് ഈ അപകടത്തിൽ ഏതെങ്കിലും ഉത്തരവാദിത്വം ഉണ്ട് എന്ന കാഴ്ചപ്പാടിലല്ല. മറിച്ച് അദ്ദേഹത്തിന്റെ ഈ പ്രവൃത്തി വരും തലമുറയ്ക്ക് ഒരു മാതൃക ആകട്ടെ എന്നു കരുതിയാണ്."

"താൻ ശാസ്ത്രിയുടെ രാജി സ്വീകരിക്കുന്നത് അദ്ദേഹത്തിന് ഈ അപകടത്തിൽ ഏതെങ്കിലും ഉത്തരവാദിത്വം ഉണ്ട് എന്ന കാഴ്ചപ്പാടിലല്ല. മറിച്ച് അദ്ദേഹത്തിന്റെ ഈ പ്രവൃത്തി വരും തലമുറയ്ക്ക് ഒരു മാതൃക ആകട്ടെ എന്നു കരുതിയാണ്."

കേന്ദ്ര കാബിനറ്റിൽ വിവിധ വകുപ്പുകളിൽ അദ്ദേഹം മന്ത്രിയായിരുന്നു. ട്രാൻസ്പോർട്ട് ആന്റ് കമ്യൂണിക്കേഷൻ, കോമേഴ്സ്, ഇൻഡസ്ട്രി എന്നീ വകുപ്പുകൾ കൈകാര്യം ചെയ്ത അദ്ദേഹം 1961-ൽ അഭ്യന്തരമന്ത്രിയായി ചുമതലയേറ്റു. കെ. സന്താനത്തെ ചെയർമാനായി കൊണ്ടുള്ള കമ്മിറ്റി ഓൺ പ്രിവൻഷൻ ഓഫ് കറപ്ഷൻ രൂപീകരിക്കുന്നതിന്റെ പിന്നിൽ പ്രവർത്തിച്ചത് കേന്ദ്ര ആഭ്യന്തരമന്ത്രി എന്ന നിലയിൽ ലാൽബഹദൂർ ശാസ്ത്രി ആയിരുന്നു. ആസ്സാമിലും, പഞ്ചാബിലും അക്കാലത്ത് നിലനിന്നിരുന്ന "ഭാഷാ അടിസ്ഥാനമാക്കിയുള്ള" സമരങ്ങളെ നേരിടാൻ ശാസ്ത്രി സ്വീകരിച്ച നടപടികൾ 'ശാസ്ത്രി ഫോർമുല' എന്ന നിലയിൽ രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും

സ്വീകാര്യമായിരുന്നു.

1964 ൽ മെയ് 27 ന് ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു അന്തരിച്ചപ്പോൾ ആ സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ടത് ലാൽബഹദൂർ ശാസ്ത്രിയെ ആണ് എന്നുള്ളത് അദ്ദേഹത്തിന്റെ നേതൃത്വപരവും, ഭരണപരവുമായുള്ള കഴിവുകളുടെ അംഗീകാരമാണ്. വളരെക്കാലത്തെ സാമ്രാജ്യത്വ ചൂഷണത്തിന് ശേഷം നമ്മുടെ രാജ്യത്തെ പുരോഗതിയുടെ പാതയിലേക്ക് ആനയിക്കുന്നതിൽ നെഹുറുവിയൻ ആശയങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്. അത്തരം ആശയങ്ങളുടെ ഒരു തുടർച്ച നിലനിർത്തുവാൻ കാര്യശേഷിയുള്ള ഒരു ഭരണ കർത്താവിനെ നമ്മുടെ രാജ്യത്തിന് ആവശ്യമുണ്ടായിരുന്നു. ഈ ഭാരിച്ച ഉച്ചരവാദിത്വം ഏറ്റവും ഫലപ്രദമായ രീതിയിൽ ഏറ്റെടുത്ത് നടത്തുന്നതിന് ലാൽബഹദൂർ ശാസ്ത്രിക്ക് കഴിഞ്ഞിട്ടുണ്ട് എന്ന് അദ്ദേഹത്തിന്റെ ഭരണ കാലഘട്ടത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

നെഹ്റു തുടർന്ന് വന്ന സോഷ്യലിസ്റ്റ് ഇക്കണോമിക് പോളിസീസ് തന്നെയാണ് ശാസ്ത്രിയും പിൻതുടർന്നത്. നെഹ്റുവിനെ പോലെ തന്നെ സെൽട്രൽ പ്ലാനിങ്ങിന് ശാസ്ത്രിയും ഊന്നൽ നൽകി. രാജ്യ പുരോഗതിക്കായി ധവളവിപ്ലവവും, ഹരിതവിപ്ലവവും എന്നിവ ആസൂത്രണം ചെയ്ത് വിജയിപ്പിക്കുന്നതിൽ ശാസ്തിയുടെ പങ്ക് വളരെ വലുതായിരുന്നു. നെഹ്റുവിൽ തുടർന്ന് വന്ന വിദേശനയം തന്നെയാണ് ലാൽബഹദൂർ ശാസ്ത്രിയും പിൻതുടർന്നത്. നെഹ്റുവിനെപ്പോലെ ചേരിചേരാ നയത്തിൽ ശാസ്ത്രി ഇന്ത്യയെ ഉറപ്പിച്ച് നിർത്തി. സോവിയറ്റ് റഷ്യയുമായുള്ള ബന്ധം മെച്ചപ്പെടുത്തിയ ശാസ്ത്രി പാകിസ്ഥാൻ, ചൈന എന്നീ അയൽ രാജ്യങ്ങളുടെ വെല്ലുവിളി നേരിടുന്നതിന് ഇന്ത്യൻ പ്രതിരോധ ബഡ്ജറ്റ് ഉയർത്തി. തന്റെ ഭരണകാലത്തിൽ അദ്ദേഹം നേരിട്ട ഏറ്റവും വലിയ വെല്ലുവിളി 1965-ലെ പാക് അധിനിവേശം ആയിരുന്നു. ഏതാണ് ഈ സമയത്ത് തന്നെ ചൈനയിൽ നിന്നും ഇന്ത്യ വെല്ല് വിളി നേരിട്ടെങ്കിലും പാക് ഭീഷണിയെ ഫലപ്രദമായി ചെറുത്ത് തോൽപ്പിക്കുവാൻ ശാസ്ത്രിയുടെ നേതൃത്വത്തിൽ ഇന്ത്യക്ക് സാധിച്ചു. ഈ സമയത്താണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ "ജയ് ജവാൻ, ജയ് കിസാൻ" എന്ന മുദ്രാവാക്യം ഇന്ത്യൻ ജനതയെ ആകമാനം ആവേശം കൊള്ളിച്ചത്.

ഇങ്ങനെ നെഹ്റുവിന്റെ മരണത്തോടെ ഉണ്ടായ ഒരു വലിയ ശൂന്യതയെ തന്റെ സ്വതസിദ്ധമായ കർത്തവ്യബോധം കൊണ്ടും കർമോത്സുകതകൊണ്ടും പൂർത്തീകരിച്ച ശാസ്ത്രി 1966 ജനുവരി 11ന് താഷ്കന്റ് കരാർ ഒപ്പ് വച്ചതിന് ശേഷം താഷ്ക്കന്റിൽ വെച്ച് തന്നെ ഹൃദയാഘാതം മൂലം അന്തരിച്ചു. രാജ്യം അദ്ദേഹത്തിന് 1966 ൽ മരണാനന്തരമായി ഭാരതരത്ന നൽകി ആദരിച്ചു.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകുകയും, സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഭരണപരമായ മികച്ച നേതൃത്വം പ്രധാനം ചെയ്യുകയും ചെയ്ത വളരെ കുറച്ച് വ്യക്തിത്വങ്ങൾ മാത്രമാണ് നമ്മൾക്കുള്ളത്. ഇതിൽ ലാൽബഹദൂർ ശാസ്ത്രിയുടെ നാമം മുൻനിരയിൽ തന്നെയാണ് എന്ന് നിസ്സംശയം പറയാം. രാജ്യം പലവിധ വെല്ലുവിളികൾ നേരിട്ടിരുന്ന കാലത്ത് മികച്ച നേതൃത്വപാടവത്തോടെ നമ്മെ നയിച്ച ശാസ്ത്രിയുടെ ജന്മദിനം "ശാസ്ത്രി ജയന്തി" എന്ന പേരിൽ ആഘോഷിക്കുന്നത് ആ മഹാന്റെ പ്രവർത്തനങ്ങൾ സ്മരിക്കുന്നതിന് ഓരോ ഭാരതീയനും അവസരം നൽകും എന്നതിൽ സംശയമില്ല. ◆

പഞ്ചായത്ത് ഡയറക്ടറേറ്റിൽ പബ്ലിസിറ്റി ഓഫീസറാണ് ലേഖകൻ



ചാത്തന്നൂർ സുരേഷ്കുമാർ

ഋതുഭേദം

എഴുതിക്കൊണ്ടിരുന്നപ്പോഴാണ്
വസന്തത്തെ കണ്ടുമുട്ടിയത്
വൈശാഖത്തിലപ്പോൾ
പൂക്കളും തുമ്പികളും
ശലഭക്കൂടാരമൊരുക്കിയിരുന്നു
വിഷുവത്തിൽ
കോടമഞ്ഞും തണുപ്പും
മേഞ്ഞുനടന്നു
ആഷാഢം സ്വപ്നപ്പെടുത്തിയ
ദിനസരികളിലേക്ക്
ശ്രാവണമഴ ചില്ലുടഞ്ഞു
ചിതറി വീണു
കാൽപാദങ്ങളിൽ
മുറിവേൽക്കാതെ
പൈൻമരക്കീഴിൽ
തോളോടുതോൾ ചേർന്നു
ശരീരത്തെ വ്യാഖ്യാനപ്പെടുത്തി
ശിശിരം പരസ്പരമുപേക്ഷിക്കാതെ
പറ്റിച്ചേർന്നു നിന്നു
തേയിലപ്പാടത്തെ
അറിയാത്ത വഴികളിലെവിടേയും
ഒറ്റപ്പെട്ടുപോകാതെ
പച്ചിലത്തലപ്പുകളിൽ
സ്നേഹം പരിണാമപ്പെട്ടു
എഴുതി കഴിഞ്ഞപ്പോഴാണ്
വിദൂരയാത്രയിലെ
ഏകയാളാണെന്ന് തിരിച്ചറിഞ്ഞത്
തത്ക്കാൽ ടിക്കറ്റിൽ
എവിടേയുമെത്താത്ത യാത്രയിൽ
ഉപേക്ഷിക്കാനൊന്നുമില്ല
യൗവ്വനത്തിൽ നിന്നും
വാർദ്ധക്യത്തിലേക്ക്
പരിവർത്തനപ്പെട്ട
ഋതുഭേദത്തിന്റെയേതെങ്കിലും
സ്റ്റേഷനിൽ
യാത്രയവസാനിക്കാതിരിക്കില്ല

വാർത്തകളും വിശേഷങ്ങളും

ഇ- ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കി

പതിനഞ്ച് ലക്ഷം രൂപവരെ അടങ്കൽ തുകയുള്ള എം.എൽ.എ ഫണ്ട് ഉപയോഗിച്ച് കൊണ്ടുള്ളതുൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളെയും ഇലക്ട്രോണിക് ടെണ്ടറിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാൻ അനുമതി നൽകി ഉത്തരവായി.

സ.ഉ(പി)നം.431/2015/ധന തീയതി 29.09.2015.

ബി.പി.എൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ബി.ഡി.ഒ മാരെ ചുമതലപ്പെടുത്തി

നിലവിലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത എന്നാൽ പട്ടികയിൽ ഉൾപ്പെടാൻ അർഹതയുള്ള കുടുംബങ്ങളിലെ അംഗങ്ങളക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന വിവിധക്ഷേമ പ്രവർത്തനങ്ങൾ/ആനുകൂല്യങ്ങൾ/ ചികിത്സാ/വിദ്യാഭ്യാസ സംബന്ധമായ ആവശ്യങ്ങൾ എന്നിവണ്ടണ്ടയ്ക്ക് ബി.പി.എൽ സർട്ടിഫിക്കറ്റ് ആവശ്യമായി വരുന്ന സാഹചര്യത്തിൽ അപേക്ഷ വിശദമായി പരിശോധിച്ച് നിലവിലുള്ള അർഹതാമാനദണ്ഡം ഉറപ്പ് വരുത്തി ബി.പി.എൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ബന്ധപ്പെട്ട ബി.ഡി.ഒ മാരെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായി. ഇത്തരത്തിൽ ബി.പി.എൽ സർട്ടിഫിക്കറ്റ് അനുവദിക്കപ്പെട്ട വ്യക്തികളെ/കുടുംബങ്ങളെ സംബന്ധിച്ച വിവരം പ്രത്യേക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്നും ഉത്തരവിൽ വ്യക്തമാക്കുന്നു.

സ.ഉ (കൈ) 309/15/തസ്വഭവ തീയതി: 30.09.2015.

വസ്തുനികുതി കുടിശ്ശിക പിഴപ്പലിശ ഒഴിവാക്കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ കാരണങ്ങളാൽ വസ്തുനികുതി കുടിശ്ശിക വരുത്തിയവർക്ക് ഒറ്റത്തവണയായി 31.03.2016 വരെയുള്ള കുടിശ്ശിക അടച്ചുതീർത്താൽ പിഴപ്പലിശ ഒഴിവാക്കാൻ സർക്കാർ തീരുമാനം. 30.09.2015-ൽ കൂടിയ കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഉത്തരവിറക്കിയത്.

സ.ഉ (സാധാ) നം. 2997/2015/തസ്വഭവ/01.10.2015.

വയോമിത്രം പദ്ധതി- വൃദ്ധജനങ്ങൾക്ക് കട്ടിൽവാങ്ങി നൽകുന്നതിന് അനുമതി

23.09.2015-ൽ നടന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 'വയോമിത്രം' പദ്ധതിയിൽ മാത്രം 75 വയസ്സു കഴിഞ്ഞ പട്ടികജാതി വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ (സാധാ) നം. 2936/2015/തസ്വഭവ 28.09.2015.

ഡ്യൂട്ടിയിലുള്ള സർക്കാർ ജീവനക്കാർ ഐഡന്റിറ്റി കാർഡ് ധരിക്കണം.

സർക്കാർ ജീവനക്കാർ പ്രവൃത്തി സമയങ്ങളിൽ ഐഡന്റിറ്റി കാർഡ് കർശനമായി ധരിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ച് ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ സർക്കുലർ പുറത്തിറങ്ങി. എല്ലാ സർക്കാർ ജീവനക്കാർക്കും ഐഡന്റിറ്റി കാർഡ് ലഭ്യമാണ് എന്നും, ലഭിച്ചിട്ടില്ലാത്ത ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും സർക്കുലർ നിർദ്ദേശിക്കുന്നു.

സ.ഉ (സാധാ) നം. 13671/എ.ആർ13 (2)/15/ഉഭപവ/19.09.2015.

പഞ്ചായത്ത് രാജ് മാഗസിനെപ്പറ്റിയുള്ള വായനക്കാരുടെ വിലയേറിയ അഭിപ്രായവും, നിർദ്ദേശങ്ങളും എഴുതി അറിയിക്കേണ്ടതാണ്. ഇതിൽ നിന്നും തിരഞ്ഞെടുത്തവ മാഗസിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

വിലാസം:
പബ്ലിസിറ്റി ആഫീസർ, പഞ്ചായത്ത് രാജ് മാസിക, പഞ്ചായത്ത് ഡയറക്ടറേറ്റ്
മ്യൂസിയം, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by C.A. Latha IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Orange Printers Pvt. Ltd., Thiruvananthapuram



പഞ്ചായത്ത്‌രാജ്

പരസ്യ നിരക്ക്

	തുക രൂപയിൽ
കവർ (അവസാനപുറം) കളർ	12000/
കവർ (ഉൾവശം) കളർ	10000/
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	8000/
മറ്റു പേജുകൾ (കളർ)	8000/
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	6000/
അര പേജ് (കളർ)	5000/
അര പേജ് (ബ്ലാക്ക് & വൈറ്റ്)	3000/

PANCHAYATRAJ (Monthly) **October 2015**
Annual Subscription ₹120/-, Published on 20th **October 2015**
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/**2015-17**
Licensed to Post without Prepayment No. KL/TV(N) WPP-85/**2015-17**

Printed & Published by C.A. Latha IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: C.A. Latha IAS